# പഞ്ചായത്ത്‌രാജ്

പുസ്തകം 53 ◆ ലക്കം 07
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ഒക്ടോബർ 2013

ഭരണഭാഷ മാതൃഭാഷ




## കേരളം അന്താരാഷ്ട്ര സമ്മേളനത്തിന് വേദിയാകുമ്പോൾ

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം



5 എഡിറ്ററുടെ പേജ്



6 ഗ്രാമയാത്രയുടെ ഫലശ്രുതി
ഡോ. എം.കെ. മുനീർ



8 രാജ്യാന്തര സമ്മേളനത്തിന് കേരളം വേദിയൊരുക്കുമ്പോൾ
ഡോ. പി.പി. ബാലൻ



10 പെൺമയ്ക്ക് കാവലാൾ ആകുക
മനോജ് കെ. പുതിയവിള



15 വിത്തുവണ്ടി
എസ്. ജയകുമാർ




17 പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്



20 ഗ്രാമ പഞ്ചായത്തുകളിലൂടെ
പ:ന്യൂ:സർവ്വീസ്



23 തനത് വരുമാനം കാര്യം വിഷമസ്ഥിതിയിൽ
ജോൺ എസ്. ജയിംസ്






26 മഹാബലി നൽകിയ ഓണ ശുചിത്വ സന്ദേശം
ആർ. വേണുഗോപാൽ



28 *പുസ്തക പരിചയം*
നാട്ടുമൊഴികളുടെ ഗ്രാമീണ വിശുദ്ധി
ഡോ. വള്ളിക്കാവ് മോഹൻദാസ്



30 തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും
ടി. ഷാഹുൽ ഹമീദ്



33 റിയൽ എസ്റ്റേറ്റ് ബിൽ 2013
ഫീച്ചർ



35 കേന്ദ്രാവിഷ്കൃതപദ്ധതികളും പഞ്ചായത്തുകളും: ദേശീയ സെമിനാർ
*റിപ്പോർട്ട്*



39 ടൗൺ ഓഫ് കേരി – ജനകേന്ദ്രീകൃത പ്രാദേശിക ഭരണത്തിനുദാഹരണം
ഡോ. ജെ.ബി. രാജൻ

# വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് ജലനിധി പദ്ധതി ഉദ്ഘാടനം ചെയ്തു



64.54 ചതുരശ്ര കി.മീ.വിസ്തൃതിയുള്ള വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ 9210 കുടുംബങ്ങളിൽ 5966 കുടുംബങ്ങളാണ് ജലക്ഷാമം അനുഭവിക്കുന്നതെന്നാണ് പ്രാഥമിക വിവരശേഖരണത്തിൽ മനസ്സിലായിട്ടുള്ളത്. അതിൽ അതിരൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്ന 3544 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങളാണ് പഞ്ചായത്ത് ജലനിധി പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പുളിഞ്ഞാൽ പദ്ധതിയും, കൂടൽക്കടവ് പ്രദേശത്തുള്ള ടാങ്കും, ഹൗസ് കണക്ഷനും ഏറ്റെടുക്കുന്നതോടൊപ്പം തന്നെ വാരാമ്പറ്റ പുഴയെ അടിസ്ഥാനപ്പെടുത്തിയുള്ള രണ്ട് വലിയ പദ്ധതികളും, നിലവിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചയത്ത് നടപ്പിൽ വരുത്തിയിട്ടുള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും, പ്രാദേശിക പ്രത്യേകതകളനുസരിച്ചുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനങ്ങളും, ഭൂജല പരിപോഷണ പ്രവർത്തനങ്ങളുമാണ് പഞ്ചായത്ത് 3 വർഷ കാലയളവിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രവർത്തനങ്ങൾക്ക് 131575000/- രൂപയാണ് ഏകദേശം കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 124555000/- രൂപ കുടിവെള്ള വിതരണത്തിനും 3000000/- രൂപ സാമൂഹ്യ ശചിത്വ പ്രവർത്തനത്തിനും 3000000/-രൂപ ഭൂജല പരിപോഷണ പ്രവർത്തനങ്ങൾക്കും 100000/- രൂപ ബോധവൽക്കരണത്തിനും 620000/- രൂപ ഗ്രാമപഞ്ചായത്ത് ശാക്തീകരണത്തിനും 300000/- രൂപ പരിശീലന പരിപാടികൾക്കുമായി വേണ്ടി വരുമെന്ന് ഏകദേശം കണക്കാക്കുന്നു. ആകെ തുകയായ 131575000/- രൂപയുടെ 15 ശതമാനമായ 19883250/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായും 10240000/- രൂപ ഗുണഭോക്തൃ വിഹിതമായും വേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്നു. പദ്ധതിയുടെ സഹായ സംഘടനയായി പ്ലാനറ്റ് കേരള പ്രവർത്തിക്കുന്നു. പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചു കഴിഞ്ഞു. ഗ്രാമസഭാ യോഗങ്ങൾ, കുടിവെള്ള ക്ഷാമ പ്രദേശങ്ങളിലെ ആളുകളുടെ പ്രത്യേക ക്ലസ്റ്റർ യോഗങ്ങൾ, ഊരുകൂട്ട യോഗങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, പ്രാഥമിക വിവര ശേഖരണം, പങ്കാളിത്ത പഠനം, പദ്ധതി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞു.



പദ്ധതി പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 2013 ഒക്ടോബർ 1 ന് വെള്ളമുണ്ട ഗവ.യുപി സ്ക്കൂളിൽ വെച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എ.ആലിഹാജിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.എം.കെ മുനീർ നിർവ്വഹിച്ചു. പരിപാടിയിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ. മമ്മൂട്ടി സ്വാഗതവും പഞ്ചയാത്ത് സെക്രട്ടറി എം.ആർ പ്രഭാകരൻ നന്ദിയും പറഞ്ഞു. ജലനിധി റീജിയണൽ ഓഫീസിലെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് മാനേജർ ജോർജ്ജ് മാത്യു പദ്ധതി വിശദീകരണവും പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.മുഹമ്മദ് പഞ്ചായത്ത് റിപ്പോർട്ടിംഗും, ജലനിധി ടീം ലീഡർ എം.വി. മഹേഷ് ജലനിധി പദ്ധതി പ്രവർത്തനങ്ങളുടെ റിപ്പോർട്ടിംഗും നടത്തി. ചടങ്ങിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീമ സുരേഷ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആസ്യ മൊയ്തു എന്നിവർ ആശംസകൾ അർപ്പിച്ചു. പദ്ധതി പ്രവർത്തനങ്ങളുടെ ആശയം ജനങ്ങളിൽ എത്തിക്കുന്നതിനും ഉദ്ഘാടനത്തിന്റെ പ്രചരണാർത്ഥവും തുടിതാള കലാവിളംബര ജാഥ ആദിവാസി കലാകാരൻമാരുടെ നേതൃത്വത്തിൽ സെപ്റ്റംബർ 30ന് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പര്യടനം നടത്തുകയും ജലനിധി ആശയം ജനങ്ങളിൽ എത്തിക്കുകയും ചെയ്തു.

## ആലപ്പുഴ ജില്ല - സമ്പൂർണ ഗ്രാമപഞ്ചായത്തുതല പെൻഷൻ ജില്ലയായി മാറുന്നു

ആലപ്പുഴ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും അർഹരായ എല്ലാവർക്കും പെൻഷൻ അനുവദിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി 18.10.2013 വെള്ളിയാഴ്ച പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് എല്ലാ ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാരുടേയും സെക്രട്ടറിമാരുടേയും യോഗം ചേർന്ന് കർമ്മ പദ്ധതിക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചതായി പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർ കെ.പി സാബുകുട്ടൻ നായർ അറിയിച്ചു. ഡിസംബർ 1ന് പഞ്ചായത്തുതല സമ്പൂർണ പെൻഷൻ പ്രഖ്യാപനവും തുടർന്ന് ജില്ലാ തല പ്രഖ്യാപനവും നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ഡിഡിപി പറഞ്ഞു.

*പി.എൻ.എസ്.*

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഒക്ടോബർ 2013
പുസ്തകം 53
ലക്കം 07
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

**ജയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

**മിത്ര. റ്റി** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**മിത്ര. റ്റി**, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.




## എഡിറ്റോറിയൽ

എല്ലാ വർഷവും ഒക്ടോബർ രണ്ട് ഗാന്ധി ജയന്തി ദിനമായി നാം ആഘോഷിക്കുന്നു. ഇത്തവണയും ഗാന്ധിജയന്തി ദിനം സമുചിതമായി നാം ആഘോഷിച്ചു. സർക്കാർ സ്ഥാപനങ്ങൾക്കും, വിദ്യാലയങ്ങൾക്കും അവധി ദിനമാണെങ്കിലും ഗാന്ധി സ്മരണ പുതുക്കുന്നതിലും, ശുചീകരണ പ്രവൃത്തികളിലും നാം ഏർപ്പെട്ടു. തുടർന്ന് ഒരാഴ്ചക്കാലം തൃതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ഗ്രാമവികസന വാരമായി നാം ആഘോഷിച്ചു. ഗ്രാമവികസന വാരത്തിൽ വിവധ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടേയും പൊതുസ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ ശുചിത്വ ദിനം സംഘടിപ്പിക്കുന്നതിനും വികസന പരിപാടികളുടെ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനും നാം ശ്രമിച്ചു. പക്ഷെ ഇത്തരം പ്രവൃത്തികളെല്ലാം പലപ്പോഴും വെറും ഔപചാരിക ചടങ്ങുകളായി മാറുന്ന കാഴ്ചകളാണ് നാം കാണുന്നത്. 1869ൽ കരം ചന്ദ് ഗാന്ധിയുടേയും പുത്‌ലീഭായിയുടേയും മകനായി ഗുജറാത്തിലെ പോർബന്തറിൽ ജനിച്ച മോഹൻദാസ് കരംചന്ദ് ഗാന്ധി മഹാത്മാഗാന്ധിയായി മാറിയതു തന്റെ ജീവിതം തന്നെ ഒരു സന്ദേശമാക്കി മാറ്റിയതിലൂടെയാണ്. ഗ്രാമ സ്വരാജ് ഗാന്ധിജിയുടെ സ്വപ്നമായിരുന്നു. ഗാന്ധിയൻ ദർശനത്തിന്റെ കാതൽ ഗ്രാമ സ്വരാജ് തന്നെയാണ്. ഗാന്ധി ജയന്തി ദിനാഘോഷം ലക്ഷ്യമിടേണ്ടത് ഗാന്ധിയൻ ദർശനം പ്രാവർത്തികമാക്കുന്നതിനു വേണ്ടിയായിരിക്കണം.

ഗ്രാമസ്വരാജ് യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടിയാണ് 1992ലെ 73-ാം 74-ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തുരാജ് ആക്ട് ഇന്ത്യയിൽ നിലവിൽ വന്നത്. അത് നമ്മുടെ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയത് 1994ലെ കേരളാ പഞ്ചായത്ത്രാജ് ആക്ട് മുഖേനെയാണ്. ഇതു പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ഓരോന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായി മാറി. ഗ്രാമസഭകൾ പ്രാദേശിക സർക്കാരിന്റെ അഭിവാജ്യഘടകമായി. വികസന രംഗത്തു കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ ഇന്ത്യക്കു മാതൃകയായി.

നമ്മുടെ ഗ്രാമപഞ്ചായത്തുകൾ വികസന കാര്യത്തിലും, സേവനകാര്യത്തിലും വളരെയധികം പുരോഗതി കൈവരിച്ചിട്ടുണ്ട്. സേവനാവകാശനിയമവും, വിവരാവകാശ നിയമവുമെല്ലാം ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വം വർദ്ധിപ്പിച്ചു. ഗ്രാമപഞ്ചായത്തു കാര്യാലയങ്ങൾ അന്താരാഷ്ട്ര ഗുണനിലവാരം പുലർത്തി ISO സർട്ടിഫിക്കറ്റ് നേടികഴിഞ്ഞു. എല്ലാ ഗ്രാമപഞ്ചായത്തുകളും ISO കരസ്ഥമാക്കാൻ ലക്ഷ്യമിട്ടുകഴിഞ്ഞു. ആധുനിക വിവരസാങ്കേതിക വിദ്യയിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കാൻ തുടങ്ങിയിരിക്കുന്നു.

പക്ഷെ ഈ വികസന, വിവര, സേവന വിപ്ലവങ്ങൾക്കിടയിൽ ചില അടിസ്ഥാന കാര്യങ്ങൾ വിസ്മരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇവിടെയാണ് ഗാന്ധിയൻ ദർശനത്തിന്റെ പ്രസക്തി - സ്വാശ്രയ ഗ്രാമപഞ്ചായത്തുകൾ നമ്മുടെ മുഖ്യ അജണ്ടയായി മാറണം. നമുക്ക് ആവശ്യമുള്ള ഭക്ഷ്യവസ്തുക്കളായാലും മറ്റുള്ളവയായാലും പ്രാദേശികമായി നമുക്ക് ഉല്പാദിപ്പിക്കാൻ കഴിയണം. ഇന്നു നാം നേരിടുന്ന പ്രധാന പ്രശ്നം നമ്മുടെ ദൈനം ദിന ആവശ്യങ്ങൾക്കുള്ള ഭക്ഷ്യവസ്തുക്കൾക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്നു എന്നുള്ളതാണ്. ഓരോ ഗ്രാമപഞ്ചായത്തും പ്രാദേശികമായി എന്തെല്ലാം ഉല്പാദിപ്പിക്കാൻ കഴിയും എന്നുള്ളത് മനസ്സിലാക്കി അത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കണം. വിഭവങ്ങൾ ഉണ്ടായിട്ടും ഭക്ഷണത്തിനു മറ്റുള്ളവരെ ആശ്രയിക്കുന്ന ശീലം നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. അതുപോലെ മറ്റൊരു പ്രധാന പ്രശ്നമാണ് മാലിന്യ നിർമ്മാർജ്ജനവും ശുചീകരണവും. ഈ വിഷയത്തിൽ നമുക്ക് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

വർഷകാലത്തു നാം അനുഭവിച്ചത് മറക്കരുത്. വീണ്ടും വർഷക്കാലം വരും എന്നുള്ള ചിന്തയോടുകൂടി ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനവും, ശുചീകരണ പ്രവർത്തികളും ഏറ്റെടുത്ത് നടപ്പിലാക്കണം. ചുരുക്കത്തിൽ ആഭ്യന്തര ഉല്പാദന വർദ്ധനവിനും, ശുചീകരണത്തിനും പ്രത്യേക ശ്രദ്ധനൽകി ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം പൂർണ്ണ അർത്ഥത്തിൽ യാഥാർത്ഥ്യമാക്കാൻ ഓരോ ഗ്രാമ പഞ്ചായത്തും പരിശ്രമിക്കേണ്ടതാണ് അതിനു നമുക്കു കൂട്ടായി പ്രയത്നിക്കാം.

**മിത്ര റ്റി. ഐ.എ.എസ്**
*(പഞ്ചായത്ത് ഡയറക്ടർ)*



# ഗ്രാമയാത്രയുടെ ഫലശ്രുതി



**ഡോ. എം.കെ.മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

ജനാധിപത്യ സംവിധാനത്തിൽ ജനനേതാക്കൾ നടത്തുന്ന യാത്രകൾ നമുക്ക് സുപരിചിതമാണ്. വികസനനേട്ടം ജനങ്ങളിൽ എത്തിക്കുന്നതിനും ജനങ്ങളുടെ പ്രതികരണം നേരിട്ടറിയുന്നതിനും അവരുമായി സമ്പർക്കപ്പെടുന്നതിനും പാർട്ടി ഘടകങ്ങളെ സജീവമാക്കുന്നതിനും സത്യം സത്യമായി അവതരിപ്പിക്കുന്നതിനും നടത്തുന്ന സഞ്ചാരങ്ങൾ ഇവയിൽ ചിലതു മാത്രമാണ്. നാടും നഗരവും ഇളക്കിമറിച്ച് കൊണ്ടുള്ള യാത്രകൾ വാർത്താ പ്രാധാന്യം നേടുന്നു. അവ ചർച്ചാ വിഷയവുമാകുന്നു. ഇത്തരം യാത്രകളുടെ ലക്ഷ്യം ജനങ്ങളെ ബോധവൽക്കരിക്കുക എന്നതാണ്.

എന്നാൽ, ഇവിടെ വിശദീകരിക്കുന്നത് വ്യത്യസ്തമായ മറ്റൊരു യാത്രയെ കുറിച്ചാണ്. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി എന്ന നിലയിൽ കേരളത്തിലെ ഗ്രാമ ഗ്രാമാന്തരങ്ങളിലൂടെ നടത്തിയ ഗ്രാമയാത്ര സാർവത്രിക ചർച്ചാ വിഷയമാവുകയുണ്ടായി. ഈ യാത്രയുടെ ആത്യന്തിക ലക്ഷ്യം ഗ്രാമസഭാ ശാക്തീകരണമാണ്. ഗ്രാമസഭകൾ പഞ്ചായത്ത്‌രാജ് സംവിധാനത്തിന്റെ അടിസ്ഥാനമണല്ലോ. പ്രത്യക്ഷ ജനാധിപത്യത്തിന്റെ സാക്ഷാത്കാരങ്ങളാണ്. ഗ്രാമസഭയിൽ നിന്നും ലോകസഭയിലേക്ക് എന്ന് ഗാന്ധിജി പറഞ്ഞപ്പോൾ അദ്ദേഹം പ്രാധാന്യം നൽകിയത് ഗ്രാമസഭയക്കായിരുന്നു. അത് ജനങ്ങളുടെ സഭ ആയതിനാലാണ്. പൗരസമൂഹത്തിന്റെ ശരിയായ പരിഛേദം എന്ന നിലയിൽ എല്ലാവരും പങ്കെടുക്കുന്ന ഒരു സഭയായി അത് മാറണം. അതുകൊണ്ട് തന്നെ ഗ്രമസഭയെ ശക്തിപ്പെടുത്താനുള്ള ഈ യാത്രയ്ക്ക് ഏറെ പ്രാധാന്യവും പ്രസക്തിയും ഉണ്ട്. യൂനിസെഫും (UNICEF) യു.എൻ. ഡി.പി.യും (UNDP) ഇത് ഒരു മാതൃകാ പരിപാടിയായി വിശേഷിപ്പിച്ചത് അഭിമാനകരമാണ്. കേന്ദ്ര പഞ്ചായത്ത്‌രാജ് മന്ത്രാലയം നടത്തിയ അവലോകനയോഗത്തിൽ ഗ്രാമയാത്രയുടെ വിവിധോദ്ദേശ്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി.

### നിയമസഭാമണ്ഡലം എന്ന ഏകോപനതലം

നിയമസഭാമണ്ഡലാടിസ്ഥാനത്തിലാണ് ഗ്രാമയാത്ര വിഭാവനം ചെയ്ത് നടത്തി വരുന്നത്. അതുകൊണ്ടുതന്നെ നിയമസഭാ സാമാജികന് ഇതിൽ മുഖ്യ പങ്കാണുള്ളത്. ഗ്രാമ പഞ്ചായത്തുകളും നിയമസഭാമണ്ഡലവും തമ്മിലുള്ള ഏകോപനം ഇതിലൂടെ സാധ്യമാവുന്നു. ചർച്ചകളിൽ വികസനത്തിന്റെ കാഴ്ചപ്പാടിൽ തന്നെ വലിയ മാറ്റം വരുന്നു. സ്ഥായിയായതും സ്വയം നിലനിൽക്കുന്നതും ദീർഘവീക്ഷണത്തോടെയുമുള്ള ഒരു വികസന പരിപ്രേക്ഷ്യം ഇവിടെ രൂപപ്പെടുന്നു. എം.എൽ.എ.മാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ആശയ വിനിമയം നടത്താനുള്ള വേദി കൂടി ഗ്രാമയാത്ര പ്രദാനം ചെയ്യുന്നു.

പ്രാദേശിക ഗവൺമെന്റുകളുടെ പ്രശ്നങ്ങളിലേക്ക് എം.എൽ.എ.യുടെയും മന്ത്രിയുടെയും സത്വര ശ്രദ്ധ പതിയുകയും ചെയ്യും. എം.എൽ.എ.മാരെ സംബന്ധിച്ചിടത്തോളം വികസന അപര്യാപ്തതകൾ കണ്ടെത്തുന്നതിനും തങ്ങളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നോ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഫണ്ടിൽ നിന്നോ പരിപാടികൾ ആവിഷ്ക്കരിച്ച് പരിഹരിക്കാനും കഴിയുന്നു. അല്ലെങ്കിൽ നിയോജകമണ്ഡലത്തിന്റെ മൊത്തം വികസനത്തിന് ആവശ്യമായ ബൃഹത്തായ നൂതന പദ്ധതികൾ ആവിഷ്ക്കരിക്കാനും കഴിയുന്നു. ചുരുക്കത്തിൽ എം.എൽ.എ.മാരുടെ പ്രവർത്തനശൈലിയിൽ



തന്നെ മാറ്റം ഉണ്ടാക്കുന്ന ഒരു പ്രത്യേക റോൾ (Role) ആണ് ഇവിടെ രൂപപ്പെടുന്നത്. നിയോജകമണ്ഡലത്തിൽ വരുന്ന പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സമഗ്രത ഉറപ്പ് വരുത്തുവാനും ഈ പുതിയ റോൾ ഉപകരിക്കും. അങ്ങനെ എം.എൽ.എ.മാരും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും തമ്മിൽ നടക്കുന്ന മുഖാമുഖം ഒരു തരത്തിൽ പഞ്ചായത്ത് ശാക്തീകരണത്തിന് സഹായകമാവുന്നു. ഇത് ഗ്രാമയാത്രയുടെ മറ്റൊരു പ്രധാന ലക്ഷ്യമായി മാറുന്നതും ഈ സാഹചര്യത്തിലാണ്.

### ഗ്രാമസഭകളിലെ വൈവിധ്യം

ജനപങ്കാളിത്തത്തിന്റെ അഭാവം ഗ്രാമസഭകളെ ദുർബലമാക്കും. ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ ഗ്രാമസഭയിൽ പ്രതിഫലിക്കാതെവരും. പലപ്പോഴും പൊതുവായ നിർദ്ദേശങ്ങൾ വയ്ക്കുവാൻ ഗ്രാമസഭകൾ നിർബന്ധിതമാവും. ഒരോ വിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങൾ വ്യത്യസ്തമാണ്. പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗവും ആ കൂട്ടത്തിൽ ഉണ്ട്. പൊതു ആവശ്യങ്ങളുടെ സമ്മർദ്ദത്തിൽ പ്രത്യേക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ഇതിന് ഒരു പരിഹാരം എന്ന നിലയിലാണ് ഗ്രാമയാത്രയ്ക്ക് മുന്നോടിയായി കുട്ടികൾ, യുവജനങ്ങൾ, വനിതകൾ, വികലാംഗർ, വയോജനങ്ങൾ എന്നിവർക്കായി പ്രത്യേക ഗ്രാമസഭകൾ ചേരുന്നത്. വിവിധ വിഭാഗങ്ങൾക്ക് അവരുടേതായ പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള വേദി ഗ്രാമയാത്ര പ്രദാനം ചെയ്യുന്നു. വ്യത്യസ്ത ഗ്രാമസഭകൾ എന്ന ആശയം വേറെ എവിടേയും നിലവിലില്ല. അനുകരണീയ മാതൃകയായി ഇതിനെ കേന്ദ്ര പഞ്ചായത്ത്‌രാജ് മന്ത്രാലയം വിശേഷിപ്പിക്കുന്നതും ഈ പശ്ചാത്തലത്തിലാണ്. ഇത്തരം ഗ്രാമസഭകൾ വർഷത്തിൽ ഒന്നെങ്കിലും ചേർന്നിരിക്കണം എന്ന നിബന്ധനക്ക് പുറമേ ഇതിന് നിയമത്തിന്റെ പിൻബലം നൽകാനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

### പ്രശ്ന പരിഹാര വേദി

ജനപ്രതിനിധികൾ ഉദ്യോഗസ്ഥരോടൊപ്പം ജനങ്ങളോട് സംവദിക്കാൻ എത്തുന്ന അവസരമാണ് ഗ്രാമയാത്ര പ്രദാനം ചെയ്യുന്നത്. വകുപ്പ് മന്ത്രിക്ക് തന്നെ നേരിട്ട് ജനങ്ങളിൽ നിന്ന് പരാതി സ്വീകരിച്ച് പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം ഉണ്ടാക്കാനോ നിർദ്ദേശിക്കാനോ കഴിയുന്നു. പഞ്ചായത്തുകളുമായി ആലോചിച്ച് ജനങ്ങൾക്ക് ആശ്വാസം പകരുന്ന തീരുമാനം വരുമ്പോൾ അത് ഹർഷാരവത്തോടെ ജനം സ്വീകരിക്കുന്നതിന് സാക്ഷിയാകാൻ എനിക്ക് കഴിഞ്ഞു. പ്രാദേശിക പ്രശ്നങ്ങൾക്ക് പ്രാദേശികമായി തന്നെ പരിഹാരം എന്ന ഗാന്ധിയൻ ആശയമാണ് ഇവിടെ പ്രാവർത്തികമാകുന്നത്. ഇന്നും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ന്യായപഞ്ചായത്തിന്റെ പ്രവർത്തനം കൂടി ഗ്രാമയാത്രയിലൂടെ സഫലമാവുന്നു.

### പ്രവർത്തന മികവിന് അംഗീകാരം

ഓരോ നാട്ടിലും വിവിധ മേഖലകളിൽ അസാമാന്യ കഴിവുകൾ ഉള്ള വ്യക്തികൾ ജീവിച്ചിരിപ്പുണ്ട്. അത്തരം വ്യക്തികളെ കണ്ടെത്തി പ്രത്യേകമായി ആദരിക്കുക എന്നത് ഗ്രാമയാത്രയുടെ ഭാഗമായി നടക്കുന്നു. ഒരു കാലത്ത് നാടിന്റെ വികസത്തിന് അഹോരാത്രം പ്രർത്തിക്കുകയും പിന്നീട് പല കാരണങ്ങളാൽ വിസ്മൃതരാവുകയും ചെയ്തവരെ കണ്ടെത്തി അംഗീകരിക്കുന്നത് പുതിയ തലമുറയ്ക്ക് പ്രചോദനമായി മാറുന്നു. വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പ്രതിഭകളെ അംഗീകരിക്കുന്ന ചടങ്ങും പ്രധാനപ്പെട്ടതാണ്.

### പൈതൃക സംരക്ഷണം

നാട്ടിലെ പൈതൃക കലാരൂപങ്ങൾ ഉയർത്തിക്കാട്ടിയാണ് ഗ്രാമയാത്ര സമാരംഭിക്കുന്നതു തന്നെ. കൂടാതെ ഗതകാല സ്മരണകൾ ഉയർത്താൻ പാകത്തിലുള്ള പശ്ചാത്തലവും ഒരുക്കുന്നു. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കലകളുടെ പുനരുദ്ധാരണവും ലക്ഷ്യമാണ്. സാംസ്കാരിക സ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ, കായിക ക്ലബ്ബുകൾ തുടങ്ങി വിവിധ സംഘടനകൾ ഇവിടെ സംഗമിക്കുന്നു. നാടൻ പാട്ടുകളും നാടോടി നൃത്തങ്ങളും പരിപാടിക്ക് മാറ്റ് വർദ്ധിപ്പിക്കുന്നു. പഴയ ശേഷിപ്പുകളിൽ നിന്ന് ജനം ആവേശം ഉൾക്കൊള്ളുന്നു. അന്യം നിന്നുപോയ ഭക്ഷണ സമ്പ്രദായവും കൃഷി രീതികളും ഇവിടെ പുനർജ്ജനിക്കുന്നു. അങ്ങനെ ഗ്രാമയാത്ര ഒരു ഉയർത്തെഴുന്നേല്പിന് വഴിയൊരുക്കുന്നു.

### ജനകീയ കൂട്ടായ്മ

ജനപങ്കാളിത്തം അധികാരവികേന്ദ്രീകരണത്തിന്റെ അനുപേക്ഷണീയ ഘടകമാണല്ലോ. ഓരോ ഘട്ടത്തിലും അത് ഉറപ്പുവരുത്താനുള്ള സംവിധാനങ്ങളുണ്ട്. ഗ്രാമയാത്രയുടെ മുന്നൊരുക്കങ്ങൾ ശ്രദ്ധേയമാണ്. അത് വിവിധ കമ്മിറ്റികളുടെ രൂപീകരണം മുതൽ തുടങ്ങുന്നു. വിവിധ രാഷ്ട്രീയ കക്ഷികളുടെ കൂട്ടായ്മ ഇതിലൂടെ രൂപപ്പെടുന്നു. ഗ്രാമയാത്ര എങ്ങനെ ഗ്രാമത്തിന്റെ ഉത്സവമാക്കി മാറ്റാം എന്നാണ് അവർ ആലോചിക്കുന്നത്. വ്യത്യസ്ത രാഷ്ട്രീയ കക്ഷികൾ വികസനത്തിനായി ഒന്നിക്കുന്ന സ്ഥിതി വിശേഷം അങ്ങനെ രൂപപ്പെടുന്നു. ഉത്സവച്ഛായയിൽ ഗ്രാമയാത്ര നടക്കുന്നതിനുള്ള കാരണവും ഇതു തന്നെ.

### പരിസ്ഥിതി സംരക്ഷണം

പരിസ്ഥിതിക്ക് അനുസൃതമായ വികസനമാണ് ഗ്രാമയാത്ര നൽകുന്ന മറ്റൊരു സന്ദേശം. യാത്രയിലുടനീളം ഇത് പ്രകടമാണ്. പ്രകൃതിരമണീയമായ സ്ഥലത്താണ് സമ്മേളനം നടക്കുന്നത്. ഗ്രാമയാത്രയുടെ ഭാഗമായി ഗ്രാമസഭ ചേരുന്നത് പുഴയോരത്തോ, ആൽത്തറയിലോ, മലഞ്ചരിവുകളിലോ ആണ്. കാടും കാറ്റാടിയും അവിടെ ഉണ്ടാവാം. പ്രകൃതിയെ ഹനിക്കാതെയാണ് വേദി ഒരുക്കുന്നത്. അങ്ങനെ ഗ്രാമയാത്ര പ്രകൃതിയുടെ ഭാഗമാകുന്നു. പരിസ്ഥിതിയും വികസനവും ഒത്തുചേരുന്ന അവസ്ഥ സംജാതമാകുന്നു.

### സമഭാവനയും സമത്വവും

എല്ലാ ജനവിഭാഗങ്ങളുടെയും പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാണ് ഗ്രാമയാത്ര. ഇവിടെ കക്ഷിരാഷ്ട്രീയം ഇല്ല. വിഭാഗീയ ചിന്താഗതിയും ഇല്ല. സമാധാനപരമായ സഹവർത്തിത്വത്തിന് അത് വേദിയൊരുക്കുന്നു. ഗ്രാമീണർക്ക് അവരുടേതായ പ്രശ്നങ്ങൾ ഉണ്ട്. ആവശ്യങ്ങൾക്ക് മുമ്പിൽ അവർ ഒറ്റക്കെട്ടാണ് എന്ന കാര്യം വിസ്മരിച്ചുകൂടാ. ഇല്ലായ്മയിലെ കൂട്ടായ്മ അങ്ങനെ രൂപം പ്രാപിക്കുന്നു. വികസന ചർച്ചയിൽ നാം ഒന്ന് നമ്മൾ ഒന്ന് എന്ന ഐക്യഭാവന രൂപം കൊള്ളുന്നു, അത് അവരെ നയിക്കുന്നു.

ആർഭാടമോ ദുർവ്യയമോ ഇല്ലാതെയാണ് ഗ്രാമയാത്രയുടെ പ്രയാണം. ഇത് ജനങ്ങളിൽ എത്തിക്കുന്ന ഒരു സന്ദേശമുണ്ട് അതാണ് പ്രധാനം. ജനപങ്കാളിത്തത്തോടെയുള്ള വികസനമാണത്. ഒരു ഗ്രാമത്തിന്റെ വികസനത്തിൽ എല്ലാവരെയും ഒരു പോലെ ഭാഗഭാക്കാക്കുകയാണ് ലക്ഷ്യം. അതിന് നിശ്ചയദാർഢ്യത്തോടെ മുൻകയ്യെടുക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. എല്ലാ കേന്ദ്രങ്ങളിൽ നിന്നും ആത്മാർത്ഥ പിന്തുണ എനിക്ക് ലഭിക്കുകയുണ്ടായി. പങ്കാളിത്ത ജനാധിപത്യത്തിന്റെ ഈ സജീവ സാക്ഷ്യം യു.എൻ.ഡി.പി. (UNDP) കണ്ടെത്തിയത് പോലെ രാജ്യത്തിനകത്തും പുറത്തും മാതൃകയാക്കാവുന്നതാണ്.

2012–ലെ റിപ്പബ്ലിക് ദിന വേളയിൽ അന്നമനട ഗ്രാമപഞ്ചായത്തിൽ ഗ്രാമീണർ ഒന്നടങ്കം ആവേശപൂർവം പങ്കെടുത്ത ചടങ്ങിൽ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്ത ഈ ഗ്രാമയാത്ര മുഴുവൻ ഫലശ്രുതിയും ലഭ്യമാകും വരെ തുടരണം എന്നാണ് എന്റെയും പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുകളുടെയും, ഗവൺമെന്റിന്റെയും ആഗ്രഹം. അതേ,ഈ വഴിത്താരയിൽ ഇനിയും നമുക്ക് താണ്ടാനുണ്ട്; അനേക കാതങ്ങൾ. ■



# രാജ്യാന്തര സമ്മേളനത്തിന് കേരളം വേദിയൊരുക്കുമ്പോൾ

ഡോ. പി.പി. ബാലൻ

ജനാധിപത്യ അധികാര വികേന്ദ്രീകരണം ഇന്ന് വികസിത വികസ്വര രാജ്യങ്ങളിലും മൂന്നാം ലോക രാജ്യങ്ങളിലും ഒരുപോലെ ചർച്ച ചെയ്യുന്നുണ്ട്. ജനപങ്കാളിത്തത്തിന്റെയും സുതാര്യതയുടേയുമായ ഒട്ടേറെ മാതൃകകൾ ലോകത്തിന്റെവിവിധ ഭാഗങ്ങളിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ നൂതന രീതികൾ ആരായുന്ന പ്രവണതയും വർദ്ധിച്ചു വരുന്നുണ്ട്. ഈ പാശ്ചാത്തലത്തിലാണ് അധികാരവികേന്ദ്രീകരണ രംഗത്ത് പുതിയ മാതൃക സൃഷ്ടിച്ച കേരളം രാജ്യാന്തര കോൺഫറൻസിന് വേദിയൊരുക്കുന്നത്. **2014 ജനുവരി 19 മുതൽ21 വരെ തിരുവനന്തപുരത്തു വെച്ച് നടക്കുന്ന** പ്രസ്തുത പരിപാടി അധികാരവികന്ദ്രീകരണ രംഗത്ത് ലോകരാജ്യങ്ങൾക്ക് പുത്തൻ ഉണർവ്വ് പകരുന്നതിനും മെച്ചപ്പെട്ട മാതൃകകൾ സൃഷ്ടിക്കുന്നതിനും സഹായകമായിരിക്കും.

## കേരളത്തിന്റെ പ്രസക്തി

ഇന്ത്യയുടെ വികസന ചരിത്രത്തിൽ ഏറ്റവും മഹത്തായ സംഭാവനയാണ് 73,74 ഭരണഘടനാ ഭേദഗതി. സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഒരുപോലെ പ്രാദേശിക വികസനത്തിൽ സക്രിയമായി ഇടപെടാനുള്ള അവസരം ഇതിലൂടെ കൈവന്നു. ഈ അവസരം ശരിക്കും പ്രയോജനപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. 1994-ലെ പഞ്ചായത്ത്രാജ് നിയമം ഒരു വ്യാഴവട്ടക്കാലം പ്രാദേശിക വികസനരംഗത്ത് നൂതനങ്ങളായ ഒട്ടേറെ പരിപാടികൾക്കും പദ്ധതികൾക്കും വഴിയൊരുക്കി. ജനപങ്കാളിത്തം, സുതാര്യത, കാര്യക്ഷമത എന്നിവയാണ് അധികാരവികേന്ദ്രീകരണത്തിന്റെ അന്തസ്സത്ത. ഈ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് പ്രവർത്തിക്കാൻ കേരളത്തിലെ ഒട്ടുമിക്ക പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കും സാധിച്ചതായി കാണാം. നൂതന ഭരണപ്രക്രിയ പരിചയിച്ചുവരുന്നതിനിടയിലുണ്ടായ പാകപ്പിഴകൾ പരിഹരിച്ച് മുന്നേറുന്നതിനും കേരളം മുന്നിൽ തന്നെ നിന്നു.

വികസനത്തിന്റെ ഏതു മേഖലയിലും ഉദാത്തമായ ഒട്ടേറെ മാതൃകകൾ സൃഷ്ടിക്കാൻ ഈ കാലഘട്ടത്തിൽ നമുക്കു കഴിഞ്ഞു. സ്വയംഭരണ സ്ഥാപനം എന്ന പേര് അന്വർത്ഥമാക്കുന്ന രീതിയിൽ ഉയരാനും വളരാനും തദ്ദേശഭരണസ്ഥാനപങ്ങൾക്ക് സാധിച്ചു. കേരളത്തിലെ പ്രാദേശികാസൂത്രണ രീതി സമ്പ്രദായം അനുകരണീയ മാതൃകയായി അംഗീകരിച്ച് ഇതര സംസ്ഥാനങ്ങൾ ഇതിനെ മറ്റൊരു **കേരള മോഡൽ** ആയി വിശേഷിപ്പിക്കുന്നു. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാർ, സാങ്കേതിക ഉപദേശക സമിതികൾ, ഗുണഭോക്തൃസമിതി തുടങ്ങി വികസന പ്രക്രിയയെ ജനകീയമാക്കുന്ന ഭരണതല സംവിധാനങ്ങളാണ് കേരളത്തെ മറ്റു പ്രദേശങ്ങളിൽ നിന്നു വേർതിരിച്ചു നിർത്തുന്നത്. വർധിച്ച പൊതുജനാവബോധമാണ് മറ്റൊരു പ്രധാന ഘടകം.

**സ്വയംഭരണ സ്ഥാപനം എന്ന പേര് അന്വർത്ഥമാക്കുന്ന രീതിയിൽ ഉയരാനും വളരാനും തദ്ദേശഭരണസ്ഥാനപങ്ങൾക്ക് സാധിച്ചു. കേരളത്തിലെ പ്രാദേശികാസൂത്രണ രീതി സമ്പ്രദായം അനുകരണീയ മാതൃകയായി അംഗീകരിച്ച് ഇതര സംസ്ഥാനങ്ങൾ ഇതിനെ മറ്റൊരു കേരള മോഡൽ ആയി വിശേഷിപ്പിക്കുന്നു.**

കേരളത്തിലെപ്പോലെ അധികാരവും, വിഭവങ്ങളും താഴേത്തട്ടിലേയ്ക്ക് നൽകിയ മറ്റൊരു സംസ്ഥാനവും ഇന്ത്യയിലില്ല. പദ്ധതി വിഹിതത്തിന്റെ 33 ശതമാനവും ഗ്രാമപഞ്ചായത്തിൽ എത്തുന്നു. ലഭിക്കുന്ന പദ്ധതി വിഹിതത്തോടൊപ്പം അധിക വിഭവസമാഹരണവും ചേർത്തുകൊണ്ടാണ് പദ്ധതി രൂപീകരണം താഴേത്തട്ടിൽ ചിട്ടയായി നടത്തുന്നത്. അയൽക്കൂട്ടം വഴിയും ഗ്രാമസഭയിലൂടേയും ജനകീയ ഇടപെടൽ ഓരോ ഘട്ടത്തിലും സാധ്യമാകുന്ന കേരളത്തിൽ മാതൃകാപരമായ വികേന്ദ്രീകൃത ആസൂത്രണ രീതീയാണ് ഇന്ന് നിലനിൽക്കുന്നത്. ഉദ്യോഗസ്ഥ-ജനപ്രതിനിധി-സന്നദ്ധ പ്രവർത്തക ഏകോപനം, വർക്കിംഗ് ഗ്രൂപ്പുകളിലൂടെ സാധ്യമാവുന്നു. കരട് പദ്ധതിരേഖ രൂപം കൊള്ളുന്നതുതന്നെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന വിശദമായ ചർച്ചയിലൂടേയാണ്. പ്രാദേശികതലത്തിൽ നടക്കുന്ന വികസന സെമിനാറുകൾ കഴിയുമ്പോഴേക്കും താഴേതട്ടിലുള്ള ആസൂത്രണത്തിന്റെ നല്ലൊരു ഘട്ടം പിന്നിടുകയാണ്. സുതാര്യതയും അതിലൂടെ ലഭിക്കുന്ന ജനപങ്കാളിത്തവുമാണ് പ്രാദേശികാസൂത്രണത്തിന്റെ കാതൽ. ആസൂത്രണത്തിലെന്നപോലെ നിർവ്വഹണത്തിലും മോണിറ്ററിംഗിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്ന വിധത്തിലാണ് നിയമങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്.

## കൊടുക്കൽ-വാങ്ങലിന്റെ വേദി

കേരളത്തിന്റെ ചരിത്രപാശ്ചാത്തലം തന്നെ അധികാര വികേന്ദ്രീകരണത്തിന് അനുകൂലമായ തലം പ്രദാനം ചെയ്യുന്നു. പ്രാദേശിക പ്രശ്നങ്ങളെ കൂട്ടായ്മയിലൂടെ അതിജീവിക്കാനുള്ള കഴിവാണ് അതിലൊന്ന്. ഉന്നതമായ ജനാധിപത്യ ബോധത്തിലൂടെ കൈവന്ന സംഘടനാശേഷി വേറെയുമുണ്ട്. സാക്ഷരതയും ഉയർന്ന ജീവിതനിലവാരവും കൂടി ചേരുമ്പോൾ വിഭാഗീയ ചിന്താഗതിക്കപ്പുറം കാര്യങ്ങൾ നോക്കിക്കാണാനുള്ള ശേഷി കേരള ജനതയിൽ പ്രകടമായി കാണാം. ഈ പ്രത്യേക ചരിത്രപശ്ചാത്തലം കേരളത്തെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമാക്കുന്നു. കൂടാതെ ആവാസ ഘടനയിലും സാമൂഹിക ബന്ധങ്ങളിലും വലിയ പ്രത്യേകതകൾ ഇവിടെ നിലനിൽക്കുന്നു. ഈ ഘടകങ്ങളിലൂടെ കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെ നോക്കി കാണുമ്പോഴാണ് അത് പൂർണ്ണമായും ഒരു അനുകരണീയമല്ലാത്ത മാതൃകയാകുന്നത്. അതിനെ വേരോടെ മറ്റൊരു സ്ഥലത്ത് പിഴുത് നടാൻ പറ്റാത്തത് അതുകൊണ്ടാണ്. അപ്പോൾ സ്വീകാര്യമാകുന്നവ കണ്ടെത്തുകയും പകർത്തുകയുമാണ് അഭികാമ്യം.

## ഇതര സംസ്ഥാനങ്ങളിലെ അവസ്ഥ

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ വലിപ്പം മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത രീതിയിലാണ്. പഞ്ചാബിൽ ഗ്രാമപഞ്ചായത്തിലെ വോട്ടർമാരുടെ എണ്ണം പരമാവധി 500 ആണ്. ഇത് കേരളത്തിലെ ഒരു വാർഡിലെ ജനസംഖ്യയുടെ പകുതിയോളമേയുള്ളു. നിയമനിർമ്മാണത്തിന് ശേഷവും പല സംസ്ഥാനങ്ങളിലും പഞ്ചായത്തുകൾ പഴയ സിവിക് ബോഡികളായി തന്നെ ഇപ്പോഴും നിലകൊള്ളുന്നു. അധികാരം താഴേത്തട്ടിലേക്കെത്തിക്കാൻ ജനപ്രതിനിധികൾ മുറവിളി കൂട്ടുകയാണ്. ഗ്രാമസഭകൾ ചേരാറില്ല. പഞ്ചായത്തുകൾക്ക് നികുതി വരുമാനങ്ങളൊന്നുമില്ല. പശ്ചിമ ബംഗാളിൽ ഗ്രാമസഭ പഞ്ചായത്തിലെ മുഴുവൻ വോട്ടർമാരുടേയും ജനറൽ ബോഡിയാണ്. എന്നാൽ വാർഡ് കേന്ദ്രീകരിച്ചുള്ള ഗ്രാമസദസ്സിനാണ് അധികാരം കൂടുതൽ. ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നതോ പങ്കെടുക്കുന്നതോ വിരളമായി മാത്രം. മധ്യപ്രദേശിൽ ഗ്രാമസഭയ്ക്ക് സ്റ്റാന്റിംഗ് കമ്മിറ്റികളുണ്ട്. ഇതുമൂലം ഗ്രാമസഭാ പ്രവർത്തനത്തെ കാര്യക്ഷമമാക്കാൻ സാധിക്കുന്നു. ശ്രദ്ധേയമായ മറ്റൊന്നാണ് ഗ്രാമസഭയ്ക്ക് ജനപ്രതിനിധികളെ തിരിച്ചുവിളിക്കാനുള്ള അധികാരം. ത്രിപുരയിൽ ഒരു വാർഡിനെ രണ്ട് മെമ്പർമാർ പ്രതിനിധാനം ചെയ്യുന്നു. കേരളത്തിലെ ഗ്രാമസഭയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കാനുമുള്ള അധികാരമുണ്ട്. ഹിമാചൽപ്രദേശിൽ പഞ്ചായത്തുകൾക്ക് ജുഡീഷ്യൽ അധികാരവും നിക്ഷിപ്തമാണ്.

## വ്യത്യസ്ത സംവിധാനങ്ങൾ, സമീപനങ്ങൾ

കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ കൂടുതൽ സ്വതന്ത്രമാണ്. ഒന്ന് മറ്റൊന്നിന്റെ കീഴിലല്ല.കേരള പഞ്ചായത്ത്‌രാജ് ആക്ടിൽ ഓരോന്നിന്റേയും അധികാരങ്ങൾ പ്രത്യേകമായി നിർവ്വചിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഈ സ്വതന്ത്രപദവി നിലനിൽക്കുന്നില്ല. പശ്ചിമബംഗാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ മേൽനോട്ട അധികാരമുണ്ട്. ത്രിപുരയിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി വർഷാന്ത്യ കണക്കുകളുടേയും പ്രവർത്തനങ്ങളുടേയും റിപ്പോർട്ട് മേൽത്തട്ട് പഞ്ചായത്തുകൾക്ക് നൽകി അംഗീകാരത്തിനായി കാത്തിരിക്കണം. പ്ലാൻ വിഹിതം നേരിട്ട് ഗ്രാമപഞ്ചായത്തുകൾക്ക് ഉപാധിരഹിതമായി നൽകുന്നത് കേരളത്തിൽ മാത്രമാണ്. കേരളത്തിലെ ബ്ലോക്കുപഞ്ചായത്തുകൾക്ക് നികുതി പിരിക്കാനുള്ള അധികാരമില്ല. ത്രിപുരയിൽ 10 ലക്ഷം രൂപവരെ നികുതിയിലൂടെ സ്വവരുമാനം കണ്ടെത്തുന്ന ബ്ലോക്കു പഞ്ചായത്തുകളുള്ളപ്പോൾ ഗ്രാമപഞ്ചായത്തുകൾക്ക് നികുതി വരുമാനം പരിമിതമാണ്. എം.പി.മാരും എം.എൽ.എ.മാരും ത്രിതല പഞ്ചായത്തിൽ എക്സ് ഒഫീഷ്യോ അംഗങ്ങളായി പ്രവർത്തിക്കുന്ന സംസ്ഥാനങ്ങളാണധികവും. എന്നാൽ കേരളത്തിൽ അവർക്ക് ത്രിതല പഞ്ചായത്തുകളിൽ സ്ഥാനമില്ല. കർണ്ണാടകയിൽ എം.എൽ.എ./എം.പി. മാരുടെ അമിതമായ ഇടപെടൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിന്മേലുള്ള കടന്നുകയറ്റമായി വ്യാഖ്യാനിക്കുന്നു. മഹാരാഷ്ട്രയിൽ ഡി.പി.സി. ചെയർമാനായി പ്രവർത്തിക്കുന്നത് ചാർജ്ജുള്ള ഒരു മന്ത്രിയാണ്. കേരളത്തിൽ ആ സ്ഥാനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനാണ്. പശ്ചിമബംഗാളിൽ ജില്ലാ പഞ്ചായത്തിലെ പ്രതിപക്ഷ നേതാവിന് പ്രത്യേക അധികാരമുണ്ട്. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ത്രിതല

*ശേഷം 38-ാം പേജിൽ*

**മനോജ് കെ. പുതിയവിള**



# പെൺമയ്ക്ക് കാവലാൾ ആകുക!

വളരെയേറെ സംഘർഷഭരിതമായ കുടുംബാന്തരീക്ഷത്തിന്റെ ഒരു കാലമാണിത്. ധനികരെന്നോ ദരിദ്രരെന്നോ വിദ്യാസമ്പന്നരെന്നോ വിദ്യാവിഹീനരെന്നോ വ്യത്യാസമില്ലാതെ മിക്ക കുടുംബങ്ങളിലും അന്തരീക്ഷം ഇന്നു കലുക്ഷിതമാണ്. സ്വത്തുതർക്കങ്ങളും ചെറിയചെറിയ സൗന്ദര്യപ്പിണക്കങ്ങളും വെറും സംശയങ്ങളും അടുത്ത ബന്ധുക്കളുടെ ഇടപെടലുകളും ഒക്കെ കാരണങ്ങളാകാം. നിസ്സാരകാര്യങ്ങളുടെ പേരിൽ വിവാഹമോചനത്തിലേക്കു നീങ്ങുന്നവരുടെ എണ്ണം നാൾക്കുനാൾ കൂടിവരുന്നു. ഗാർഹിക പീഡനങ്ങൾ ആധുനികകാലത്തിനു ചേരാത്ത വണ്ണം വർദ്ധിക്കുന്നു. രക്തബന്ധത്തിൽ പെട്ടവർ പോലും ഇന്നു നിലനിൽക്കുന്ന എല്ലാ ധാർമ്മികതയും മൂല്യബോധവും മറന്നു മൃഗങ്ങളെപ്പോലെ പെരുമാറുന്നു. പിഞ്ചുകുഞ്ഞുങ്ങൾ പോലും പൈശാചികതയ്ക്ക് ഇരയാക്കപ്പെടുന്നു...

പൊതുവിൽ നമ്മുടെ സാമൂഹികസാഹചര്യം പ്രബുദ്ധകേരളത്തിനാകെ നാണക്കേടാകും വിധം അധ:പതിക്കുകയാണ്. ഉറ്റവർതമ്മിൽ നീണ്ട നിയമയുദ്ധങ്ങൾ കോടതിയായ കോടതികളിലെല്ലാം നടക്കുന്നു. അവശരായ വൃദ്ധജനങ്ങൾ പോലും ശാരീരികമായും മാനസികമായും പീഡിപ്പിക്കപ്പെടുന്നു; നിഷ്കരുണം ഉപേക്ഷിക്കപ്പെടുന്നു.

ഈ ദുരവസ്ഥയ്ക്കു പരിഹാരം ഇല്ലേ? തീർച്ചയായും ഉണ്ട്. അല്പമൊന്നു മനസു വച്ചാൽത്തന്നെ സ്ഥിതിഗതികൾ നല്ലയളവു മാറ്റാൻ കഴിയും. പ്രശ്നം സാമൂഹികം ആണെങ്കിലും സൂക്ഷ്മതലത്തിലുള്ള ഇടപെടലുകൾക്കാണ് ഇക്കാര്യത്തിൽ കൂടുതൽ ഫലം ഉണ്ടാക്കാനാവുക. അതിന് ആദ്യമായി വേണ്ടത് പ്രശ്നത്തെ കാര്യകാരണസഹിതം വിശകലനം ചെയ്യുകയാണ്.

### അമ്മാത്തും അല്ല, ഇല്ലത്തും അല്ല

ഏറ്റവും അടിസ്ഥാനപരമായ കാര്യം നമ്മുടെ സമൂഹം വലിയൊരു സാമൂഹിക മാറ്റത്തിന്റെ അന്തരാളത്തിലാണ് എന്നതാണ്. കാർഷിക സമ്പദ്ഘടനയിൽ അധിഷ്ഠിതമായ ജന്മിത്തമായിരുന്നു ഏതാനും പതിറ്റാണ്ടു മുമ്പുവരെ നമ്മുടേത്. എന്നാൽ, അതിവേഗത്തിൽ നാം അത് ഉപേക്ഷിക്കുകയും മുതലാളിത്തവ്യവസ്ഥിതിയിലേക്കു പരിവർത്തനം ചെയ്യുകയും ചെയ്തു.

പുതിയ രംഗങ്ങളായ ഉല്പാദന, സേവന രംഗങ്ങൾ നഗരങ്ങളിൽ കൂടുതൽ കേന്ദ്രീകരിക്കപ്പെട്ടു. കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ കാര്യമായ വ്യവസായവികസനം ഉണ്ടായില്ലെങ്കിലും നഗരവത്കരണത്തിന്റെ വേഗം അമിതമെന്നു പറയാവുന്ന വിധത്തിൽ

**ധനികരെന്നോ ദരിദ്രരെന്നോ വിദ്യാസമ്പന്നരെന്നോ വിദ്യാവിഹീനരെന്നോ വ്യത്യാസമില്ലാതെ മിക്ക കുടുംബങ്ങളിലും അന്തരീക്ഷം ഇന്നു കലുഷിതമാണ്. സ്വത്തുതർക്കങ്ങളും ചെറിയചെറിയ സൗന്ദര്യപ്പിണക്കങ്ങളും വെറും സംശയങ്ങളും അടുത്ത ബന്ധുക്കളുടെ ഇടപെടലുകളും ഒക്കെ കാരണങ്ങളാകാം. നിസ്സാരകാര്യങ്ങളുടെ പേരിൽ വിവാഹമോചനത്തിലേക്കു നീങ്ങുന്നവരുടെ എണ്ണം നാൾക്കുനാൾ കൂടി വരുന്നു.**



ത്തന്നെ കൂടുകയായിരുന്നു. നഗരങ്ങളിൽ വളർന്നത് മുഖ്യമായും വ്യാപാരമായിരുന്നു. അങ്ങനെ കേരളം അതിവേഗം ഒരു ഉപഭോക്തൃ സമൂഹമായി മാറി. ഉല്പാദന വളർച്ച ഉണ്ടായില്ലെങ്കിലും തൊഴിൽ തേടി നാടുവിട്ടവർ അയയ്ക്കുന്ന വിദേശപ്പണത്തിന്റെ ബലത്തിൽ ആ ഉപഭോഗാസക്തി അനിയന്ത്രിതമായി വളർന്നു.

ഉല്പാദനരംഗത്തു തൊഴിലവസരങ്ങൾ ഇല്ലാതിരുന്നതിനാൽ മിക്കവരും പലതരം ഇടപാടുകാരായി. അങ്ങനെ കേരളം ഇടനിലക്കാരുടെ സമൂഹമായി മാറി. കൃഷിയും വ്യവസായവും ഇല്ലാതായതോടെ ഭൂമി വ്യാപാര സമുച്ചയങ്ങളും പാർപ്പിടസമുച്ചയങ്ങളും വിനോദകേന്ദ്രങ്ങളും ഒക്കെ നിർമ്മിക്കാനുള്ള സ്ഥലം മാത്രമായി മാറി. ഭൂമാഫിയ ഒരു പ്രത്യേക പ്രതിഭാസമായി. ലക്കും ലഗാനുമില്ലാത്ത ഭൂവിനിയോഗം പരിസ്ഥിതിക്കും സമൂഹത്തിനും വിനാശകരമായ അവസ്ഥയിലേക്കു നയിച്ചു. ചുരുക്കത്തിൽ ഇതാണ് ആധുനിക കേരളത്തിന്റെ കഥ.

ഇതിന്റെ ഫലങ്ങളാണ് ഇന്നു നാം കാണുന്നതൊക്കെ. ജന്മിത്തവും കാർഷികവ്യവസ്ഥിതിയും തകർന്നതോടെ അതിന്റേതായ മൂല്യങ്ങൾ നാം കൈവിട്ടു. പുതുവ്യവസ്ഥിതിയായ മുതലാളിത്തത്തിന്റെ മൂല്യബോധം നാം നേടിയുമില്ല. അമ്മാത്തൂന്ന് ഇറങ്ങുകയും ഇല്ലത്ത് എത്താതിരിക്കുകയും ചെയ്ത അവസ്ഥ. ഒരു തരം മൂല്യവും ഇല്ലാത്ത സ്ഥിതി! (ഉപഭോക്താവിന്റെ അവകാശങ്ങളെപ്പറ്റി പോലും അറിയുകയോ അവ സംരക്ഷിക്കാനുള്ള നിയമങ്ങളോ സംവിധാനങ്ങളോ രൂപപ്പെടുത്തുകയോ ചെയ്യാത്ത ഉപഭോക്തൃ സമൂഹം! അതുപോലെ തന്നെ മറ്റു കാര്യങ്ങളും.)

ഈ സ്ഥിതി മാറണമെങ്കിൽ അടിസ്ഥാനപരമായ സാമൂഹികമാറ്റവും നിയമനിർമ്മാണങ്ങളും സംവിധാനങ്ങൾ ആവിഷ്ക്കരിക്കലും ഒക്കെയാണു വേണ്ടത് എന്നതു ശരിതന്നെ. എന്നാൽ വ്യവസ്ഥിതിയെല്ലാം ശരിയാകുന്നതുവരെ ഇങ്ങനെയൊക്കെ അങ്ങു പോകട്ടെ എന്നു നിശ്ചയിക്കാൻ ആവില്ലല്ലോ. അപ്പോൾ, നിലവിലെ സംവിധാനത്തിന് അകത്തുനിന്നു കാണാവുന്ന പരിഹാരങ്ങൾ കാണണം. അവ താൽക്കാലികം ആകാമെങ്കിലും അവയിൽ പലതിനെയും ചിരസ്ഥായി ആക്കാനും അതുവഴി സാമൂഹികമാറ്റം തന്നെ സൃഷ്ടിക്കുവാനും കഴിയും. അതുകൊണ്ടുതന്നെ കീഴ്ത്തട്ടുതലത്തിലെ ഇടപെടലുകൾക്കും പ്രവർത്തനങ്ങൾക്കും പ്രത്യേക പ്രാധാന്യം ഉണ്ട്.

**മനസുണ്ടോ മാർഗ്ഗവുമുണ്ട്**

ഇതിൽ രണ്ടു സമീപനം ആകാം. ഒന്ന് വർദ്ധിച്ചുവരുന്ന കുടുംബപ്രശ്നങ്ങൾ പരിഹരിക്കുക; രണ്ട്, ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്ന സ്ഥിതി പരമാവധി ഒഴിവാക്കുക. ചില ഉദാഹരണങ്ങൾ നോക്കാം:

കുടുംബപ്രശ്നങ്ങൾ വലിയൊരളവുവരെ അനുരഞ്ജനത്തിന്റെയും കൗൺസിലിങ്ങിന്റെയും പാതയിലൂടെ പറഞ്ഞുതീർക്കാനും അകന്നവരെ കൂട്ടിയോജിപ്പിക്കാനും കഴിയും എന്നത് അനുഭവത്തിലൂടെ തെളിഞ്ഞ കാര്യമാണ്. ഇതൊരു വലിയ കാര്യവുമാണ്. ഈ വഴിക്കു വനിതാക്കമ്മിഷൻ ചെയ്യുന്ന സേവനം തന്നെ മികച്ച സാക്ഷ്യം.

ആയിരക്കണക്കിനു പരാതികൾ പ്രതിമാസ ജില്ലാ അദാലത്തുകൾ നടത്തി പരിഹരിക്കാൻ കേരള വനിതാക്കമ്മിഷനു കഴിയുന്നു. പ്രശ്നസങ്കീർണ്ണമായ കുടംബാന്തരീക്ഷത്തിൽ ഭാവിയെപ്പറ്റി എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ട അമ്പതും നൂറും കുടുംബങ്ങളിലെ വീതം പ്രശ്നങ്ങൾ പരിഹരിക്കാൻ ഓരോ അദാലത്തിലും കഴിയുന്നു. സംസ്ഥാനത്തു പ്രതിമാസം കുറഞ്ഞത് 800–1000 പരാതികളെങ്കിലും ഇങ്ങനെ പരിഹരിക്കപ്പെടുന്നു.

ഇതു ബ്ലോക്ക് തലത്തിലോ പഞ്ചായത്ത് തലത്തിലോ ഒക്കെ നടപ്പാക്കാവുന്ന കാര്യമാണ്. പഞ്ചായത്തുതോറും മൂന്നുമാസത്തിലൊരിക്കലെങ്കിലും ഇത്തരം ഓരോ ഒത്തുതീർപ്പു കൂട്ടായ്മകൾ ആലോചിക്കാവുന്നതല്ലേ? എത്ര കുടുംബങ്ങൾക്ക് ആശ്വാസമാകും! സുമനസുകളായ കുറച്ച് അഭിഭാഷകരെയും മാനസികചികിത്സകരെയും നാട്ടിലെ സുസമ്മതരായ ഏതാനും പൊതുപ്രവർത്തകരെയും ഒക്കെ ഒരുമിച്ചുകൂട്ടി ഇതു നടത്താൻ ബുദ്ധിമുട്ടില്ല. സൗജന്യനിയമസഹായവേദി ആയ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി (KELSA) യുടെയും സന്നദ്ധസംഘടനകളുടെയുമൊക്കെ സേവനം പ്രയോജനപ്പെടുത്താനുള്ള സൗകര്യവും ഉണ്ട്. താഴേത്തലത്തിൽ നിന്ന് ഇത്തരമൊരു ആവശ്യം ഉയർന്നാൽ വനിതാക്കമ്മിഷനുതന്നെ അദാലത്തുകൾ വികേന്ദ്രീകരിക്കുന്ന കാര്യം ആലോചിക്കാനാകും; അതിനുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്തുന്ന കാര്യവും. വാസ്തവത്തിൽ ജാഗ്രതാസമിതികൾക്കു രൂപം നൽകിയതുതന്നെ ഇത്തരം ലക്ഷ്യങ്ങളോടെയാണ്. എന്നാൽ മിക്കയിടത്തും ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാക്കമ്മിഷന്റെ കണ്ണുംകാതും എന്ന വിശേഷണമാണു ജാഗ്രതാസമിതികൾക്കു നൽകിയിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ എല്ലാ അതിക്രമങ്ങൾക്കും വിവേചനങ്ങൾക്കും എതിരെ പ്രവർത്തിക്കാനും സ്ത്രീസൗഹൃദ സമൂഹം സൃഷ്ടിക്കാനും ഉദ്ദേശിച്ച ഈ സംവിധാനം ഇനിയും ശക്തിപ്പെടുത്താവുന്നതേയുള്ളൂ.



സ്ത്രീകൾക്കു നിർഭയം പരാതി നൽകാനും മറ്റുള്ളവരിൽ നിന്ന് അതു രഹസ്യമായി സൂക്ഷിച്ച് സ്ത്രീപക്ഷത്തു നിന്ന് അതു പരിഹരിക്കാനും ഒത്തുതീർപ്പുപ്രകാരം രമ്യമായി കാര്യങ്ങൾ മുന്നോട്ടു പോകുന്നുണ്ട് എന്നു നിരീക്ഷിച്ച് ഉറപ്പാക്കാനും സമൂഹത്തിൽ അത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്താനും ഒക്കെ കഴിയുന്ന ഈ സംവിധാനത്തെ ആദ്യഘട്ടത്തിൽ ഭാഗികപരാജയമായി എന്നതിന്റെ മാത്രം പേരിൽ അവഗണിക്കുന്നത് നീതിവത്ക്കരിക്കാവുന്നതല്ല. അതുകൊണ്ട് ജാഗ്രതാസമിതികൾ സംഘടിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ഫലപ്രദമായി പ്രവർത്തിപ്പിക്കുകയും ചെയ്യുക എന്ന ദൗത്യം തദ്ദേശഭരണകൂടങ്ങൾ മുൻഗണന നൽകി ഏറ്റെടുക്കുകതന്നെ വേണം.

**ആശയത്തിന്റെ ആയുധം അണിയിക്കൽ**

സമൂഹത്തിൽ നിലനിൽക്കുന്ന പല സ്ത്രീവിരുദ്ധ ആശയങ്ങളും തിരുത്താനുള്ള ഇടപെടലുകളും ബോധവത്ക്കരണവും ഒക്കെ ജാഗ്രതാസമിതികൾ വഴി നടത്താനാകും. ഗാർഹിക പീഡനങ്ങൾ നല്ലയളവു കുറയ്ക്കാൻ ഇത്തരം പ്രവർത്തനങ്ങൾ വഴിയൊരുക്കും.

ഭാര്യമാരെ തല്ലാൻ അധികാരമുണ്ടെന്നു വിശ്വസിക്കുന്ന പുരുഷന്മാർ ഇപ്പോഴും ധാരാളമാണ്. കേരളം പോലൊരു സമൂഹത്തിന് അങ്ങേയറ്റം അപമാനകരമാണത്. വനിതാക്കമ്മിഷന്റെ അദാലത്തുകളിൽ എത്തുന്ന പരാതികളിൽ നല്ല പങ്കും ഗാർഹികപീഡനത്തെപ്പറ്റി ആണ്. തങ്ങളെ തല്ലാനുള്ള അധികാരം ഭർത്താക്കന്മാർക്കുണ്ടെന്നു ധരിച്ചുവച്ചിരിക്കുന്ന ഭാര്യമാരും കുറവല്ല. തീരെ സഹിക്കാൻ പറ്റാതെ വരുമ്പോഴാണ് അങ്ങനെയുള്ള പലരും പരാതിപ്പെടാൻ തയ്യാറാകുന്നത്. പരാതിയോ കേസോ ആകാത്ത ഗാർഹിക പീഡനങ്ങൾ ആയിരിക്കണക്കിനു വീടുകളിൽ നടക്കുന്നുണ്ടെന്നാണ് ഇതു വ്യക്തമാക്കുന്നത്. ഈ സ്ഥിതി മാറ്റുന്നതിൽ ജാഗ്രതാസമിതികൾക്കു നല്ല സ്വാധീനം ചെലുത്താൻ കഴിയും.

സ്ത്രീയുടെ ശരീരത്തിന്മേലുള്ള പരമാധികാരം അവൾക്കു മാത്രമാണെന്ന ബോധം സ്ത്രീകളിലും പുരുഷന്മാരിലും വളർത്തിയെടുത്തുകൊണ്ടേ ഈ അവസ്ഥയ്ക്കു മാറ്റം വരുത്താനാകൂ. കുടുംബങ്ങളിലും സമൂഹത്തിലും ഇതിനുള്ള പ്രവർത്തനം നടക്കണം. കുട്ടിക്കാലം മുതൽ തന്നെ ഈ ആശയം വളർത്താനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം. പാഠ്യപദ്ധതിയിലടക്കം ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം നാം പരിഗണിക്കണം.

**മുത്തശ്ശികഥകൾ കെട്ടഴിക്കാം**

പുതിയ കാലത്തു കേരളസമൂഹത്തിൽ ഉണ്ടായ ഒരു മാറ്റം ദീർഘകാലമായി നിലനിന്ന കൂട്ടുകുടുംബവ്യവസ്ഥ തകർന്നതാണ്. പലരും നഗരങ്ങളിലേക്കു പറിച്ചുനടപ്പെട്ടു. അണുകുടുംബങ്ങൾ സാർവ്വത്രികമായി. ഗ്രാമങ്ങളിൽപ്പോലും കുടുംബങ്ങൾ ഭാഗംവച്ചു പിരിഞ്ഞു കൊച്ചു തുരുത്തുകളായി. അവയിൽത്തന്നെ ഒരാളെങ്കിലും ദൂരെയുള്ള പട്ടണത്തിൽ പണിക്കു പോകുന്നവരായി. മിക്ക വീട്ടിലും സ്ത്രീകളും എന്തെങ്കിലും ജോലിക്കു പുറത്തുപോകുന്ന സ്ഥിതി വന്നു.

ഈ സ്ഥിതി തിരിച്ചുകൊണ്ടുപോകാനാവില്ല. പ്രശ്നത്തിന്റെ പരിഹാരവും അതല്ല. പുതിയ വ്യവസ്ഥിതിയെ ചിട്ടപ്പെടുത്തുകയാണ് ആവശ്യം; അതിനുവേണ്ട കരുക്കൾ വികസിപ്പിക്കുകയാണ്.




**ഭാര്യമാരെ തല്ലാൻ അധികാരമുണ്ടെന്നു വിശ്വസിക്കുന്ന പുരുഷന്മാർ ഇപ്പോഴും ധാരാളമാണ്. കേരളം പോലൊരു സമൂഹത്തിന് അങ്ങേയറ്റം അപമാനകരമാണത്. വനിതാക്കമ്മിഷന്റെ അദാലത്തുകളിൽ എത്തുന്ന പരാതികളിൽ നല്ല പങ്കും ഗാർഹികപീഡനത്തെപ്പറ്റി ആണ്.**


സമീപകാലത്തു നടത്തിയ പല പഠനങ്ങളും വ്യക്തമാക്കുന്നത് മുത്തച്ഛരുടെ സാന്നിദ്ധ്യത്തിൽ വളരുന്ന കുട്ടികൾ കൂടുതൽ സാമൂഹികബന്ധത ഉള്ളവരും നല്ലവരും മാനസികാരോഗ്യമുള്ളവരും ഒക്കെയായി വളരുന്നു എന്നാണ്. അതുപോലെതന്നെ കുട്ടികളുടെ സാന്നിദ്ധ്യംകൊണ്ട് മുത്തച്ഛരുടെ വാർദ്ധക്യം കൂടുതൽ ചൈതന്യവത്തും സർഗ്ഗാത്മകവും ഒക്കെ ആകുകയും ചെയ്യുന്നു. വയോജനങ്ങൾ ബാദ്ധ്യതയല്ലാതെ ഗുണഫലങ്ങൾ നൽകുന്നവരായി ഭവിക്കുന്നു.

എന്നാൽ, കൂട്ടുകുടുംബങ്ങളിൽ കുട്ടികൾക്കു കിട്ടിയിരുന്ന മുതിർന്നവരുടെ ശ്രദ്ധയും ഉപദേശങ്ങളും ശിക്ഷണവും സംരക്ഷണവും ഇന്നത്തെ അണുകുടുംബങ്ങളിലെ കുട്ടികൾക്കു ലഭിക്കുന്നില്ല. നമ്മുടെ പൈതൃകവും സംസ്കാരവും നല്ല പെരുമാറ്റങ്ങളും സാമൂഹികബോധവും ഒക്കെ പകർന്നു നൽകിയിരുന്ന മുത്തശ്ശന്മാരും അധികപ്പറ്റുകളായി വൃദ്ധസദനങ്ങളിൽ തള്ളപ്പെടുന്നു.

ഈ രണ്ടു കൂട്ടരെയും നമുക്കു കൂട്ടിയണക്കാൻ ആവില്ലേ? കഥകളും നാടൻ പാട്ടുകളും ചില്ലറ കരകൗശലവിദ്യകളും ഒക്കെ വശമുള്ള വൃദ്ധജനങ്ങളെ നമുക്ക് അങ്കണവാടികളിലേക്കു പതിവായി ക്ഷണിച്ചു കൊണ്ടുവന്നുകൂടേ? അല്ലെങ്കിൽ കുട്ടികളെ ചെറുകൂട്ടങ്ങളായി ഇങ്ങനെയുള്ളവരുടെ വീടുകളിലേക്കു കൊണ്ടുപോകുകയും ആകാം. നമ്മുടെ അന്യംനിൽക്കുന്ന നാട്ടറിവുകളും കരവിരുതുകളും പഴഞ്ചൊല്ലുകളും പാട്ടുകളും കഥകളുമൊക്കെ സംരക്ഷിക്കപ്പെടുകയും ചെയ്യും. ഇങ്ങനെയൊരു പരിപാടി എല്ലാ വാർഡിലും സ്ഥിരമായി നടപ്പാക്കുന്നതിന് എന്താണു തടസം? കാൽക്കാശിന്റെ ചെലവുണ്ടോ? ആരുടെയെങ്കിലും അനുമതി വേണോ?

ഇന്നത്തെ അവസ്ഥയിൽ വളർന്നുവരുന്ന കുട്ടികൾ മുതിർന്നാലും മേല്പറഞ്ഞ ഇല്ലായ്മകളുടെ കുറവുകൾ അവരെ വേട്ടയാടും. തെരെക്കുപിടിച്ച അച്ഛനമ്മമാ

**സമീപകാലത്തു നടത്തിയ പല പഠനങ്ങളും വ്യക്തമാക്കുന്നത് മുത്തച്ഛരുടെ സാന്നിദ്ധ്യത്തിൽ വളരുന്ന കുട്ടികൾ കൂടുതൽ സാമൂഹിക ബന്ധത ഉള്ളവരും നല്ലവരും മാനസികാരോഗ്യമുള്ളവരും ഒക്കെയായി വളരുന്നു എന്നാണ്. അതുപോലെതന്നെ കുട്ടികളുടെ സാന്നിദ്ധ്യം കൊണ്ട് മുത്തച്ഛരുടെ വാർദ്ധക്യം കൂടുതൽ ചൈതന്യവത്തും സർഗ്ഗാത്മകവും ഒക്കെ ആകുകയും ചെയ്യുന്നു.**



രുടെ സ്നേഹം വേണ്ടത്ര കിട്ടാതെവരുമ്പോഴാണ് മിക്കവരും ഹിതകരമല്ലാത്ത പ്രണയക്കെണികളിൽ വീഴുന്നത്. ദുഷ്ടലോക്കോടെ പ്രണയിക്കാൻ വരുന്നവർക്ക് ചൂഷണത്തിനുള്ള കളമായി സ്വന്തം വീടുകൾതന്നെ മാറുന്നത് പുതിയ കുടുംബസാഹചര്യത്തിന്റെ സൃഷ്ടിയാണ്. കുടുംബത്തിലെതന്നെ ചിലരുടെയോ അടുത്തതോ അകന്നതോ ആയ ബന്ധുക്കളുടെയോ ദുഷ്ടലാക്കുകൾക്ക് അവസരം ഒരുക്കുന്നതും ഈ സാഹചര്യം തന്നെ.

ഇവിടെ നമ്മുടെ വാർഡുതല ജാഗ്രതാസമിതികൾക്കും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും നല്ല പങ്കുവഹിക്കാനാകും. ചുറ്റുവട്ടത്തെ കുട്ടികളുടെ സുസ്ഥിതി ഉറപ്പാക്കാനുള്ള ഒരു ജാഗ്രത അതിനു പുലർത്താനാകും. സ്വകാര്യതയിലേക്ക് ഒളിഞ്ഞുനോക്കണമെന്നോ ദുരാചാരഗുണ്ടായിസം സ്വയം ഏറ്റെടുക്കണമെന്നോ അല്ല. സ്വന്തം കുടുംബത്തെപ്പറ്റിയുള്ള ജാഗ്രത എന്ന നിലയിൽ ആരോഗ്യകരമായി ഇതു നിർവ്വഹിക്കാവുന്നതേയുള്ളൂ

**കളിയല്ല കല്യാണം**

ഇനി വിവാഹത്തിലേക്കു കടന്നാലോ? വിവാഹജീവിതത്തിലേക്കു കടക്കുന്ന പലർക്കും പുതിയ സാഹചര്യത്തിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളും വെല്ലുവിളികളും നേരിടാനുള്ള തന്റേടമോ പ്രാപ്തിയോ ഇല്ല സ്വന്തം സങ്കടങ്ങളും പ്രശ്നങ്ങളും പങ്കുവയ്ക്കാനോ മാദ്ധ്യസ്ഥം വഹിക്കാനോ അവർക്ക് ആരുമില്ല. ചെറിയ കാരണങ്ങളുടെ പേരിൽ പിരിയാനും ആത്മഹത്യ ചെയ്യാനും ഒക്കെ അവർ മുതിരുന്നതിന്റെ ഒരു പ്രധാനകാരണം അതാണ് ഈ അവസ്ഥയ്ക്കു പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞാൽത്തന്നെ ഒട്ടേറെ ദുരന്തങ്ങൾ ഒഴിവാക്കാൻ കഴിയും പെൺകുട്ടികളെ ഏതു സാഹചര്യവും നേരിടാൻ



പ്രാപ്തരാക്കിയാൽ മതി.

വിവാഹപൂർവ്വ കൗൺസലിങ്ങുകൾക്ക് ഇക്കാര്യത്തിൽ വലിയ സംഭാവന ചെയ്യാൻ കഴിയും. വനിതാക്കമ്മീഷൻ ഈ രംഗത്തേക്കും ചുവടുവച്ചിരിക്കുന്നു. ഇതൊരു പ്രധാനപ്രവർത്തനമാക്കി കമ്മിഷൻ മാറ്റുകയാണ്. ജില്ലാതലത്തിൽ കൗൺസലിങ് ശില്പശാലകൾ നടത്തിത്തുടങ്ങിയിരിക്കുന്നു. പഞ്ചായത്തുകൾ താല്പര്യമെടുത്താൽ പഞ്ചായത്തുതോറും ഈ പരിപാടി സംഘടിപ്പിക്കാനാകും. ആറു മാസത്തിലൊരിക്കൽ ഒരു പഞ്ചായത്തിൽ ഒരു ഏകദിന കൗൺസലിങ് നടത്താനാവില്ലേ? ഇതിനുവേണ്ട പരിചയസമ്പന്നരായ വിദഗ്ദ്ധരെ കണ്ടെത്തി നൽകാൻ വനിതാക്കമ്മിഷനു കഴിയും, ജാഗ്രതാസമിതികൾക്കും കഴിയും.

ആർഭാടരഹിതവിവാഹം പ്രോത്സാഹിപ്പിക്കാൻ കമ്മിഷൻ നടത്തുന്ന പരിശ്രമങ്ങളും തദ്ദേശസ്ഥാപനങ്ങൾക്ക് ഏറ്റെടുത്തു നടത്താവുന്നതാണ്. ദാമ്പത്യത്തിൽ പലതരം സംഘർഷങ്ങൾക്കു കാരണമാകുന്ന മദ്യത്തിനെതിരായ പ്രവർത്തനങ്ങളും യഥാർത്ഥത്തിൽ ഫലപ്രദം ആകുക താഴേത്തലത്തിലേക്ക് അവ എത്തുമ്പോഴാണ്.

സ്ത്രീകളുമായി ബന്ധപ്പെട്ട നിയമങ്ങളെയും അവർ അറിയേണ്ട മറ്റനവധി കാര്യങ്ങളേയും പറ്റി വനിതാക്കമ്മീഷൻ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. ഇവ ഏറ്റെടുത്തു വിതരണം ചെയ്യുക, ഇവയെ അടിസ്ഥാനമാക്കി അവതരണങ്ങളും ചർച്ചകളും സംഘടിപ്പിക്കുക എന്നിവയൊക്കെ പ്രാദേശിക ഭരണത്തിനുള്ള മികച്ച ഉപാധികൾ ആണ്.

**മാധ്യമങ്ങൾക്കെന്താ, കൊമ്പുണ്ടോ?**

ഇളം തലമുറയെ ഏറ്റവുമധികം സ്വാധീനിക്കുന്നതും വഴിതെറ്റിക്കുന്നതും നമ്മുടെ വിനോദ വാർത്താമാധ്യമങ്ങളും ഇന്റർനെറ്റും ഒക്കെയാണ് ഇവയിലൂടെയെല്ലാം അശ്ലീലതയും അപകടകരമായ കാഴ്ചപ്പാടുകളും തെറ്റായ മൂല്യസങ്കല്പങ്ങളും ഒക്കെയാണു പലപ്പോഴും യുവാക്കളുടെ മാത്രമല്ല. കുഞ്ഞുങ്ങളുടെപോലും മനസുകളിലേക്ക് എത്തുന്നത്. ഇത് ഫലപ്രദമായി നിരീക്ഷിക്കുവാനോ നിയന്ത്രിക്കുവാനോ ഇതിനെതിരെ സമൂഹമനഃസാക്ഷി ഉണർത്താനോ നമുക്കു കഴിയുന്നില്ല ഇക്കാര്യത്തിൽ ശക്തമായ സാമൂഹിക ഇടപെടലും ബോധവത്ക്കരണവും ആവശ്യമാണ്. ഇതിന്റെ നേതൃത്വം വനിതാക്കമ്മിഷന് ഏറ്റെടുക്കാൻ കഴിയും.

ഈ വഴിക്കുള്ള പ്രചാരണപ്രവർത്തനങ്ങൾ ഇപ്പോൾത്തന്നെ കമ്മിഷൻ ഏറ്റെടുത്തിട്ടുണ്ട് തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഈ രംഗത്തു കൂടുതൽ വിപുലമായി ഏന്തൊക്കെ ചെയ്യാനാകും എന്ന് ആലോചിക്കേണ്ടതുണ്ട്. മറ്റു പലതിനും മാതൃകയായ കേരളം ഇക്കാര്യത്തിലും പുതിയൊരു മാതൃക സൃഷ്ടിച്ചു രാജ്യത്തിനും ലോകത്തിനുതന്നെയും സംഭാവന ചെയ്യണം. ഇക്കാര്യം എല്ലാവരും ഗൗരവപൂർവ്വം ഏറ്റെടുക്കണം.

ഇതോടൊപ്പം തന്നെ എല്ലാത്തരം മാധ്യമങ്ങളെയും സുസൂക്ഷ്മം നിരീക്ഷിക്കാനുള്ള വിപുലമായ ഒരു ശൃംഖല രൂപപ്പെടുത്തിയെടുക്കാൻ കഴിയും. മാധ്യമങ്ങൾ സ്ത്രീയെ ചിത്രീകരിക്കുന്ന രീതി വ്യാപകമായി ചർച്ചചെയ്യപ്പെടണം. അപമാനകരമായി സ്ത്രീ ചിത്രീകരിക്കപ്പെടുന്നതിനെതിരെ ശക്തമായും വ്യാപകമായും പ്രതിഷേധം ഉയർത്താനും നിയമനടപടികൾ ആവശ്യമുള്ള സന്ദർഭങ്ങളിൽ അതിലേക്കു നീങ്ങാനും ഈ ശൃംഖലയ്ക്കു കഴിയണം. അതിനു തക്കവണ്ണം നാടൊട്ടുക്കുമുള്ള സ്ത്രീസമൂഹത്തെ ശാക്തീകരിക്കാൻ കഴിയണം.



**ഉല്പാദനരംഗത്തു തൊഴിലവസരങ്ങൾ ഇല്ലാതിരുന്നതിനാൽ മിക്കവരും പലതരം ഇടപാടുകാരായി. അങ്ങനെ കേരളം ഇടനിലക്കാരുടെ സമൂഹമായി മാറി. കൃഷിയും വ്യവസായവും ഇല്ലാതായതോടെ ഭൂമി വ്യാപാര സമുച്ചയങ്ങളും പാർപ്പിടസമുച്ചയങ്ങളും വിനോദകേന്ദ്രങ്ങളും ഒക്കെ നിർമ്മിക്കാനുള്ള സ്ഥലം മാത്രമായി മാറി.**

ഈ ദൗത്യവുമായി ഒരു മീഡിയ മോനിറ്ററിങ് സെൽ വനിതാക്കമ്മിഷനു കീഴിൽ രൂപവത്ക്കരിച്ചിട്ടുണ്ട്. അശ്ലീലപുസ്തകങ്ങൾ പരസ്യങ്ങൾ, സിഡികൾ തുടങ്ങിയവയ്ക്കെതിരെ പ്രചാരണം സംഘടിപ്പിക്കുക, കുട്ടികളുടെ പക്കൽ ഇവ എത്തിച്ചേരുന്നതു തടയാൻ വേണ്ട ഇടപെടൽ നടത്തുക, സ്ത്രീകളെ മോശമായി ചിത്രീകരിക്കുകയും അവരുടെ അന്തസ്സിനു കോട്ടം വരുന്ന ആശയങ്ങൾ അവതരിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന സിനിമ, സീരിയൽ, പരസ്യചിത്രം, ഹ്രസ്വചിത്രം എന്നിവയോടു പ്രതിഷേധിക്കുകയും അവ നിരോധിക്കാനുള്ള നടപടികൾ എടുക്കുകയും ചെയ്യുക, സ്ത്രീകളെ നിന്ദ്യമായി ചിത്രീകരിക്കൽ നിരോധന നിയമം, കേബിൾ റ്റിവി നെറ്റ് വർക് (നിയന്ത്രണ) നിയമം, അനുബന്ധനിയമങ്ങൾ എന്നിവയെപ്പറ്റി സെമിനാർ, ശില്പശാല എന്നിവ സംഘടിപ്പിക്കുക, മാധ്യമങ്ങളിൽ വരുന്ന സ്ത്രീവിരുദ്ധആശയങ്ങൾ സംബന്ധിച്ചു പൊതുജനാഭിപ്രായം ശേഖരിക്കുക, മാധ്യമപ്രതിനിധികളുമായി ചർച്ചകൾ സംഘടിപ്പിക്കുക, ആത്യന്തികമായി സ്ത്രീകളെ ബാധിക്കുന്ന ലഹരിവസ്തുക്കളുടെ അപകടങ്ങൾ സംബന്ധിച്ചും ഇത് ഉണ്ടാക്കുന്ന സാമൂഹികതിന്മകളെപ്പറ്റിയും പൊതുജനങ്ങളെ ബോധവത്കരിക്കുക, ഇക്കാര്യത്തിൽ മാധ്യമങ്ങൾ നിയന്ത്രണങ്ങൾ ലംഘിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുക തുടങ്ങി വിപുലമായ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതിനുള്ളത്.

കേബിൾ റ്റിവി നെറ്റ്വർക് (നിയന്ത്രണ) നിയമപ്രകാരം ജില്ലാതലത്തിൽ രൂപവത്കരിച്ചിട്ടുള്ള നിരീക്ഷണസമിതികളുമായി ചേർന്നു മേല്പറഞ്ഞ ലക്ഷ്യങ്ങൾ നേടാനുള്ള പ്രവർത്തനം വിപുലപ്പെടുത്താനാകും. പഞ്ചായത്ത് നഗരസഭാതലങ്ങൾ വരെ ഈ പ്രവർത്തനം എത്തിക്കുക ബുദ്ധിമുട്ടുള്ള കാര്യമല്ല. ജാഗ്രതാസമിതികളുടെ മാതൃകയിൽ മാധ്യമനിരീക്ഷണസമിതികൾ ഉണ്ടാകുന്നത് ആ തലങ്ങളിൽ വരെയുള്ള സ്ത്രീകളുടെയും പൊതുസമൂഹത്തിന്റെയും സ്ത്രീകാഴ്ചപ്പാടിനെത്തന്നെ ഗുണകരമായി സ്വാധീനിക്കും.

**വേറെയും ദൗത്യങ്ങൾ**

സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ വിശദമായി പഠനം നടത്തി ഗവൺമെന്റിനു ശുപാർശ നൽകുക എന്ന ചുമതലയും വനിതാക്കമ്മിഷനുണ്ട്. ഇതിനായി വർഷംതോറും ഉചിതമായ വിഷയങ്ങളിൽ കമ്മിഷൻ ഗവേഷണ പഠനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ സമൂഹത്തിലെ സാധാരണ സ്ത്രീകൾക്കും വേണ്ടി നിയമബോധവൽക്കരണ സെമിനാറുകളും ശില്പശാലകളും നടത്തുന്നു. വനിതാക്കമ്മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചു സേവനരംഗത്തു പ്രവർത്തിക്കുന്നവർക്കും മറ്റും അറിവു നൽകുക എന്ന ഉദ്ദേശ്യത്തോടെ സ്ത്രീശക്തി എന്ന ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കുന്നുമുണ്ട്.

ഗാർഹികപീഡനത്തിനും മറ്റ് അതിക്രമങ്ങൾക്കും വിധേയരായി വീട്ടിൽ നിന്നു പുറത്താക്കപ്പെട്ട സ്ത്രീകളെ തൽക്കാലികമായി താമസിപ്പിക്കാൻ കമ്മിഷന്റെ കീഴിൽ തിരുവനന്തപുരത്ത് ഹ്രസ്വകാലവസതി പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കും പട്ടികവിഭാഗങ്ങളിൽ പെട്ടവർക്കും ഡി.എൻ.എ ടെസ്റ്റ് നടത്താൻ വനിതാക്കമ്മിഷൻ സാമ്പത്തിക സഹായം നൽകാറുണ്ട്. വനിതാക്കമ്മിഷനിൽ ലഭിക്കുന്ന പരാതികളിൽ പിതൃത്വം സംബന്ധിച്ചു തർക്കം ഉണ്ടാകുന്ന കേസുകളിലും കുടുംബകോടതി നിർദ്ദേശ പ്രകാരവുമാണ് ഇപ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നത്. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയാണു പരിശോധന നടത്തുന്നത്.

വനിതാക്കമ്മിഷനിൽ പരാതി നൽകുന്നതിനുള്ള ഫോം കേരള വനിതാക്കമ്മിഷൻ ഓഫീസിൽ സൗജന്യമായി നൽകുന്നുണ്ട് ഇതു കമ്മിഷന്റെ വെബ്സൈറ്റിലും (www.kerala-womenscommission. gov.in) ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ വനിതാക്കമ്മിഷൻ ചെയർ പേഴ്സന്റെ പേരിൽ അയയ്ക്കാം. ഓൺലൈനായും പരാതി അയയ്ക്കാം.

കമ്മിഷന്റെ ഇത്തരം സേവനങ്ങളെപ്പറ്റി ജനങ്ങളെ ബോധവത്കരിക്കാനും അവയുടെ പ്രയോജനം അർഹരായവർക്കു ലഭ്യമാക്കാനും പ്രാദേശികസർക്കാരുകളും മറ്റു സമിതികളും ശ്രദ്ധിക്കണം. കൂടുതൽ ജനങ്ങളിലേക്കു കടന്നെത്തിക്കൊണ്ടേ വനിതാക്കമ്മിഷന് അതിൽ നിക്ഷിപ്തമായിരിക്കുന്ന മഹത്തായ ദൗത്യങ്ങൾ ഫലപ്രദമായി നിർവ്വഹിക്കാനാകൂ. അതിൽ പങ്കുചേരുകയും വിജയിപ്പിക്കുകയും ചെയ്യുക എന്നത് എല്ലാ പ്രദേശികസർക്കാരുകളുടെയും ഉത്തരവാദിത്തമുള്ള എല്ലാ പൊതുപ്രവർത്തകരുടെയും പ്രാഥമിക ധർമ്മങ്ങളിൽ ഒന്നാണ്. ■

*(ലേഖകൻ: കേരളാവനിതാക്കമ്മീഷൻ പി.ആർ.ഒ. ആണ് )*





എസ്. ജയകുമാർ

# വിത്തുവണ്ടി

**ഹായ്.............. വിത്തുവണ്ടി...!**

വിത്തുവണ്ടിയിൽ വിത്തുണ്ടോ സാറേ...!

ചോദിക്കുന്നത് മറ്റാരുമല്ല, വിത്തുവണ്ടിയെ സ്വീകരിച്ച കേരളത്തിലെ ഓരോ കുട്ടികളും ചോദിച്ച ചോദ്യമാണിത്.

സംസ്ഥാന കൃഷിവകുപ്പ് കേരളത്തിലെ 50 ലക്ഷം വരുന്ന വിദ്യാർത്ഥികൾക്ക് ഇത് രണ്ടാം വർഷവും പച്ചക്കറി കൃഷിക്ക് വിത്ത് വിതരണം ചെയ്തു. വളരെ ആവേശപൂർവ്വമാണ് ഓരോ വിദ്യാർത്ഥികളും വിത്തേറ്റു വാങ്ങിയത്. അദ്ധ്യാപകരുടെ ആശംസയും നിർദ്ദേശവും വിത്തിനൊപ്പം ആവശ്യത്തിന് ഉണ്ടായിരുന്നു. എന്നിട്ടും മണ്ണു കാണാത്ത വിത്തുകളുണ്ടെങ്കിലോ...?

**വിത്തിനൊപ്പം... മനസ്സുതേടി**


വിത്തുവണ്ടി വിദ്യാലയങ്ങളിലെത്തിയത് കുട്ടികളുമായി വിത്ത് സൗഹൃദം പങ്കുവയ്ക്കാനും കുട്ടികൾക്ക് വിത്തറിവും; കൃഷി പ്രചോദനവും സമ്മാനിക്കാനുമാണ്. വിത്തുവണ്ടിയുടെ വരവ് ആവേശപൂർണമാക്കി; അദ്ധ്യാപകരും ജനപ്രതിനിധികളും, പി.റ്റി.എയുമെല്ലാം വിത്ത് വേദികൾ നിറസമൃദ്ധമാക്കി.

ഒരു ജില്ലയിൽ രണ്ട് എന്ന കണക്കിനാണ് വിത്തുവണ്ടിയുടെ സന്ദർശനം. സബ്ജില്ലയിലെ തിരഞ്ഞെടുക്കുന്ന ഒരു സ്കൂളിലാണ് വേദിയൊരുങ്ങുന്നത്. ഒരേ സമയം രണ്ടുവിത്തു വണ്ടികളാണ് കേരളത്തിൽ പര്യടനം നടത്തിയത്. ഒരു വണ്ടി തെക്കു നിന്നും മറ്റൊന്ന് വടക്ക് നിന്നും തൃശ്ശൂർ ലക്ഷ്യമാക്കി സഞ്ചരിക്കുന്നു.

**കൃഷി ഉദ്യോഗസ്ഥർ നയിക്കുന്നു...**

ഓരോ ജില്ലകളിൽ നിന്നും തെരെഞ്ഞെടുത്ത് പരിശീലനം സിദ്ധിച്ച മൂന്ന് കൃഷി ഉദ്യോഗസ്ഥർ വീതം ചേർന്ന ടീമാണ് വിത്ത് വണ്ടി നയിക്കന്നത്. പാട്ട്, കളി, അഭിനയം എന്നിവ സമന്വയിപ്പിച്ച്; കുട്ടികൾക്ക് ആകർഷണീയവും; ആസ്വാദനകരവുമായ രീതിയിലാണ് വിത്തുവണ്ടിയുടെ അവതരണം.

**നാടൻ പാട്ടും, നാട്ടുചിന്തയും** കൃഷിസൂത്രവും, കാർഷിക ഗെയിമും, കടംകഥയും, പഴഞ്ചൊല്ലും എല്ലാം വിത്തുവണ്ടിയിലുണ്ട്. അതു കൊണ്ടു തന്നെ താളത്തിലും, ഈണത്തിലും കാർഷിക സംസ്കൃതിയുടെ ഇഴചേർത്താണ് വിത്ത്വണ്ടി മുന്നോട്ട് പ്രയാണം ചെയ്യുന്നതെന്ന് നിസ്സംശയം പറയാം. വടക്കൻ വണ്ടി ആഗസ്റ്റ് 20ന് മഞ്ചേശ്വരത്ത് നിന്ന് കൃഷി മന്ത്രി കെ.പി മോഹനനും വിത്തു വണ്ടി – 2 തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ നിന്ന് വിദ്യാഭ്യാസ മന്ത്രി പി.കെ അബ്ദുറബ്ബും ഫ്ളാഗ്ഓഫ് ചെയ്തു.



**കാർഷിക കാഴ്ചയും: കാർഷിക ഉപകരണങ്ങളും**

കാർഷിക വിളകൾ പ്രദർശിപ്പിച്ചും പഴമതുളുമ്പുന്ന കലപ്പയും, വില്ലും, ചാട്ടും, വിത്തുകൂടയും എല്ലാം സവിശേഷമായി നിരത്തി കൃഷിയുടെ പൈതൃകമൂല്യം വിദ്യാർത്ഥികൾ വിത്തുവണ്ടിയിലൂടെ വിളംബരം ചെയ്തു.

**ഉദ്യോഗതലം: അദ്ധ്യാപക ജനപ്രതിനിധി സൗഹൃദ സംഗമം**

വിത്തുവണ്ടി എത്തുന്ന സബ് ജില്ലാ വേദികളിൽ ജില്ലാതലം മുതൽ ഗ്രാമീണ തലം വരെയുള്ള വിവധ കൃഷി ഉദ്യോഗസ്ഥരും, എ.ഇ.ഒ, ഹെഡ്മാസ്റ്റർ തുടങ്ങിയ അദ്ധ്യാപക വിഭാഗവും എം.എൽ.എ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരും, കാർഷിക വികസന സമിതി അംഗങ്ങളും എല്ലാം കൂടി ഒത്തു ചേരുമ്പോൾ കൃഷി വേദിയുടെ സാക്ഷ്യം നിറവിന്റെ മുത്തുകുട ചൂടുന്നു.

**വിത്തുവണ്ടി 7 ജില്ലകൾ പിന്നിട്ടു**

ഇതിനകം വിത്തുവണ്ടി വിജയകരമായി ഏഴു ജില്ലകൾ പിന്നിട്ടു കഴിഞ്ഞു തുടർ ജില്ലസന്ദർശനം ഒക്ടോബർ ആദ്യം ആരംഭിക്കും. സമാപന സംഗമം തൃശ്ശൂർ തേക്കിൻകാട് മൈതാനത്തിൽ നടക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട- ഒരു വണ്ടിയും; കാസർകോഡ്, കണ്ണൂർ, മലപ്പുറം, വയനാട് ജില്ലകൾ മറ്റൊരു വണ്ടിയും വിജയകരമായി പൂർത്തിയാക്കി.

**കൃഷി പ്രചരണത്തിന്റെ പുതു മാതൃക**

പുതുതലമുറകളെ കോർത്തിണക്കി കൃഷി പ്രചരണത്തിന്റെ ഒരു പുത്തൻ അധ്യായവും സാംസ്കാരിക നിറവിന്റെ ഒരു പുതിയ രസചരടുമാണ് വിത്തുവണ്ടി സമ്മാനിച്ചുകൊണ്ടിരിക്കുന്നത്. കുട്ടികൾ ഒരു കൂട്ടമല്ല... കേരളമൊന്നാകെ വിത്തുവണ്ടിയിലൂടെ മനസ്സർപ്പിച്ച് മണ്ണിലേക്ക് കടന്നു വരുന്ന കാഴ്ചയ്ക്കാണ് നാം സാക്ഷ്യം വഹിക്കാൻ പോകുന്നത്.

**വിത്തുവണ്ടി... ഞങ്ങടെ വണ്ടി**

വിത്തുവണ്ടിക്കൊപ്പം കുട്ടികളിങ്ങനെപാടുന്നു.
വിത്തുവണ്ടി... ഞങ്ങടെവണ്ടി
ഞങ്ങടെവണ്ടി... വിത്തുവണ്ടി
പാവലുണ്ടേ... പയറുണ്ടേ...
ഞങ്ങടെവണ്ടിയിൽ എല്ലാമുണ്ടേ
അമ്മയുണ്ടേ... നന്മയുണ്ടേ...
പെട്ടിയുണ്ടേ... പറയുണ്ടേ...

**സമഗ്ര പച്ചക്കറികൃഷി കേരളം കണ്ട ബൃഹത്പദ്ധതി**

56.25 കോടി രൂപ വകയിരുത്തി കൃഷിവകുപ്പ് നടപ്പിലാക്കുന്ന സമഗ്രപച്ചക്കറി കൃഷി വികസനപദ്ധതിയിൽ, 5 ഹെക്ടർ വീതം കൃഷി വരുന്ന 2490 ക്ലസ്റ്ററുകൾ; ഒരു ഹെക്റ്ററിൽ 15,000 രൂപ ആനുകൂല്യം നൽകി കൃഷിയോഗ്യമാകുന്നു.

1316 ഹെക്റ്ററിൽ, ഒരു ഹെക്ടറിന് 30,000 രൂപ ആനുകൂല്യത്തിൽ തരിശു ഭൂമികൃഷിയും മട്ടുപ്പാവിൽ ഗ്രോബാഗ് കൃഷിയും, വിദ്യാർത്ഥികൾക്കും വിദ്യാലയ കൃഷിയും ഉൾപ്പെടെ പച്ചക്കറികൃഷിയ്ക്ക് സമഗ്രമായ പ്രോത്സാഹനം തന്നെ കൃഷി വകുപ്പ് നല്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടുക. ■

*ലേഖകൻ: ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ കൃഷി അസിസ്റ്റന്റാണ്.*

ഉദയഭാനു കണ്ടേത്ത്


# പഞ്ചായത്ത് അക്കൗണ്ട്
## സംശയങ്ങളും മറുപടികളും

**1. ചോദ്യം:**

ഞങ്ങളുടെ പഞ്ചായത്തിൽ ഒരു ദിവസം ലഭിച്ച മൊത്തം കളക്ഷൻ 8920 രൂപയായിരുന്നു. ഇതേ തുക തന്നെ അന്നേ ദിവസത്തെ കളക്ഷൻ ആയി കാഷ്ബുക്കിൽ കാണുന്നുണ്ട്. ഇതേ തുകയ്ക്ക് പിറ്റേന്ന് കോൺട്രാ എൻട്രി രേഖപ്പെടുത്തി. എന്നാൽ ബാങ്കിൽ പേ ഇൻ സ്ലിപ് പ്രകാരം അടച്ചത് 8900 രൂപ മാത്രമായിരുന്നു. അതായത് 20 രൂപ കുറവ്. കാഷ് ബുക്കിൽ വ്യത്യാസമൊന്നും കാണാതിരുന്നതിനാൽ അടുത്ത മാസം ആദ്യം ബാങ്ക് റിക്കൺസിലിയേഷൻ ചെയ്യുന്നതുവരെ ഈ വ്യത്യാസം ശ്രദ്ധയിൽ പെട്ടില്ല. എന്നാൽ പഞ്ചായത്തിന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള 8920 രൂപയ്ക്കു പകരം, ബാങ്കിൽ നിന്നു ലഭിച്ച ബാങ്ക് സ്റ്റേറ്റ്മെന്റിൽ 8900 രൂപയാണ് കാണിച്ചിരിക്കുന്നത്. ഈ 20 രൂപ "Direct Debit to Bank" എന്ന ഇനത്തിൽ വ്യത്യാസമായി കാണിച്ചാണ് ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയത്. 20 രൂപയുടെ ഈ വ്യത്യാസം എങ്ങനെ പരിഹരിക്കാം?

**ഉത്തരം:**

കളക്ഷൻ ബാങ്കിൽ അടച്ചതിനുള്ള കോൺട്രാ എൻട്രി രേഖപ്പെടുത്തിയത് തെറ്റായ നടപടിക്രമം അവലംബിച്ചാണ്. അതായത് ആദ്യം കോൺട്രാ എൻട്രി രേഖപ്പെടുത്തി. പിന്നീടാണ് ബാങ്കിൽ പണം അടടച്ചത്. ഇതല്ല ശരിയായ രീതി. ബാങ്കിൽ പണം അടച്ചാൽ, അടച്ച തുക രേഖപ്പെടുത്തിയ പേ ഇൻസ്ലിപ്പിന്റെ കൗണ്ടർ ഫോയിൽ ബാങ്കിന്റെ സീൽ പതിച്ച് നമുക്കു ലഭിക്കും. ഈ കൗണ്ടർ ഫോയിൽ പരിശോധിച്ച്, അതിൽ കാണുന്ന തുകയാണ് കോൺട്രാഎൻട്രി ആയി രേഖപ്പെടുത്തേണ്ടത്. ഇപ്രകാരം ചെയ്തിരുന്നെങ്കിൽ 20 രൂപയുടെ തെറ്റ് അന്നേ ദിവസം തന്നെ പഞ്ചായത്തിന്റെ



ശ്രദ്ധയിൽ പെട്ടേനെ. കാരണം കാഷ് ബുക്ക് ക്ലോസിംഗ് ബാലൻസിൽ 20 രൂപ അധികമായി ഉൾപ്പെട്ടതായി അന്നുമുതൽ എല്ലാദിവസവും കാണുമായിരുന്നു.

അതിനാൽ ഇനിമുതൽ ശ്രദ്ധിക്കുക, ബാങ്കിൽ അടച്ച തുകയ്ക്ക് കോൺട്രാ എൻട്രി രേഖപ്പെടുത്തേണ്ടത് താഴെ പറയുന്ന രീതിയിലാണ്. 1. ബാങ്കിൽ പണം അടച്ചു കഴിഞ്ഞാൽ തിരികെ ലഭിക്കുന്ന പേ ഇൻസ്ലിപ്പിന്റെ കൗണ്ടർ ഫോയിൽ അടിസ്ഥാനമാക്കി കോൺട്രാ എൻട്രി രേഖപ്പെടുത്തണം. (2) ബാങ്കിൽ പണം അടയ്ക്കുന്നതിനു മുമ്പ് സാംഖ്യയിൽ കോൺട്രാ എൻട്രി രേഖപ്പെടുത്തുന്നത് അനുവദനീയമല്ല. 3) സാംഖ്യയിൽ ഡിഫാൾട്ട് ആയികാണിക്കുന്ന കോൺട്രാ എൻട്രി തുകയല്ല യഥാർത്ഥത്തിൽ ബാങ്കിൽ അടച്ചതെങ്കിൽ കോൺട്രാ എൻട്രി തുക എഡിറ്റ് ചെയ്യണം. തുടർന്ന് പേ ഇൻസ്ലിപ്പ് പ്രകാരമുള്ള തുകയ്ക്ക് സാംഖ്യയിൽ കോൺട്രാ എൻട്രി രേഖപ്പെടുത്തണം.

താങ്കളുടെ പഞ്ചായത്തിൽ സംഭവിച്ച തെറ്റ് തിരുത്തുന്നതിന് താഴെ പറയുന്ന നടപടി സ്വീകരിക്കണം. ഏറ്റവും അടുത്തദിവസം (കഴിയുമെങ്കിൽ ഇന്നു തന്നെ) ഒരു പ്രൊസീഡിംഗ്സ് സെക്രട്ടറിയുടെ കയ്യൊപ്പിന്മേൽ തയ്യാറാക്കണം. സംഭവിച്ചു പോയ തെറ്റിന്റെ വിവരവും. അതു തിരുത്താനായി ഉടൻ തന്നെ ബാങ്കിൽ 20 രൂപ അടയ്ക്കാൻ തീരുമാനിച്ച വിവരവും പ്രൊസീഡിംഗ്സിൽ പറയണം. 20 രൂപ ബാങ്കിൽ അടയ്ക്കുക. ഈ 20 രൂപ കൂടി ഉൾപ്പെട്ട കോൺട്രാ എൻട്രി ആദ്യമേ തന്നെ സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പുതുതായി ഒന്നും രേഖപ്പെടുത്തേണ്ടതില്ല. 20 രൂപയുടെ നിക്ഷേപ വിവരം കൂടി കാണിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റ് അടുത്തമാസം ആദ്യം ലഭിക്കും. അതിന്റെ അടിസ്ഥാനത്തിൽ "Direct Debit to Bank" ആയി നിലനിൽക്കുന്ന 20 രൂപയുടെ വ്യത്യാസം ക്രമീകരിച്ച് ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാവുന്നതാണ്.

ഇനി ചെയ്യേണ്ട കാര്യങ്ങൾ: നേരത്തെ പറഞ്ഞ പ്രൊസീഡിംഗ്സ് ഫയലിൽ സൂക്ഷിക്കുക; പ്രൊസീഡിംഗ്സിന്റെ പകർപ്പെടുത്ത് കാഷ്ബുക്ക് പ്രിന്റ് ഔട്ടിൽ യഥാസ്ഥാനത്ത് ഒട്ടിച്ചുവയ്ക്കുക; കാര്യങ്ങൾ ഓഡിറ്റർക്ക് വിശദീകരിച്ചുകൊടുക്കുക. 20 രൂപ ബാങ്കിൽ എന്ന് അടയ്ക്കുന്നുവോ, ആ ദിവസം മുതൽ മാത്രമാണ് അപാകത പരിഹരിയ്ക്കപ്പെടുന്നത് എന്ന കാര്യം മറക്കരുത്.

**ജനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ ജനങ്ങൾക്കായി സേവനമനുഷ്ഠിക്കുന്ന നാം, എന്തിനാണ് ജനങ്ങളിൽ നിന്ന് എന്തെങ്കിലും മറച്ചുവയ്ക്കാൻ ആഗ്രഹിക്കുന്നത്? എല്ലാം സുതാര്യമായിരിക്കട്ടെ എന്നല്ലേ പുതിയ കാലത്തിന്റെ സന്ദേശം? വിവരാവകാശനിയമം വന്നതോടെ ആരെയം അറിയിക്കാതെ പൂട്ടിക്കെട്ടി വച്ചിരുന്നതെല്ലാം, പത്തുരൂപ അടയ്ക്കുന്ന ഓരോ വ്യക്തിക്കും മുന്നിലും തുറന്നു കാണിക്കുകയല്ലേ? "എല്ലാ രഹസ്യവും; നിങ്ങൾക്കൊന്നും അറിയാൻ അവകാശമില്ല" എന്ന രാജാധികാരത്തിന്റെയും കോളനി വാഴ്ചയുടേയും കാലമൊക്കെ പോയി മറഞ്ഞു. അല്ലെങ്കിലും ചെയ്ത തെറ്റുകൾ മറച്ചുവയ്ക്കുക, മായ്ച്ചുകളയുക തുടങ്ങിയവയൊന്നും പണ്ടുകാലം മുതലേ അക്കൗണ്ടിംഗിൽ അനുവദനീയമല്ല.**



**2. ചോദ്യം:**

ഞങ്ങളുടെ പഞ്ചായത്തിൽ കറന്റ് പോകൽ തുടർക്കഥയാണ്. അതിനാൽ പല ദിവസങ്ങളിലും മാന്വൽ ആയി രസീത് നൽകേണ്ടിവരുന്നു. അതെല്ലാം അന്നേ ദിവസം തന്നെ "ഇന്ററപ്റ്റഡ് രസീത്" (interrupted receipt) ആയി സാംഖ്യയിൽ രേഖപ്പെടുത്താൻ ജോലിത്തിരക്കുമൂലം പലപ്പോഴും സാധിക്കാറില്ല. അതിനാൽ പിന്നീട് ഏതെങ്കിലും ഒരു ദിവസമായിരുക്കും ഇന്ററപ്റ്റഡ് രസീത് രേഖപ്പെടുത്തുക. എന്നാൽ കൃത്യമായി പിറ്റേന്നുതന്നെ കളക്ഷൻ തുക മുഴുവൻ ബാങ്കിൽ അടയ്ക്കും. മുഴുവൻ കളക്ഷനും അതതുദിവസം തന്നെ സാംഖ്യയിൽ രസീത് ആയി കാണിക്കാതിരിക്കുകയും എന്നാൽ മുഴുവൻ കളക്ഷനും പിറ്റേന്ന് ബാങ്കിൽ അടച്ച് കോൺട്രാ എൻട്രി രേഖപ്പെടുത്തുകയും ചെയ്യുന്നതിനാൽ യഥാർത്ഥത്തിൽ കളക്ഷൻ ആയി ലഭിച്ച തുകയേക്കാൾ കുറഞ്ഞ തുകയാണ് ക്ലോസിംഗ് ബാലൻസായി പലദിവസവും സാംഖ്യയിൽ കാഷ്ബുക്കിൽ കാണിക്കുന്നത്. ഇതെങ്ങനെ പരിഹരിക്കും?

**ഉത്തരം:**

ഒരു തെറ്റു നിലനിർത്തിക്കൊണ്ട് കാര്യങ്ങൾ എങ്ങനെ ശരിയാക്കാമെന്നാണ് ചോദ്യം. ഇപ്പോൾ ചെയ്യുന്ന തെറ്റുതിരുത്തുക; കാര്യങ്ങൾ തനിയേ ശരിയായിക്കൊള്ളും എന്നേ മറുപടി നൽകാനാവൂ. അതായത് എല്ലാ ദിവസവും വൈകുന്നേരം കാഷ്ബുക്ക് പ്രിന്റ് ഔട്ട് എടുക്കുന്നതിനുമുമ്പ് മുഴുവൻ ഇന്ററപ്റ്റഡ് രസീതുകളും സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. നിവൃത്തിയില്ലാത്ത സാഹചര്യങ്ങളിൽ ഇപ്രകാരം ചെയ്യാൻ സാധിച്ചിട്ടില്ലെങ്കിൽ ദൃഢനിശ്ചയത്തോടെ, അധികം താമസിയാതെ, ഇന്ററപ്റ്റഡ് രസീത് മുഴുവൻ രേഖപ്പെടുത്തി തീർക്കുക. അന്നേ ദിവസം എടുക്കുന്ന കാഷ് ബുക്ക് പ്രിന്റ്ഔട്ടിൽ കാണിക്കുന്ന ക്ലോസിംഗ് ബാലൻസും കയ്യിലുള്ള കാഷ് ബാലൻസും ഒന്നു തന്നെയായിരിക്കും. അതുവരെ അപാകത പരിഹരിക്കപ്പെടാതെ നിലനിൽക്കും.

**3. ചോദ്യം:**

ഇപ്പോൾതന്നെ രണ്ടു മറുപടികളിൽ നിന്നു മനസ്സിലാകുന്ന ഒരു കാര്യമുണ്ട്. തെറ്റായി സാംഖ്യയിൽ ചെയ്ത ഏതെങ്കിലും കാര്യം, പിന്നീട് തിരുത്തി ശരിയാക്കിയാലും, നേരത്തെ തെറ്റു ചെയ്തിരുന്നു എന്ന സംഗതി ഓഡിറ്റർക്കു മനസ്സിലാക്കാൻ കഴിയും എന്നതാണത്. തെറ്റു തിരുത്തി എല്ലാം ശരിയാക്കിക്കഴിഞ്ഞാൽ, നേരത്തെ തെറ്റു ചെയ്ത കാര്യം ഓഡിറ്റർക്കു കാണാൻ കഴിയാത്ത രീതിയിൽ സാംഖ്യയിൽ മറച്ചുവച്ചുകൂടെ?

**ഉത്തരം:**

ജനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ ജനങ്ങൾക്കായി സേവനമനുഷ്ഠിക്കുന്ന നാം, എന്തിനാണ് ജനങ്ങളിൽ നിന്ന് എന്തെങ്കിലും മറച്ചുവയ്ക്കാൻ ആഗ്രഹിക്കുന്നത്? എല്ലാം സുതാര്യമായിരിക്കട്ടെ എന്നല്ലേ പുതിയ കാലത്തിന്റെ സന്ദേശം? വിവരാവകാശനിയമം വന്നതോടെ ആരെയം അറിയിക്കാതെ പൂട്ടിക്കെട്ടി വച്ചിരുന്നതെല്ലാം, പത്തുരൂപ അടയ്ക്കുന്ന ഓരോ വ്യക്തിക്കും മുന്നിലും തുറന്നു കാണിക്കുകയല്ലേ? "എല്ലാ രഹസ്യവും; നിങ്ങൾക്കൊന്നും അറിയാൻ അവകാശമില്ല" എന്ന രാജാധികാരത്തിന്റെയും കോളനി വാഴ്ചയുടേയും കാലമൊക്കെ പോയി മറഞ്ഞു. അല്ലെങ്കിലും ചെയ്ത തെറ്റുകൾ മറച്ചുവയ്ക്കുക, മായ്ച്ചു

**ഒരു തെറ്റു നിലനിർത്തിക്കൊണ്ട് കാര്യങ്ങൾ എങ്ങനെ ശരിയാക്കാമെന്നാണ് ചോദ്യം. ഇപ്പോൾ ചെയ്യുന്ന തെറ്റുതിരുത്തുക; കാര്യങ്ങൾ തനിയേ ശരിയായിക്കൊള്ളും എന്നേ മറുപടി നൽകാനാവൂ. അതായത് എല്ലാ ദിവസവും വൈകുന്നേരം കാഷ്ബുക്ക് പ്രിന്റ് ഔട്ട് എടുക്കുന്നതിനുമുമ്പ് മുഴുവൻ ഇന്ററപ്റ്റഡ് രസീതുകളും സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.**



**ഇനിമുതൽ ശ്രദ്ധിക്കുക, ബാങ്കിൽ അടച്ച തുകയ്ക്ക് കോൺട്രാ എൻട്രി രേഖപ്പെടുത്തേണ്ടത് താഴെ പറയുന്ന രീതിയിലാണ്. 1. ബാങ്കിൽ പണം അടച്ചു കഴിഞ്ഞാൽ തിരികെ ലഭിക്കുന്ന പേ ഇൻസ്ലിപ്പിന്റെ കൗണ്ടർ ഫോയിൽ അടിസ്ഥാനമാക്കി കോൺട്രാ എൻട്രി രേഖപ്പെടുത്തണം. (2) ബാങ്കിൽ പണം അടയ്ക്കുന്നതിനു മുമ്പ് സാംഖ്യയിൽ കോൺട്രാ എൻട്രി രേഖപ്പെടുത്തുന്നത് അനുവദനീയമല്ല. 3) സാംഖ്യയിൽ ഡിഫാൾട്ട് ആയി കാണിക്കുന്ന കോൺട്രാ എൻട്രി തുകയല്ല യഥാർത്ഥത്തിൽ ബാങ്കിൽ അച്ചതെങ്കിൽ കോൺട്രാ എൻട്രി തുക എഡിറ്റ് ചെയ്യണം.**

കളയുക തുടങ്ങിയവയൊന്നും പണ്ടുകാലം മുതലേ അക്കൗണ്ടിംഗിൽ അനുവദനീയമല്ല. മാന്വൽ സമ്പ്രദായമായാലും കംപ്യൂട്ടർവൽക്കൃത സമ്പ്രദായമായാലും ഇതിനു മാറ്റമില്ല. കംപ്യൂട്ടർവൽക്കരണമാകട്ടെ, എല്ലാ കാര്യങ്ങളും എല്ലാ ഉപയോക്താക്കൾക്കും സുതാര്യമാക്കിത്തീർക്കുക എന്നതാണ് ഉന്നമിടുന്നത്. കാഷ്യർ, അക്കൗണ്ടന്റ്, സെക്രട്ടറി, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഓഡിറ്റർ തുടങ്ങിയവരെല്ലാം സാംഖ്യയുടെ ഉപയോക്താക്കളാണ്. നേരത്തെ ഒരു തെറ്റുണ്ടായിരുന്നുവെന്നും, ഇപ്പോൾ എല്ലാം തിരുത്തി, അക്കൗണ്ടിംഗ് കൃത്യമായിത്തീർന്നിരിക്കുന്നു എന്നും എല്ലാവരേയും അറിയിക്കുന്നതല്ലേ യോഗ്യത?

**4. ചോദ്യം:**

സാമ്പത്തികവർഷം അവസാനിച്ചശേഷം അക്കൗണ്ടന്റ് എല്ലാ ജോലികളും ചെയ്തുതീർത്താലും റവന്യൂ സെക്ഷനിൽ ഡിസിബി തയ്യാറാകാത്തതിനാൽ സാംഖ്യയിൽ വസ്തു നികുതി, തൊഴിൽ നികുതി തുടങ്ങിയവയുടെ ശരിയായ അക്രൂവൽ വരുമാനം ചേർക്കാൻ കഴിയുന്നില്ല. അതിനാൽ ഡിസിബി തയ്യാറാകുന്നതുവരെ കാത്തി നിൽക്കേണ്ടിവരികയും വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ സമർപ്പണം താമസിക്കുകയും ചെയ്യുന്നു. ഈ കാലതാമസം ഒഴിവാക്കാൻ എന്താണ് വഴി?

**ഉത്തരം:**

സഞ്ചയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വഴി വസ്തു നികുതി, തൊഴിൽ നികുതി തുടങ്ങിയവയുടെ ഇലകട്രോണിക്ക് ഡേറ്റാബേസ് തയ്യാറാക്കി സാംഖ്യയുമായി ഉദ്ഗ്രഥിച്ചു പ്രവർത്തനമാരംഭിച്ചാൽ പ്രശ്നം പരിഹരിക്കാനാവും. എന്നാൽ ലഭ്യമായ വിവരങ്ങൾ വച്ച് ഇപ്പോൾതന്നെ പ്രതിമാസ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഡിപ്പാർട്ട്മെന്റിനു സമർപ്പിക്കുന്നുണ്ടല്ലോ. ഇതുപ്രകാരമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാംഖ്യയിൽ അക്രൂവൽ വരുമാനം രേഖപ്പെടുത്താവുന്നതാണ്. ■

*ലേഖകൻ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ സീനിയർ ഓഡിറ്റ് ആഫീസർ ആയിരുന്നു.*



## മാണിക്കൽ ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് മന്ദിരം



മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ ചിരകാല സ്വപ്നമായ ആധുനിക സൗകര്യങ്ങൾ നിറഞ്ഞ പുതിയ ഓഫീസ് മന്ദിരം 2013 ആഗസ്റ്റ് മാസം 31-ാം തീയതി പഞ്ചായത്തു വകുപ്പ് മന്ത്രി ഡോ: എം.കെ മുനീർ നിർവ്വഹിച്ചു. കേരളത്തിൽ ഞാൻ കണ്ട ഏറ്റവും മനോഹരമായ പഞ്ചായത്ത് ഓഫീസ് കെട്ടിടമാണ് ഇന്ന് ഇവിടെ ഉദ്ഘാടനം ചെയ്യപ്പെട്ടതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിൽ പാലോട് രവി എം.എൽ.എ അദ്ധ്യക്ഷത വഹിക്കുകയും പഞ്ചായത്ത് പ്രസിഡന്റ് കെ. ജയൻ സ്വാഗതം ആശംസിക്കുകയും പഞ്ചായത്ത് സെക്രട്ടറി എം.പി പ്രമോദ് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്യുകയുണ്ടായി. ഉദ്ഘാടന യോഗത്തിൽ സന്നിഹിതരായിരുന്ന അഡ്വ.എ സമ്പത്ത് എം.പി ഫ്രണ്ട് ഓഫീസ് ഉദ്ഘാടനം നിർവ്വഹിക്കുകയും കോലിയക്കോട് എൻ.കൃഷ്ണൻ നായർ എം.എൽ.എ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിക്ക് വേണ്ടി കേരളത്തിൽ ആദ്യമായി നിർമ്മാണം പൂർത്തിയാക്കിയ രാജീവ് ഗാന്ധി സേവാ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.



മാണിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മുൻവശത്ത് പൊതുജനങ്ങൾക്ക് വേണ്ടി കാത്തിരിപ്പ് കേന്ദ്രം നിർമ്മിച്ചിട്ടുണ്ട് ക്യൂ ഒഴിവാക്കുന്നതിനായി ടോക്കൺ സംവിധാനം ഫ്രണ്ട് ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഓഫീസിന്റെ മുൻവശത്ത് തന്നെ ക്രമീകരിച്ചിരിക്കുന്ന ഫ്രണ്ട് ഓഫീസ് സംവിധാനത്തിൽ നിന്നും എല്ലാവിധ സേവനങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്. കാത്തിരിപ്പിന്റെ വിരസതയകറ്റുന്നതിന് പഞ്ചായത്ത് ഓഫീസിന്റെ മുൻവശത്തുള്ള കാത്തിരിപ്പ് കേന്ദ്രത്തിൽ ഒരു എൽ.ഇ.ഡി ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്. വികലാംഗരായ ജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസിനുള്ളിൽ പ്രവേശിക്കുന്നതിന് ഒരു റാമ്പ് ഓഫീസിന്റെ മുൻവശത്തായി നിർമ്മിച്ചിരിക്കുന്നു.

*(പ;ന്യൂ;സർവ്വീസ്)*



## നാടിനെ കാർഷികസമൃദ്ധമാക്കാൻ കൊളച്ചേരി ഗ്രാമപഞ്ചായത്ത് മെംബർമാർ

നാടിനെ കാർഷികസമൃദ്ധമാക്കാൻ ജനപ്രതിനിധികൾ മുന്നിട്ടിറങ്ങിയപ്പോൾ അതൊരു ഉദാത്ത മാതൃകയായി. കൊളച്ചേരി ഗ്രാമപ്പഞ്ചായത്തിലെ നാലാം വാർഡ് നണിയൂരിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഹരിതമുദ്ര പദ്ധതിപ്രകാരം കപ്പയും മറ്റും നട്ടാണ്, തങ്ങൾക്ക് പൊതുസേവനം മാത്രമല്ല കൃഷിയും വഴങ്ങുമെന്ന് പഞ്ചായത്ത് മെംബർമാർ തെളിയിച്ചത്. പഞ്ചായത്തിനെ പാൽ, മുട്ട, പച്ചക്കറി തുടങ്ങിയ കാര്യങ്ങളിൽ സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഭരണ-പ്രതിപക്ഷ അംഗങ്ങൾ ഒത്തൊരുമയോടെ പ്രസിഡന്റിന്റെ പിന്നിൽ അണിനിരന്നത്. ഇതിന്റെ ഭാഗമായി ഓരോ വാർഡിലും ജൈവ ഗ്രാമം പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിനോടകം പാമ്പുരുത്തി, നണിയൂർ, എടക്കൈ വാർഡുകൾ ഇതിൽ സ്വയം പര്യാപ്തമായി. ഈ വർഷം അവസാനത്തോടെ 11,12 വാർഡുകളെയും ജൈവഗ്രാമമാക്കാനാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഇതുകൊണ്ടു മാത്രം അവസാനിപ്പിക്കുന്നില്ല പ്രവർത്തനങ്ങൾ. ചേനയും ചേമ്പും ഉടൻ കൃഷിചെയ്യാനുള്ള ഒരുക്കത്തിലാണ് ഇവർ. മണ്ണൊലിപ്പ് തടയുന്നതിനും ജലം സംരക്ഷിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി കൃഷികൾ ചെയ്യുന്നുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അംഗങ്ങൾ ഇതിനോടകം 300 തെങ്ങിൻതൈ നട്ട് പരിപാലിക്കുന്നു. പ്രസിഡന്റ് ഉൾപ്പെടെ പഞ്ചായത്തിലെ 17 വാർഡിലെയും ജനപ്രതിനിധികളാണ് പരിപാലനം ശ്രദ്ധിക്കുന്നത്. അര ഏക്കറോളം സ്ഥലത്താണ് കപ്പകൃഷി ചെയ്തത്. ഇതിനായി സ്വന്തം കീശയിലെ പണം വിനിയോഗിച്ചു.

തുടർപരിപാലനം അംഗങ്ങൾ ചെയ്യുന്നതിനാൽ കൃഷിക്ക് ചെലവ് കുറവാണെന്നും വിളവെടുത്ത് കുടുംബശ്രീ സ്റ്റാളുകൾ വഴി പഞ്ചായത്തിലെ ജനങ്ങൾക്കു തന്നെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രസിഡന്റ് കെ. കെ. മുസ്തഫ പറഞ്ഞു. കൃഷിയിൽനിന്ന് ലഭിക്കുന്ന ലാഭം പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിക്കും. ഇത്തരത്തിൽ കഴിഞ്ഞ ജനുവരി മുതൽ 1,30000 രൂപ ദുരിതാശ്വാസ നിധിയിൽനിന്ന് രോഗികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വൈസ് പ്രസിഡന്റ് ടി വി മഞ്ജുള, വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ വി ടി മൻസൂർ, ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ടി.പി.സീന, ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ സി.മുഹമ്മദ്, മെംബർമായ എം. ദാമോദരൻ, പി.പി.സി. മുഹമ്മദ് കുഞ്ഞി, ടി. അബ്ദുൽ ലത്തീഫ്, കെ.എം.പി. സറീന, കെ.സി.പി ഫൗസിയ, കെ. അനിൽകുമാർ, ഇ.കെ.അജിത, കെ. ശോഭന, ബാലസുബ്രഹ്മണ്യൻ, കെ വി അസ്മ, ഇ.അജിത, എം.പി.അനിത, സി.ഡി.എസ്.ചെയർപേഴ്സൺ കെ. താഹിറ, എന്നിവരും പരിപാടിയിൽ പങ്കെടുത്തു.







# നാം അറിയേണ്ട ലോകം



## ആത്മഹത്യാ സാധ്യത നേരത്തേ അറിയാം

ആത്മഹത്യാ പ്രവണതയുള്ള വ്യക്തികളിൽ രക്തത്തിലെ ജീവകോശങ്ങളുടെ അടിസ്ഥാന ജനിതക ഘടകമായ റൈബോന്യൂക്ലിക് ആസിഡ് (ആർ.എൻ.എ) വളരെ ഉയർന്ന അളവിലായിരിക്കുമെന്ന് ഗവേഷകർ കണ്ടെത്തി. അമേരിക്കയിലെ ഇന്ത്യാനസർവകലാശാലിയലെ ഗവേഷകരാണ് പുതിയ കണ്ടെത്തലിനു പിന്നിൽ. ഇങ്ങനെ ആത്മഹത്യാ സാധ്യത മുൻകൂട്ടി കണ്ടെത്തുന്ന പക്ഷം രോഗിക്ക് മുൻകൂട്ടി നിർദ്ദേശം നല്കാനും ആത്മഹത്യാ പ്രവണതകളിൽ നിന്നും പിന്തിരിപ്പിക്കാനും സാധിക്കുമെന്നാണ് ഗവേഷകരുടെ അഭിപ്രായം. കഴിഞ്ഞ മൂന്ന് വർഷത്തെ നിരന്തര പഠനങ്ങളിലൂടെ നിരവധി വ്യക്തികളെ നിരീക്ഷിച്ച് രക്ത പരിശോധനകൾ നടത്തിയാണ് പ്രൊഫ:അലക്സാണ്ടർ നികോലെസ്ക്യൂവിന്റെ നേതൃത്വത്തിലുള്ള സംഘം ഇത്തരം ഒരു നിഗമനത്തിൽ എത്തിച്ചേർന്നത്.

## തക്കാളിയും ഉരുളക്കിഴങ്ങും ഇനി ഒരേ ചെടിയിൽ

ഒരേസമയം തക്കാളിയും ഉരുളക്കിഴങ്ങും വിളയുന്ന ചെടി യഥാർഥ്യമായി. ലണ്ടൻ ഇപ്സവിച്ചിലെ ഉദ്യാന നിർമ്മാതാക്കളായ തോംസൺ ആൻഡ് മോർഗൻ കമ്പനിയാണ് "ടൊംടാറ്റോ" എന്ന പേരിൽ ജനിതകമാറ്റം വരുത്തിയ ചെടി വിപണിയിൽ എത്തിച്ചിരിക്കുന്നത്. രണ്ട് ചെടികളുടേയും തണ്ടുകൾ ഒട്ടിച്ചുചേർത്ത് (ഗ്രാഫ്റ്റിംഗ്) വികസിപ്പിച്ച ഇത്തരം ചെടികളിലെ ഉൽപന്നങ്ങളുടെ രുചിയിൽ വലിയ വ്യത്യാസം ഉണ്ടായിരുന്നതായും എന്നാൽ ടൊം ടാറ്റൊ രുചികരമാണെന്നും തോംസൺ ആൻഡ് മോർഗൻ ഡയറക്ടർ പോൾ ഹാൻസേർഡ് പറഞ്ഞു.

---

## ലോകത്തെ ഏറ്റവും വലിയ സൗരോർജ വൈദ്യുതി പദ്ധതി രാജസ്ഥാനിൽ

രാജസ്ഥാൻ സംഭാർ തടാകത്തിനടുത്ത് 4000 മെഗാവാട്ട് ശേഷിയുള്ള ലോകത്തെ ഏറ്റവും വലിയ സൗരോർജ വൈദ്യുതി പദ്ധതി നിലവിൽ വരുന്നു. ജയ്പൂരിൽ നിന്ന് 75 കിലോമീറ്റർ അകലെ സംഭാർ സാൾട്ട്സ് ലിമിറ്റഡിന്റെ 23000 ഏക്കർ സ്ഥലത്താണ് കേന്ദ്ര സർക്കാരിന്റെ ഈ സ്വപ്ന പദ്ധതി സ്ഥാപിക്കുന്നത്.

സോളാർ എനർജി കോർപ്പറേഷൻ, പവ്വർഗ്രിഡ് കോർപ്പറേഷൻ, രാജസ്ഥാൻ ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റ്സ് ലിമിറ്റഡ് എന്നിവയുടെ സഹകരണത്തോടെ പൊതുമേഖലാ സ്ഥാപനമായ ഭാരത്ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്നിവയുടെ സഹകരണത്തോടെ പൊതുമേഖലാ സ്ഥാപനമായ ഭാരത്ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് ആണ് പ്ലാന്റ് നിർമ്മിക്കുന്നത്. ആദ്യഘട്ടമായ 1000 മെഗാവാട്ട്പ്ലാന്റ് 2016ൽ പ്രവർത്തനക്ഷമമാകും– എന്നു പ്രതീക്ഷിക്കുന്നു. എല്ലാ ഘട്ടങ്ങളും പൂർത്തിയായാൽ പ്രതിവർഷം 6000 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.

*- പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

**ജോൺ എസ്. ജയിംസ്**



നിയമദൃഷ്ടി



# തനത് വരുമാനം കാര്യം വിഷമസ്ഥിതിയിൽ



കുറച്ച് കാലം മുമ്പ് വരെ പഞ്ചായത്ത് ഫണ്ടിന്റെ മുഖ്യ സ്രോതസ് കരങ്ങളും ഫീസും, നേരിട്ട് പിരിക്കുന്ന മറ്റു നികുതികളുമായിരുന്നു. ഇപ്രകാരം സ്വരൂപിക്കുന്ന തുകയെ മുളകുമടിശ്ശീലയെന്നും, തനതു വരുമാനമെന്നും വിളിച്ചിരുന്നു. പഞ്ചായത്തിന്റെ സ്വന്തം ധനശേഖരം എന്നർത്ഥം. പഞ്ചായത്തിന്റെ മിക്കവാറും എല്ലാ ചെലവുകളും തനതു വരുമാനത്തിൽ നിന്നാണ് വഹിച്ചിരുന്നത് കരം ഇനങ്ങൾ ജീവനക്കാർ കൃത്യമായി പിരിച്ചിരുന്നു. ജീവനക്കാരുടെ വേതനമുൾപ്പെടെ എല്ലാ ചെലവുകളും ഈ തുകയിൽ നിന്നാണ് നിർവ്വഹിച്ചിരുന്നത്. പഞ്ചായത്ത് ഭരണ നിർവഹണം സ്വയം പര്യാപ്തവുമായിരുന്നു.


കാലക്രമേണ, ധനകാര്യ കമ്മീഷനുകൾ കാലാകാലങ്ങളിൽ ശുപാർശ ചെയ്തതനുസരിച്ചുള്ള ജനറൽ പർപ്പസ് ഗ്രാന്റുകളും, ബഡ്ജറ്റ് മുഖേന തനത് വരുമാനത്തിൽ വന്നു ചേർന്നു കൊണ്ടിരുന്നു. ഇതോടു കൂടി പഞ്ചായത്തിന്റെ ഭരണപരമായ ചെലവുകളും അത്യാവശ്യ വികസന ചെലവുകളും തനത് ഫണ്ടിൽ നിന്ന് നിർവഹിക്കാമെന്ന അവസ്ഥ വന്നു ചേർന്നു. ജനറൽ പർപ്പസ് ഗ്രാന്റ് മുൻപ് അനുവദിച്ചിരുന്നത്, തനത് ഫണ്ടിലേക്ക് കരം പിരിച്ചെടുക്കുന്നതിന് ആനുപാതികമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പിന്നീട് ഈ വ്യവസ്ഥ എടുത്തു കളഞ്ഞു. അതോടുകൂടി സർക്കാർ നൽകുന്ന ഗ്രാന്റ് ഒരവകാശമായി മാറി. മുനിസിപ്പാലിറ്റികളുടെ സ്ഥിതിയും ഇതിൽ നിന്ന് ഭിന്നമായിരുന്നില്ല.

1992 ലെ ഭരണഘടനാ ഭേദഗതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 'തലവര' മാറ്റികുറിച്ചു. ഭരണഘടനയിലെ അനുഛേദം 243 H,W എന്നിവ പുതുതായി ചേർത്തതനുസരിച്ച്, തനത് ഫണ്ടിലേക്ക് ധനസ്രോതസ് ശക്തമായി ഒഴുകി എത്തുന്നതിന് പര്യാപ്തമാകത്തക്കവിധം സംസ്ഥാന നിയമസഭകൾ നിയമ നിർമ്മാണം നടത്തണമെന്ന് നിഷ്കർഷിച്ചു. ഇതനുസരിച്ച് 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 200 പ്രകാരം ഓരോ പഞ്ചായത്തും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതിയും, ഒരു തൊഴിൽ നികുതിയും, ഒരു പരസ്യ നികുതിയും, ഒരു വിനോദ നികുതിയും, ചുമത്താവുന്നതാണെന്ന് നിർദേശിച്ചു. മേൽപറഞ്ഞ ഭരണഘടനാ ഭേദഗതിക്കു മുമ്പ് തന്നെ കേരളത്തിൽ ഈ നികുതികൾ തികച്ചും പ്രാകൃതമായ രൂപത്തിൽ (പ്രകൃത്യാലുള്ള, നഗ്നമായ രൂപത്തിൽ) നിലവിലുണ്ടായിരുന്നു. ഉള്ളടക്കത്തിലും നടപടിക്രമത്തിലും ശക്തമായ പുതിയ നിയമങ്ങൾ ഉണ്ടാക്കുവാനാണ് ഭരണഘടന ലക്ഷ്യമിട്ടത്. ഭരണഘടനാ ഭേദഗതി ഉണ്ടായി, വർഷം 20 കഴിഞ്ഞിട്ടും, പുതിയ നിയമം ഉണ്ടായില്ല. ആകെ ഉണ്ടായിട്ടുള്ള ഒരു മാറ്റം 2009–ലെ



വസ്തു നികുതി ഭേദഗതി നിയമം മാത്രമാണ്. അതും വെളുക്കാൻ തേച്ചത് പാണ്ടായി എന്ന മട്ടിലുമായി. വസ്തു നികുതി പിരിവ് നിർത്തി, നികുതി ദായകൻ റിട്ടേൺ മുഖേന സ്വയം നികുതി നിശ്ചയിച്ച് അടയ്ക്കുന്ന രീതി ഒരു പറ്റം ബുദ്ധിജീവികൾ കൊണ്ടു വന്നു. ഇത് ഒരു തുഗ്ലക്ക് പരിഷ്ക്കാരമാണ് എന്ന് മനസ്സിലാക്കിയ സർക്കാർ, 2012 – ലെ ഓർഡിനൻസ് പ്രകാരം, നികുതി തിട്ടപ്പെടുത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജീവനക്കാരുടെ ചുമതലയായി പുനസ്ഥാപിച്ചു. കൂട്ടത്തിൽ, നിയമപ്രകാരം നിശ്ചയിച്ച നിരക്കിന് മീതെ ഏകപക്ഷീയമായി വർദ്ധനവുകൾ വരുത്തുവാൻ സ്ഥാപനത്തിന് നൽകിയ അധികാരം എടുത്തു കളഞ്ഞു. റിട്ടേണിലെ കോളങ്ങൾ 47ൽ നിന്ന് 17 ആയി കുറച്ചു. റിട്ടേൺ ഫയൽ ചെയ്യുന്നത് നിർബന്ധിതമല്ലാതാക്കി, ഫൈനുകൾ എടുത്തു കളഞ്ഞു; ഫലത്തിൽ നികുതി തുകയിൽ മേൽ 50 ശതമാനത്തോളം കുറവ് വരുത്തി; പുതുക്കി നിശ്ചയിക്കൽ 25 ശതമാനം വർദ്ധനവോടെ 5 വർഷത്തിലൊരിക്കൽ ടേബിൾ റിവിഷനിലൂടെ എന്നും നിശ്ചയിച്ചു. ഇത് സ്ഥാപനങ്ങൾക്ക് വൻ നേട്ടമായി. കൺസൾട്ടേറ്റീവ് കമ്മിറ്റി നിർദേശിച്ച ആഴത്തിലുള്ള മേൽപറഞ്ഞ ഭേദഗതികൾ, നികുതി നിയമ വിഷയത്തിൽ, മാതൃകാപരമെന്ന് പരക്കെ കണ്ടു; നികുതിദായക സൗഹൃദമെന്ന് വിശേഷിപ്പിക്കപ്പെട്ടു.

ഇത്തരം അടിമുടി പൊളിച്ചെഴുത്ത് മറ്റ് എല്ലാ നികുതി നിയമങ്ങളിലും അനിവാര്യമാണ് എന്ന് കഴിഞ്ഞ ഏഴെട്ട് ലക്കങ്ങളിലായി നിയമദൃഷ്ടി എന്ന പംക്തിയിൽ വിവധ ഇനം നികുതികളെ പറ്റി തുടർച്ചയായി എഴുതുന്നു. കണ്ണു തുറക്കാത്ത, കാത് തുറക്കാത്ത ദൈവങ്ങൾ പ്രതികരിക്കുന്നതേയില്ല. കണ്ണുള്ളവർ കാണട്ടേ! ചെവി ഉള്ളവർ കേൾക്കട്ടെ!



മേൽവിവരിച്ച സാഹചര്യങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ മേഖലയിൽ കൈകൊള്ളേണ്ട അടിയന്തിര നിയമനിർമ്മാണ നടപടികളെപറ്റി മുകളിൽ സൂചിപ്പിച്ച ലേഖനങ്ങളിൽ നിയമദൃഷ്ടി സൂചിപ്പിച്ചിരുന്നു, ആവശ്യമായ നിയമ നിർമ്മാണം നടത്തുക എന്ന ഒന്നാമത്തെ ജോലി ടേംസ് ഓഫ് റഫറൻസ് അനുസരിച്ച് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ സർക്കാർ ഏൽപ്പിക്കേണ്ടതാണ്. രണ്ടാമത്തെ ജോലി തനത് ഫണ്ടിലേക്കുള്ള ധന സ്രോതസ്സുകൾ അടയാതെ നോക്കുകയും ചോർച്ച തടയുകയും ചെയ്യുക എന്നതാണ്. നികുതി അസസ്സ്മെന്റ് നടത്തുക, ഡിമാന്റ് ചെയ്യുക, പിരിക്കുക എന്നീ മൂന്നീ കാര്യങ്ങൾ പഞ്ചായത്ത് ജീവനക്കാരുടെ ചുമതല തന്നെയാണ്. ഇതിൽ നിന്ന് കുതറി മാറാനുള്ള ഒരു ശ്രമമാണ് 2009-ലെ വസ്തു നികുതി ഭേദഗതി നിയമത്തിലൂടെ, നികുതി ദായകർ സ്വയം റിട്ടേൺ ഫയൽ ചെയ്ത് സ്വയം നികുതി അടയ്ക്കുക എന്ന സമ്പ്രദായത്തിലൂടെ, വരുത്തിയത്. സർക്കാർ സമയോചിതമായി ഇടപെട്ട്, 2012ലെ ഓർഡിനൻസിലൂടെ ഈ ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റേത് തന്നെയാക്കി പുന:സ്ഥാപിച്ചു. നികുതി നിശ്ചയിക്കാനും പുനർ നിർണ്ണയിക്കാനുമുള്ള ചട്ടങ്ങളും ഉത്തരവുകളും വന്നിട്ടും വസ്തുനികുതി പിരിവ് ഇനിയും തുടങ്ങി വച്ചിട്ടില്ല. നികുതി പിരിവ് നിയമാനുസൃതമാക്കുകയും ഊർജിതപ്പെടുത്തുകയും വേണം.

ഏതായാലും, സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഇരിക്കുന്നതും, ആപൽക്കരവും അപകടകരവുമായ കാര്യങ്ങൾക്ക് രൂപീകരിച്ച ചട്ടങ്ങൾക്ക് പകരമായി കൺസൾട്ടേറ്റീവ് കമ്മിറ്റി തയ്യാറാക്കി സർക്കാരിനു സമർപ്പിച്ചതുമായ, വ്യവസായ-വാണിജ്യ മേഖലകളിലെ 'പരിസ്ഥിതി പൊതുജനാരോഗ്യ സംരക്ഷണ ലൈസൻസ് ചട്ടങ്ങളും മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 447, 448 എന്നിവയുടെ ഭേദഗതികളും വരുന്നതോടെ, ലൈസൻസുകളിലൂടെ മുനിസിപ്പാലിറ്റികൾക്ക് വൻ വരുമാനവും വ്യാവസായിക വാണിജ്യ മേഖലകളിലെ നികുതി ലൈസൻസികൾക്ക് ഒത്തിരി ആശ്വാസവും വന്നു ചേരും. പരിസ്ഥിതി സംരക്ഷണ നിയമം മുനിസിപ്പൽ ഖരമാലിന്യങ്ങൾ കൈകാര്യം ചെയ്യൽ ചട്ടങ്ങളിലൂടെ മുനിസിപ്പാലിറ്റികളിന്മേൽ കയറ്റി വച്ച നടുവൊടിക്കുന്ന വൻ ചുമതലകളും ഭാരിച്ച ചെലവും നേരിടുന്നതിന് ഈ ലൈസൻസ് വരുമാനം തീർച്ചയായും സഹായിക്കും. ഭരണഘടനാ ഭേദഗതിയിൽ ഉന്നം വച്ചതും ഇത്തരം വിപ്ലവകരമായ നിയമനിർമ്മാണം തന്നെയാണ്.

ഭരണഘടനാ ഭേദഗതികൾ ലക്ഷ്യമിട്ട നിയമനിർമ്മാണം ഉന്നം വച്ച പരിഷ്കാരങ്ങൾ മുഴുവൻ തോതിൽ നടപ്പാക്കിയാലും ചട്ടങ്ങൾ പുതിയ രീതിയിൽ രൂപീകരിച്ചു കഴിഞ്ഞാലും തനത് ഫണ്ടിലേക്ക് നികുതി കരം, ഫീസ് തുടങ്ങിയവ പിരിച്ചെടുക്കുന്ന കാര്യത്തിൽ കഴിഞ്ഞ ഏതാനും ദശകങ്ങളായി നമുക്ക് കൈമോശം വന്നുപോയ ധനപരമായ സംസ്കാരവും ശീലങ്ങളും തിരിച്ചുപിടിച്ചേ മതിയാകൂ. സാമ്പത്തിക സംസ്കാരങ്ങളും പഴയ ശീലങ്ങളും തിരിച്ചുപിടിച്ചില്ലെങ്കിൽ നിയമനിർമ്മാണങ്ങൾ അർത്ഥ ശൂന്യമായി പരിണമിക്കും. കരം പിരിക്കാനുള്ളതാണ് ആർക്കും വിഴുങ്ങാനുള്ളതല്ല എന്ന തിരിച്ചറിവ് നികുതിദായകർക്കും പിരിക്കുന്നവർക്കും ഉണ്ടാകണം. പിരിക്കുന്നത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണെന്നും പിരിച്ചില്ലെങ്കിൽ പിരിക്കുന്ന ആളിന്റെ ബാദ്ധ്യത ആണെന്നും ബോധ മനസിൽ ധാരണ ഉണ്ടായിരിക്കണം.

ഇപ്പോഴത്തെ ധാരണ മറ്റൊന്നാണ് 'പത്തായം പെറും, ചക്കി കുത്തും, അമ്മ വയ്ക്കും, ഞങ്ങൾ ഉണ്ണും' എന്നതു തന്നെ. ഈ ധാരണ ഉണ്ടാക്കി വച്ചത് മറ്റുചില ദുശീലങ്ങളും ശൈലികളുമായിരുന്നു. ചട്ടങ്ങളൊന്നുമില്ലാതെ പദ്ധതി നടത്തിപ്പ് ജനകീയാസൂത്രാണമെന്ന പേരിൽ ഒരാഘോഷമെന്നപോലെ നടത്തിയെടുത്തു. പ്ലാൻ ഫണ്ട് തോന്നിയ പോലെ വകമാറ്റി

ചെലവാക്കി. തനത് വരുമാനത്തിലെത്തേണ്ട തുകകൾ പിരിച്ചെടുത്തില്ല. ഫീസുകൾ പോലും പിരിക്കാതെയായി. കിട്ടിയ നികുതി അസസ്സ്മെന്റും ഡിമാന്റും കളക്ഷനുമായി രേഖപ്പെടുത്തി മൊത്തത്തിൽ ധനപരമായ കെടുകാര്യസ്ഥത കൊടികുത്തി വാഴാൻ തുടങ്ങി. ഇതിന്റെ എല്ലാം ഫലമായി തനതു വരുമാനത്തിന്റെ പ്രസക്തി നശിച്ചു. ധന സ്രോതസുകൾ വറ്റിവരണ്ടു. പഞ്ചായത്തു ഫണ്ട് പ്ലാൻ ഫണ്ടുകൾ മാത്രമയി ചുരുങ്ങി. കൂടാതെ ജനറൽ പർപ്പസ് ഫണ്ടിലേക്കുള്ള ഗ്രാന്റും. ലൈസൻസികളുടെയും, തൊഴിൽ നികുതിദായകരുടെയും മറ്റു അസ്സസീസുകളുടെയും ലിസ്റ്റ് സൂക്ഷിക്കുന്നില്ല. അടുത്ത ഗെഡുവിന് നോട്ടീസും ഡിമാന്റും സമയത്തിന് നൽകുന്നില്ല. ഡിമാന്റ് മോണിറ്റർ ചെയ്യുന്നില്ല. അതുകൊണ്ട് കാലഹരണപ്പെട്ട ഡിമാന്റുകൾക്ക് കണക്കുമില്ല. എല്ലാ സ്ഥാപനങ്ങളിലും സ്ഥിതി ഇതുതന്നെ. ആരോടു പറയാൻ?

തനതു വരുമാനത്തിലെ തീരെ അപ്രസക്തമാക്കിയ മറ്റു ചില ഘടകങ്ങൾ താഴെ പറയുന്നവയാണ്–

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 212 ബി യിൽ പഞ്ചായത്തു ഫണ്ടിന്റെ ഘടകങ്ങൾ വിവരിക്കുന്ന കൂട്ടത്തിൽ ഇനം (III) ആയി പറഞ്ഞിരിക്കുന്നത് – ഈ ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിച്ചതോ വിട്ടുകൊടുത്തതോ ചുമതലപ്പെടുത്തിയതോ ആയ സ്കീമുകളും, പ്രോജക്ടുകളും, പ്ലാനുകളും നടപ്പാക്കുന്നതിന് സർക്കാർ നൽകുന്ന ഗ്രാന്റുകളും എന്നാണ്. ചുരുക്കത്തിൽ സ്ഥാപനം നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും പ്ലാൻ ഫണ്ട് ലഭ്യമാണ്. ഗ്രാന്റുകൾ നേരെ പഞ്ചായത്തു ഫണ്ടിൽ എത്തുന്നു. തുടർന്ന് വകുപ്പ് 212 (8) ൽ പറയുന്നത് ഇങ്ങനെയും – "സ്കീമുകളും പ്രോജക്ടുകളും പ്ലാനുകളും നടപ്പാക്കുന്നതിന് സർക്കാർ നൽകിയ ഗ്രാന്റുകൾ ആ ആവശ്യത്തിലേക്ക് മാത്രം വിനിയോഗിക്കേണ്ടതാണ്." എന്നു വച്ചാൽ തുക വകമാറ്റി ചെലവാക്കരുത് എന്നർത്ഥം. "ചുമ്മാതെ വിരട്ടാതെ ആശാനെ" എന്നാണ് ഇതിന് സ്ഥിരം മറുപടി. ഭരണഘടനാഭേദഗതികൾ വന്നു നിയമങ്ങളും ഭേദഗതി ചെയ്ത്, അതിൽ പദ്ധതി ചട്ടങ്ങൾ രൂപീകരിക്കാനും നിർദേശിച്ച് വർഷം 20 കഴിഞ്ഞിട്ട് തുകവകമാറ്റി ചെലവാക്കരുതെന്ന് നിയമത്തിൽ പറഞ്ഞാൽ ഇവിടെ ആരാണ് അനുസരിക്കാൻ. ജനകീയാസൂത്രണമെന്ന പേരിൽ ഇവിടെ "ഫ്രീസ്റ്റൈൽ" ഗുസ്തി പോലെയാണ് പദ്ധതി നടത്തിപ്പ്. ലോക ബാങ്ക് കടംപോലും ഇവിടെ വക മാറ്റി ചെലവാക്കുന്നു. പിന്നെയല്ലെ പദ്ധതി വിഹിതം എന്ന മട്ടിലാണ് ഇവിടെ ഫണ്ട് മാനേജ്മെന്റ്. ഈ സാഹചര്യത്തിൽ തനതു വരുമാനം ഇവിടെ മുഖം നഷ്ടപ്പെട്ട ഫണ്ടായി പരിണമിച്ചു.

ഓൺ ഫണ്ടിന്റെ ഐഡന്റിറ്റി വീണ്ടെടുക്കണോ എന്ന് സർക്കാർ തീരുമാനിക്കട്ടെ. വീണ്ടെടുക്കണമെങ്കിൽ കരം പിരിവ് സർക്കാർ മോണിറ്റർ ചെയ്യണം. തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രവർത്തിക്കുന്ന പെർഫോമൻസ് ഓഡിറ്റ് ഓഫീസറും അദ്ദേഹത്തിന്റെ കീഴിൽ ജില്ലതോറും പ്രവർത്തിക്കുന്ന ടീമുകളും ഈ ജോലി ഏറ്റെടുക്കണം. ഈ ടീമുകൾ തനതു വരുമാനത്തിനുമേൽ മോണിറ്ററിങ് നടത്തണം. മോണിറ്ററിങ് എന്നാൽ അസസ്സ്മെന്റ്, ഡിമാന്റ് കളക്ഷൻ എന്നീ രജിസ്റ്ററുകൾ ഒന്നു മറിച്ചു നോക്കേണ്ട പണിയേ ഉള്ളൂ. ഇത്രയും ജോലി എങ്കിലും ചെയ്യാൻ ഒരു സംവിധാനം കൂടിയേ തീരൂ അപ്പോൾ തനതു വരുമാനം വളർന്നു പന്തലിക്കും.

പ്ലാൻ ഫണ്ട് മുഴുവനായും സാമ്പത്തിക ഉന്നമനത്തിനും സാമൂഹിക നീതിക്കുമായുള്ള പദ്ധതികൾ തൃണമൂലതലത്തിൽ സ്വീകരിക്കുന്നതിനും നടപ്പാക്കുന്നതിനും മാത്രമായി ഉപയോഗിക്കുകയും ചെയ്യാം. അങ്ങനെ ഭരണഘടനാ ഭേദഗതികളുടെ ആത്യന്തിക ലക്ഷ്യം സാക്ഷാത്കരിക്കുകയും ചെയ്യാം.

**വാൽക്കഷ്ണം**

ആശാൻ: സിങ്കപ്പൂരിൽ 'തനതു വരുമാനം' ഇല്ലത്രേ

ശിഷ്യൻ: തനതല്ലാത്ത വരുമാനങ്ങൾ അവിടെ ധാരാളം ഉണ്ടാകും ആശാനേ ഇവിടത്തെ പോലെ

ആശാൻ: പിന്നെന്തിന് തനതു വരുമാനം? വകമാറ്റി ചെലവാക്കാമല്ലോ ഇഷ്ടം പോലെ

ശിഷ്യൻ: ഒരു വാർഡിൽ 3 റോഡ് കെട്ടിയാൽ നമ്മുടെ വികസനം അടിപൊളി ആശാനേ, പിന്നെന്തു വേണം.

**ശീലിച്ചതേ പാലിക്കൂ – അതുകൊണ്ട് നല്ല കാര്യങ്ങൾ ശീലിക്കാം പാലിക്കാം.**

സമ്പത്ത് പരിപാലിക്കുന്നതിന് ചില സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ചില നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിക്കപ്പെടുക തന്നെവേണം. ഇപ്രകാരം പാലിക്കപ്പെടുന്ന ചട്ടങ്ങളാണ് ക്രമേണ ശീലങ്ങളായി മാറുന്നത്.

കരം തിട്ടപ്പെടുത്തുക, ചോദിക്കുക, പിരിക്കുക എന്നിവ കരം പിരിക്കുന്ന കാര്യത്തിൽ ആവശ്യം പാലിച്ചിരിക്കേണ്ട കാര്യങ്ങളാണ്. ഇവ മൂന്നും നിർവഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയമ പരമായ ചുമതലയാണ്. ഈ ചുമതലകൾ നിർവഹിക്കാതെ തനതു വരുമാനത്തിലേക്ക് നികുതികളും ഫീസുകളും വന്നു ചേരില്ല. വേതനവും പെൻഷനും വരെ നൽകാൻ സർക്കാർ ഗ്രാന്റ് നൽകാൻ തയ്യാറാണെങ്കിൽ പദ്ധതി നടത്തിപ്പിനും മറ്റു ചെലവുകൾക്കും ഫണ്ടു നൽകാൻ സർക്കാർ തയ്യാറാണെങ്കിൽ പിന്നെ തനതു വരുമാനത്തിന് പ്രസക്തി എന്ത്?

ഈ സാഹചര്യത്തിലാണ് കരം തിട്ടപ്പെടുത്തുന്നതും, ചോദിക്കുന്നതും പിരിക്കുന്നതും ഒരാവശ്യമല്ലാതെ ചിലർക്ക് തോന്നി തുടങ്ങിയത് (ആവശ്യമാണല്ലോ സൃഷ്ടിയുടെ മാതാവ്)

1992 ലെ ഭരണഘടനാ ഭേദഗതികൾ നികുതി ഫീസ് സെസ്സ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമത്തണമെന്നും പിരിക്കണമെന്നും ആവശ്യപ്പെടുന്നു. ഇവ പിരിക്കണമെങ്കിൽ പഴയ ശീലങ്ങൾ തിരിച്ച് പിടിച്ച് പാലിച്ചേ മതിയാകൂ. ഇക്കാര്യത്തിൽ ഇഷ്ടത്തിനും അനിഷ്ടത്തിനും പ്രസക്തിയില്ല. അതുകൊണ്ട് ശീലങ്ങൾ തിരിച്ചു പിടിക്കുകയും പാലിക്കപെടുകയും ചെയ്യുക തന്നെ വേണം ഇത് നമ്മുടെ സൗകര്യത്തിന്റെയോ അസൗകര്യത്തിന്റെയോ പ്രശ്നമല്ല.

**നല്ല ശീലങ്ങളിലേക്ക് നമുക്ക് തിരിച്ചു പോവുക തന്നെ.** ■

*ലേഖകൻ സെക്രട്ടറിയേറ്റിൽ ലാ ഡിപ്പാർട്ടുമെന്റിൽ നിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ചതാണ്.*



ആർ. വേണുഗാപാൽ



# മഹാബലി നൽകിയ ഓണ ശുചിത്വ സന്ദേശം

പുതിയൊരു ഉണർവിന്റെയും പ്രതീക്ഷയുടെയും പശ്ചാത്തലത്തിൽ ഒരു പുതുവർഷം കൂടി പിറന്നു. ഒപ്പം ഐശ്വര്യത്തിന്റെ നിറവിൽ വീണ്ടുമൊരോണം കൂടി കടന്നുപോയി. സ്ഥിതി സമത്വവും സന്തോഷവും യഥാർത്ഥ്യമാക്കുവാനുള്ള ശ്രമങ്ങൾ എങ്ങും നടക്കുമ്പോൾ തുല്യ അവസരവും തുല്യ നീതിയും ഓണത്തിന്റെ മുദ്രാവാക്യമായിരുന്നുവല്ലോ? പഞ്ഞ കർക്കിടകത്തിന്റെ ദുരിതപൂർണ്ണമായ ദിനരാത്രങ്ങൾ പിന്നിട്ട് പൊന്നിൻ ചിങ്ങമെത്തിയപ്പോൾ ഓരോ മലയാളിയും മഹാബലി മന്നന്റെ വരവിനായി കാത്തുനിന്നു.

ആലപ്പുഴ ജില്ലയിലെ ഗ്രാമങ്ങൾതോറും മഹാബലിയുടെ സന്ദർശനത്തിനായി ആലപ്പുഴ ജില്ലാശുചിത്വ മിഷൻ സംവിധാനം ഒരുക്കി.

കള്ളക്കർക്കിടകത്തിന്റെ അവസാന ദിനം വീടും പരിസരവും വൃത്തിയാക്കി, മാറാലകൾ എല്ലാം അടിച്ചുവാരി ഗൃഹത്തിൽ നിന്നും 'മുശേട്ട'യെ കുടിയൊഴിപ്പിച്ച് പൊന്നിൻ ചിങ്ങത്തിന്റെ വരവിനായി കാത്തുനിന്ന പഴമയിലെ മലയാളിയുടെ ചിത്രം ഓർമ്മയിൽ തങ്ങുകയാണ്. അന്യം നിന്നുപോകുന്ന ഈ ശുചിത്വശീലങ്ങൾ എന്നാണാവോ തിരിച്ചുവരിക? ഓണനാളുകളിൽ നാം സൃഷ്ടിക്കുന്ന മാലിന്യത്തിന്റെ അവസ്ഥ മാലോകരെ ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശത്തോടു കൂടിയാണ് മഹാബലിയുടെ പ്രയാണം ആലപ്പുഴ ശുചിത്വമിഷൻ സംഘടിപ്പിച്ചത്. ലോകം ഇന്നൊരു മൂന്നാം ലോകമഹായുദ്ധത്തിലാണ്. മാലിന്യങ്ങൾക്കെതിരെയാണ് ആ യുദ്ധം. നല്ല ശീലങ്ങൾ സംസ്കാരത്തിന്റെ ഭാഗമാക്കിയ മലയാളി വ്യക്തിശുചിത്വത്തിന് അമിതപ്രാധാന്യം നൽകി. തന്റെ ചുറ്റുപാടുമുള്ള പരിസ്ഥിതിയെക്കുറിച്ച് ബോധ്യമില്ലാതെ അഥവാ മന:പൂർവ്വം കണ്ടില്ലെന്ന് നടിച്ചു. ഫലമോ, വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ ഭൂമിക്ക് ചരമഗീതം കുറിക്കുകയാണ് പ്രകൃതിയിൽ ജീവന്റെ തുടിപ്പുകളെ അവശേഷിപ്പിക്കുകയില്ല എന്ന വാശിയോടെ പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രിക്-ഇലക്ട്രോണിക്സ് മാലിന്യങ്ങളും (ഇ-വേസ്റ്റ്) ജലാശയങ്ങളിലും ഓടകളിലും പൊതുനിരത്തുകളിലും നാം വലിച്ചെറിയുകയാണല്ലോ!.



കാലത്തിന്റെ കുത്തൊഴുക്കിൽ മലയാളിക്ക് കൈമോശം വന്ന, നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ നല്ല ശീലങ്ങൾ തിരികെ കൊണ്ടുവരുവാൻ ഓണനാളുകളിൽ മഹാബലി തമ്പുരാനിലൂടെ ശുചിത്വമിഷൻ ശ്രദ്ധിച്ചു. ശുചിത്വ ഓണ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കുവാൻ മാലിന്യം പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ് വലിച്ചെറിയുന്നതിനെതിരെ, ഉറവിടത്തിൽ തന്നെ മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ജനത്തെ ബോധ്യപ്പെടുത്തുവാൻ ഈ ഗ്രാമയാത്രയിലൂടെ ശുചിത്വമിഷൻ ശ്രമിച്ചു. 'ബാലമരണങ്ങളൊട്ടില്ലതാനും' എന്ന മഹാബലി കാലത്തെ ഓർമ്മപ്പെടുത്തലിൽ, ഇന്നുള്ള രോഗാതുരതയും പകർച്ചപ്പനിയും സൃഷ്ടിക്കുന്ന ആവലാതികളെ ഒരു പരിധിവരെ ജനങ്ങളെ ബോധ്യപ്പെടുത്തി കൊടുക്കുവാൻ ഈ യാത്രക്കു കഴിഞ്ഞു. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കത്തിക്കരുതെന്നും ഇ-വേസ്റ്റ് മണ്ണിലേക്ക് വലിച്ചെറിയരുതെന്നും കൈകഴുകാതെ ഭക്ഷണം കഴിക്കരുതെന്നും ശൗചവൃത്തിക്കു ശേഷം കൈ സോപ്പുപയോഗിച്ച് കഴുകണമെന്നും ടോയ്‌ലറ്റുകൾ വൃത്തിയായി സൂക്ഷിക്കണമെന്നും ഭൂമിക്കടിയിലെ മനുഷ്യമലം മറ്റൊരു ബോംബായി മാറാതെ ശരിയായ രീതിയിൽ സംസ്കരിക്കുവാനുള്ള സംവിധാനം ആവശ്യമാണെന്നും ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ മഹാബലിത്തമ്പുരാൻ ശ്രമിച്ചു.

ആലപ്പുഴ കളക്ട്രേറ്റിൽ മഹാബലിയുടെ യാത്ര ജില്ലാകളക്ടർ എം.പത്മകുമാർ ഉദ്ഘാടനം ചെയ്തു. പൂക്കളത്തിന് സമീപം സംഘടിപ്പിച്ച ചടങ്ങിൽ ശുചിത്വമിഷൻ ജില്ലാകോർഡിനേറ്റർ ബിനോയ് കെ. വർഗ്ഗീസ്, അസി.കോർഡിനേറ്റർമാരായ വി.ജെ ശ്രീകുമാർ, ആർ വേണുഗോപാൽ, അസി. ഇൻഫർമേഷൻ ആഫീസർ അരുൺ തുടങ്ങിയ ഉദ്യോഗസ്ഥരും മാധ്യമ പ്രതിനിധികളും ബഹുജനങ്ങളും സംബന്ധിച്ചു. തുടർന്ന് ജില്ലാപഞ്ചായത്തിൽ മഹാബലിക്ക് സ്വീകരണം നൽകി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.യു.പ്രതിഭാഹരി ഭദ്രദീപം കൊളുത്തി സ്വീകരണം ഉദ്ഘാടനം ചെയ്തു. കളക്ട്രേറ്റിലെ സന്ദർശനത്തിലുടനീളം ശുചിത്വസന്ദേശങ്ങൾ അടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്തു. കലവൂർ, കഞ്ഞിക്കുഴി, പട്ടണക്കാട്, തുറവൂർ, എരമല്ലൂർ, അരൂർ, അരൂക്കുറ്റി, പാണാവള്ളി, പൂച്ചാക്കൽ, തൈക്കാട്ടുശ്ശേരി വഴി ചേർത്തലയിൽ സമാപിച്ച ഒന്നാം ദിവസയാത്രയിലുടനീളം ഗ്രാമചന്തകളിലും സർക്കാർ ആഫീസുകളിലും പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളിലും ഉദ്യോഗസ്ഥർക്കും ഗ്രാമവാസികൾക്കും ശുചിത്വശീലങ്ങൾ പകർന്ന് നൽകുവാൻ മഹാബലിക്ക് കഴിഞ്ഞു. രണ്ടാം ദിവസം ആലപ്പുഴയിൽ നിന്നും കായംകുളം വരെയുള്ള യാത്രയിൽ ഒട്ടേറെ കേന്ദ്രങ്ങളിലും തിരക്കുള്ള വീഥികളിലും മഹാബലി ജനങ്ങൾക്ക് ശുചിത്വസന്ദേശങ്ങൾ കൈമാറി. മൂന്നാം ദിവസം നൂറ് ദിവസം തൊഴിൽ പൂർത്തീകരിച്ച മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളുടെ സംഗമത്തിൽ വെച്ച് കേന്ദ്രവ്യോമയാന സഹമന്ത്രി കെ.സി. വേണുഗോപാലിന് മഹാബലി ശുചിത്വ സന്ദേശങ്ങൾ കൈമാറി. ജോലി ചെയ്യുന്ന സ്ഥലങ്ങളിലും വീടുകളിലും സമൂഹത്തിലും വൃത്തിയും വെടിപ്പും പുലർത്തേണ്ടതാണെന്ന് മന്ത്രി തൊഴിലുറപ്പ് തൊഴിലാളികളോട് ആഹ്വാനം ചെയ്തു. തുടർന്ന് ആലപ്പുഴ പട്ടണത്തിൽ മഹാബലി സന്ദർശനം നടത്തി. കുട്ടികളെയും വഴിക്കച്ചവടക്കാരെയും ഓട്ടോറിക്ഷ തൊഴിലാളികളെയും എല്ലാം ശുചിത്വത്തിന്റെ നല്ല ശീലങ്ങൾ പറഞ്ഞുകൊടുക്കുവാനും മാലിന്യ സംസ്കരണത്തെക്കുറിച്ച് ഓരോരുത്തരും ഉണർന്ന് ചിന്തിക്കേണ്ടകാലമാണെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തുകൊണ്ട് മഹാബലിയുടെ ഓണസന്ദർശനം പര്യവസാനിച്ചു. ■

*ലേഖകൻ ആലപ്പുഴ ശുചിത്വമിഷൻ അസി: കോ ഓർഡിനേറ്ററാണ്*




പുസ്തകപരിചയം

ഡോ. വള്ളിക്കാവ് മോഹൻദാസ്

# നാട്ടുമൊഴികളുടെ ഗ്രാമീണ വിശുദ്ധി

**അച്ചടി ഭാഷയും ആധുനിക സാങ്കേതിക ഭാഷയും കൃത്രിമമായ നാഗരികത നൽകിയ നപുംസകഭാഷയും കൂടി വന്നു ചേർന്നപ്പോൾ മലയാളിയുടെ നാവിൽ നിന്നും നാട്ടുവഴക്കം പടിയിറങ്ങിപ്പോയി. 'മൂരിയും, കിടാവും, മടന്തയും, കറുകയും, പൂവാംകുറുന്തലും, കാള്'മുണ്ടവും, പുഴുക്കും, ചമ്പനും, മെത്തപ്പൂളും, ഞൊറിയും, കതിരും, വള്ളത്തട്ടും, ചൂരൽക്കാവും, കുറുന്തോട്ടിയും, കെട്ടുകാളയും, കുരവയും, ആർപ്പും, കളീലും, കർക്കിടകക്കഞ്ഞിയും, തുടുപ്പും, വെറ്റാട്ടിയും, ഉറിയും ഉരിയയും, പന്തിയും, പിശറും, കെട്ടുനാരും, പോലത്തേക്കും, പാടുംദുരിതോം, പൊണ്ണക്കാര്യോം, കേമത്തവും, മന്ദഹാസവും ക്രമേണ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇവിടെ 'നാട്ടുനന്മൊഴികൾ' ഒരു ഓർമ്മപ്പെടുത്തലായി തെളിഞ്ഞുവരുകയാണ്.**




സൗന്ദര്യരൂപങ്ങൾക്ക് പരമമായ ഒരു തലം ഉണ്ടെന്നും അത് ജ്ഞാനാഭ്യാസങ്ങളാൽ അനുഭവിക്കുവാൻ കഴിയുമെന്നും തത്വചിന്ത രേഖപ്പെടുത്തുന്നു. ഈ അനുഭവം നാദവർണ്ണ രേഖാദികളായ മാധ്യമങ്ങളിലൂടെ പുനരാവിഷ്കരിക്കാനുമാകും, ഏറെക്കുറെ. സൗന്ദര്യാസ്വാദനത്തിൽ ആസ്വാദക സമൂഹത്തിൽ വ്യത്യസ്താഭിപ്രായമുണ്ടാകുന്നത് അഭിരുചി വ്യതിയാനമൊന്നുകൊണ്ടുമാത്രമല്ല അവർക്കിടയിലുള്ള വൈജ്ഞാനികാന്തരം കൊണ്ടുതന്നെയാണ്. ചിലരുടെ സൗന്ദര്യജ്ഞാനം സത്യാത്മകം ആകാം. മറ്റുചിലരുടേത് ആ യാഥാർത്ഥത്തിൽ അധിഷ്ഠിതവുമാകാം. സൗന്ദര്യം ആവാഹിക്കുന്നത് വസ്തുക്കളാണെങ്കിൽ അതു കണ്ടെത്തുന്നത് സൃഷ്ടിയിലും ആസ്വാദനത്തിലും അന്തർഭവിച്ചിരിക്കുന്ന മാനസിക പ്രക്രിയയിലൂടെയും. ഇവിടെ ഇന്നലകളിലേക്കൊരു തിരിഞ്ഞുനോട്ടം സത്യദർശനമായി ഉയർന്ന് സത്യോന്മുഖമായ ഉണർച്ചയായി മാറുന്നു.

ഗതകാല സമൂഹം നാട്ടുമ്പുറങ്ങളിലെ ദൈനംദിന ജീവിതത്തിൽ വിനിയോഗിച്ച നാട്ടുവഴക്കങ്ങളും നാട്ടുഭാഷയുമുണ്ട്-അന്യം നിൽക്കും വിധം ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന സംസ്കൃതിയെയാണ് പ്രതിനിധാനം ചെയ്യുന്നത്. പണാധിഷ്ടിതമായ ആധുനികത കൈവിട്ടുകളഞ്ഞ നന്മ നിറഞ്ഞ നാട്ടുമ്പുറങ്ങളുടെ ശാദ്വലങ്ങൾ തേടിക്കൊണ്ടൊരു തീർത്ഥാടനമായി 'നാട്ടുനന്മൊഴികൾ' എന്ന വിശേഷഗ്രന്ഥം ഇതാ മുന്നിൽ. ഗ്രാമ്യവിശുദ്ധിയിലേക്കുള്ള നിരന്തര അന്വേഷണങ്ങൾ ഒരു ജീവിത വ്രതമായി കരുതുന്ന മുരളീധരൻ തഴക്കര ജന്മനാടായ ഓണാട്ടുകരയുടെ ആത്മാവിലേക്ക് സ്വന്തം ഹൃദയം ചേർത്തുവച്ചപ്പോൾ ജന്മം കൊണ്ടകൃതി!

**പാക്കുതറ, ഞാറ്റടി, നീരുകൊടുക്കുക, ഞാറ് വരമ്പ്, വരമ്പരിയുക, ഞാറ്റുപാട്ട്, കുണ്ട, മേലായ, തടായ, വല്യ രമ്പ്, മുടി, കുനിയിലിടുക, വിരിപ്പ്, മുണ്ടകൻ, ഇടിഞ്ഞു കുത്തുക, പഴക്കം കൊടുക്കുക, നീരിടപ ച്ച, കരിയിടപ്പേരുക, കഴാറ, കയ്യിരി, കരിയറ, കളം, കളം ചെത്തുക, നാട്ടിക്കൊടുക്കുക, കറ്റ, അറുത്തു കെട്ടുക, പഴം തട്ടുക, കളമുറക്കം, ഉതിർമണി, കള പെറുക്കുക, പിടിഞ്ഞാൽ, മൂട കുടയുക, പൊലി, പതം, പൊലി അളക്കുക, കരകം കുറിക്കുക, പതിര്, മങ്ക്, കനമങ്ക് എന്നിവ നെൽകൃഷിയുടെ സമൃദ്ധിയും താളവും, ഗന്ധവും നോവും അനുഭവവേദ്യമാക്കുന്നു.**

മധ്യതിരുവിതാംകൂറിൽ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര എന്നീ താലൂക്കുകൾ ഉൾച്ചേർന്ന ഓണാട്ടുക രയിലെ വിശിഷ്ട പാരമ്പര്യത്തിൽ പ്രചാരം നേടിയിരുന്ന പദങ്ങളുടെ സഞ്ചയം, 'നാട്ടുനന്മൊഴികൾ' എന്ന ഗ്രന്ഥ ത്തിൽ കണ്ടെത്താനാകും. ഇവയിൽ പലതും ഇന്ന് പ്രചാര ത്തിലില്ലാത്തവയോ അപ്രത്യക്ഷമായവയോ സമീപഭാവിയിൽ അന്യംനിൽക്കാൻ പോകുന്നവയോ ആണ്. നിത്യോപയോ ഗത്തിൽ ഇല്ലാത്തതിനാൽ ഇവ കൈമോശം വരാനുള്ള സാധ്യത വളരെയേറെയാണു താനും. അപ്പോഴാണ് 'നാട്ടു നന്മൊഴികൾ' എന്ന ഗ്രന്ഥത്തിന്റെ പ്രാധാന്യം നമുക്ക് ബോധ്യമാവുക. ഗ്രാമീണ ജീവിതത്തിലെ ആചാരങ്ങൾ, സന്ദർഭങ്ങൾ തൊഴിലുകൾ, ഉപകരണങ്ങൾ, ഉത്സവങ്ങൾ, വൃക്ഷങ്ങൾ, വിളകൾ, കൃഷിരീതികൾ, തിരക്കുകൾ, ഭക്ഷ്യ വിഭവങ്ങൾ, ശീലങ്ങൾ എന്നിങ്ങനെ ഒട്ടേറെ തലങ്ങളിലൂടെ ഈ ഗ്രന്ഥം നാട്ടുനന്മൊഴികൾ ശേഖരിച്ചിരിക്കുന്നു. ഗ്രാമ്യ ഭാഷ എങ്ങനെ വർണ്ണച്ചിറകുകൾ വിടർത്തി സൗന്ദര്യത്തിന്റെ പരമപദം കൈവരിച്ചുവെന്ന ഈ അന്വേഷണം ഫോക്‌ലോറി സ്റ്റുകൾക്കും, ഭാഷാഗവേഷകർക്കും, ചരിത്രകാരന്മാർക്കും സാമൂഹ്യശാസ്ത്ര പഠിതാക്കൾക്കും, എഴുത്തുകാർക്കും, മനു ഷ്യത്വവും പ്രകൃതി സ്നേഹവുമുള്ള സർവ്വർക്കും പ്രിയങ്കര മായിത്തീരുന്നു.

മാഞ്ഞുപോകുന്ന ഗ്രാമീണ പദങ്ങളുടെ ശേഖരണം ഗ്രന്ഥകാരൻ ആരംഭിക്കുന്നത് നെൽകൃഷിയിൽ നിന്നാണ്. കേരളത്തിലെ പ്രത്യേകിച്ച് കുട്ടനാടിനോട് അടുത്തു കിട ക്കുന്ന ഓണാട്ടുകരയിലെ ഏറ്റവും പ്രബലമായ കൃഷി എന്ന നിലയിൽ നെല്ലും നാട്ടുമ്പുറവുമായി അഭേദ്യമായ ബന്ധ മാണുള്ളത്. നെൽകൃഷിയുമായി ചേർന്നു നിൽക്കുന്ന നാടൻ പ്രയോഗങ്ങളും അവയുടെ ലഘുവിശദീകരണവും നൽകവെ ഗ്രന്ഥകാരൻ ഉൾപ്പെടുത്തിയിരിക്കുന്ന പദങ്ങൾ ശ്രദ്ധിക്കാം. പാക്കുതറ, ഞാറ്റടി, നീരുകൊടുക്കുക, ഞാറ് വരമ്പ്, വരമ്പരിയുക, ഞാറ്റുപാട്ട്, കുണ്ട, മേലായ, തടായ, വല്യരമ്പ്, മുടി, കുനിയിലിടുക, വിരിപ്പ്, മുണ്ടകൻ, ഇടിഞ്ഞു കുത്തുക, പഴക്കം കൊടുക്കുക, നീരിടപച്ച, കരിയിടപ്പേരു ക, കഴാറ, കയ്യിരി, കരിയറ, കളം, കളം ചെത്തുക, നാട്ടി ക്കൊടുക്കുക, കറ്റ, അറുത്തുകെട്ടുക, പഴം തട്ടുക, കളമുറ ക്കം, ഉതിർമണി, കള പെറുക്കുക, പിടിഞ്ഞാൽ, മൂട കുട യുക, പൊലി, പതം, പൊലി അളക്കുക, കരകം കുറിക്കു ക, പതിര്, മങ്ക്, കനമങ്ക് എന്നിവ നെൽകൃഷിയുടെ സമൃ ദ്ധിയും താളവും, ഗന്ധവും നോവും അനുഭവവേദ്യമാക്കു ന്നു. ഓരോന്നിന്റെയും വിവരണങ്ങൾ കൂടി വായിക്കുമ്പോൾ നെൽവയലുകളിലൂടെ സൃഷ്ടിക്കപ്പെട്ട പഴയ കാർഷിക സംസ്കൃതിയിലേക്ക് വീണ്ടും എത്തിച്ചേർന്നപോലെ തോന്നുന്നു.

ഗ്രാമ്യ പദങ്ങളെ ക്രോഡീകരിക്കുന്നതിനായി മുപ്പത്തി യൊന്ന് ഉപശീർഷകങ്ങളാണ് ഗ്രന്ഥകാരൻ കണ്ടെത്തിയി ട്ടുള്ളത്. നെൽകൃഷി, കൊയ്ത്തും മെതിയും, നെല്ലും ആചാ രാനുഷ്ഠാനങ്ങളും, കൽപ്പവൃക്ഷം, പ്ലാവ്, മാവ്, കമുക്, വാഴ, പൂക്കൾ, കിഴങ്ങുവർഗവിളകൾ, കന്നുകാലി പരിപാലനം, കോഴിയും കോഴിവളർത്തലും, ഓണം, ആചാരാനുഷ്ഠാന ങ്ങൾ, കർക്കിടകം, വെറ്റിലമുറുക്ക്, ഗൃഹോപകരണങ്ങൾ, അതിരുകൾ, കാവുകൾ, കിണർ, ചന്ത, ഉത്സവങ്ങൾ, സദ്യ, മഴ, കാളയും കാളവണ്ടിയും, പുരമേച്ചിൽ ഭാഷയും പ്രയോ ഗങ്ങളും, വള്ളം, കുട, നാട്ടിൽ പുറം നന്മകൾ, വിവധ ശബ്ദ ങ്ങൾ എന്നിവയിലൂടെ ഒട്ടനവധി പദങ്ങളെയാണ് നാട്ടുമ്പു റത്തുള്ള പഴമക്കാർ ഉൽപ്പാദിപ്പിച്ചിരുന്നത്. മലയാള ഭാഷ യുടെ ഏറ്റവും മനോജ്ഞമായ മുഖലാവണ്യം പ്രദർശിപ്പിച്ച ഈ ഗ്രാമ്യഭാഷാ സഞ്ചയത്തിലൂടെ കടന്നു പോകുമ്പോൾ അഭിമാനം കൊണ്ട് ശിരസ്സുയരും. ഒപ്പം തന്നെ ഇവയിൽ പലതും നാം ഉപയോഗിക്കാത്തതു കൊണ്ടുതന്നെ മൃതപ്രാ യമായിട്ടുണ്ടല്ലോ എന്ന ഉത്കണ്ഠയും ഉണരും. അച്ചടി ഭാഷയും ആധുനിക സാങ്കേതിക ഭാഷയും കൃത്രിമമായ നാഗരികത നൽകിയ നപുംസകഭാഷയും കൂടി വന്നു ചേർന്നപ്പോൾ മലയാളിയുടെ നാവിൽ നിന്നും നാട്ടുവഴക്കം പടിയിറങ്ങിപ്പോയി. 'മൂരിയും, കിടാവും, മടന്തയും, കറുക യും, പൂവാം കുറുന്തലും, കാള'മുണ്ടവും, പുഴുക്കും, ചമ്പനും, മെത്തപ്പൂളും, ഞൊറിയും, കതിരും, വള്ളത്തട്ടും, ചൂരൽക്കാവും, കുറുന്തോട്ടിയും, കെട്ടുകാളയും, കുരവയും, ആർപ്പും, കളീലും, കർക്കിടകക്കഞ്ഞിയും, തുടുപ്പും, വെറ്റാ ട്ടിയും, ഉറിയും ഉരിയയും, പന്തിയും, പിശറും, കെട്ടൂനാ രും, പോലത്തേക്കും, പാടുംദുരിതോം, പൊണ്ണക്കാര്യോം, കേമത്തവും, മന്ദഹാസവും ക്രമേണ അപ്രത്യക്ഷമായിക്കൊ ണ്ടിരിക്കുന്നു. ഇവിടെ 'നാട്ടുനന്മൊഴികൾ' ഒരു ഓർമ്മപ്പെ ടുത്തലായി തെളിഞ്ഞുവരുകയാണ്.

മലയാളമാസങ്ങളിലെ ഏറ്റവും അവസാനമാസമായ കർക്കിടകവുമായി ബന്ധപ്പെട്ടപദ സഞ്ചയം എത്രയോ വിഷ യങ്ങളാണ് അവതരിപ്പിക്കുന്നത്. പഞ്ഞ മാസവും പത്തില കൂട്ടും, കർക്കിടകച്ചേമ്പും, കർക്കിടക ചേനയും, മരുന്നു കഞ്ഞിയും സുഖ ചികിത്സയും, കർക്കിടകവാവും, ഒരു വേരനും ആടി അറുതിയും കർക്കിടക പത്ത് ഉണക്കും കൂടി ബഹുകൃത വേഷങ്ങളാണ് കർക്കിടകമാസത്തിനുള്ളത്. സദ്യ, വെറ്റിലമുറുക്ക് എന്നിവയോട് ചേർന്നു നിൽക്കുന്ന പദങ്ങളുടെ രുചിഭേദം വേറെതന്നെ. ഗൃഹോപകരണങ്ങ ളായി അവതരിക്കുന്ന ചിരവ, തുടുപ്പ്, തിരിക, അടപലക, പരണ്, ഉറി, മത്ത്, കുരണ്ടി, ഉപ്പുമരവി, പത്തായം, തിരികല്ല്, അമ്മിക്കല്ല്, ആട്ടുകല്ല്, അരിപ്പെട്ടി, കാൽപ്പെട്ടി, എന്നിവ ഇക്കാലത്തെ 'ആന്റിക്' വസ്തുക്കളായി മാറിയിരിക്കുന്നു. ഇവ എന്താണെന്നും ഉപയോഗമെന്തെന്നും അറിയുവാൻ പുതുതലമുറക്ക് ആശ്രയിക്കാൻ ഈ 'നാട്ടുനന്മകൾ' ഗ്രന്ഥം മാത്രമേ അവശേഷിക്കുന്നുവെന്ന് ഓർമ്മിപ്പിക്കട്ടെ.

അതിരുകൾ, കാവുകൾ, ചന്തകൾ, ഉത്സവങ്ങൾ എന്നിവ യിൽ തെളിയുന്ന ശബ്ദങ്ങളുടെ രസം പ്രത്യേകമായി ആസ്വ ദിക്കണം. മഴ, കിണർ, വള്ളം, പുരമേച്ചിൽ, കുട, കാള, കാള വണ്ടി എന്നിങ്ങനെ എന്തിനെയെല്ലാം ഈ ഗ്രന്ഥകാരൻ പിൻതുടർന്നിരിക്കുന്നുവെന്ന് നാം അത്ഭുതപ്പെട്ടുപോകും. ഇവ യിലൊന്നും പെടാതെ വിവധ ജീവിത മുഹൂർത്തങ്ങളിൽ പ്രയോഗിക്കാറുള്ള വാക്കുകളെ 'പദങ്ങളും പ്രയോഗങ്ങളും' 'നാട്ടിൻപുറം നന്മകൾ' എന്നീ രണ്ടു തലക്കെട്ടുകളിലായി അണിനിരത്തിയിരിക്കുന്നു. കളിത്തട്ടും മാടക്കടയും ചുമടുതാ ങ്ങിയും ആൽത്തറയും വായനശാലയും കാപ്പിക്കടയും ആശാൻപള്ളിക്കൂടവും കുളിക്കടവും കടത്തുവള്ളവും പ്രത്യ ക്ഷമാകുമ്പോൾ നമുക്കു മുന്നിൽ നന്മയിൽ കുളിച്ചു നിൽക്കുന്ന ശുദ്ധശുഭ്രമായ ഒരു നാട്ടിൽ പുറം ജനിക്കുകയായി.

'ശൂന്യതയിലെ ശബ്ദം പ്രപഞ്ചാരംഭമാണ്' എന്നുള്ള ദാർശനിക പ്രസ്താവത്തോടെ കുരവ, ആർപ്പുവിളി, മുറുമു റുപ്പ്, അട്ടഹാസം, മന്ദഹാസം, നിലവിളി, ഏമ്പക്കം, ചൂളം വിളി, ഏക്കം വലി എന്നീ സമ്മിശ്ര ശബ്ദങ്ങളുടെ കലാശ ക്കോട്ടയെ തെളിയിച്ചുകൊണ്ടാണ് 'നാട്ടുനന്മൊഴികൾ' എന്ന ഗ്രന്ഥം പൂർണ്ണമാകുന്നത്. നാട്ടിൻ പുറത്തിന്റെ പദസൗഭാ ഗ്യങ്ങളിലേക്കുള്ള വിശുദ്ധമായ തീർത്ഥമായി മുരളീധരൻ തഴക്കരയുടെ ഈ ഗ്രന്ഥം അനുഭവപ്പെടുന്നു. ■

**ടി. ഷാഹുൽ ഹമീദ്**



# തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും

മനുഷ്യരാശിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിൽദാന പദ്ധതിയുമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കഴിഞ്ഞ 6 വർഷകാലയളവിനുള്ളിൽ 15,0000 കോടി രൂപ ചെലവഴിച്ച് 1100 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് ഗ്രാമീണ മേഖലയിലെ തൊഴിൽ ചെയ്യാൻ തയ്യാറായ ദരിദ്രർക്ക് മോഹസാഫല്യത്തിന്റെ തെളിനീർമഴ പെയ്യിക്കുവാൻ ഈ പദ്ധതി കൊണ്ട് സാധിച്ചു. ലോകരാഷ്ട്രങ്ങൾ ഉറ്റുനോക്കുകയും പലരും പകർത്താൻ ശ്രമിക്കുകയും തുല്യതയില്ലാത്ത വേറിട്ട സമീപനവുമായി 07/09/2005 ന് തുടക്കമിടുകയും 01/04/2008 മുതൽ രാജ്യത്താകമാനം വ്യാപരിക്കുകയും ചെയ്ത തൊഴിലുറപ്പ് പദ്ധതി ഇന്ത്യയിലെ ഏറ്റവും വലിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണ്. വർഷം തോറും 250 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ നാളിതുവരെ ഈ പദ്ധതി കൊണ്ട് സാധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് രാജ്യത്തെ സ്ത്രീകളെ സ്വന്തം കാലിൽ നിൽക്കാൻ പര്യാപ്തമാക്കി പൂർണ്ണ അർത്ഥത്തിൽ സാമൂഹിക സാമ്പത്തിക ശാക്തീകരണം നടത്തുക എന്നത്. ആകെ പദ്ധതി അടങ്കലായ 172500 കോടിയിൽ 166516 കോടി രൂപയും ചെലവഴിക്കാൻ ഈ പദ്ധതിക്ക് സാധിച്ചു. 2011–12 ൽ 49000 കോടി രൂപ നീക്കിവെച്ചതിൽ 37303 കോടി രൂപ ചെലവഴിച്ചു. 146 ലക്ഷം പ്രവൃത്തികൾ ഏറ്റെടുത്തതിൽ 87 ലക്ഷം പ്രവർത്തികളും പൂർത്തീകരിച്ചു.

**തൊഴിലുറപ്പ് പദ്ധതി സ്ത്രീപക്ഷ പദ്ധതി**

രാജ്യത്തെ സ്ത്രീകളെ ഏറ്റവും അധികം ആകർഷിച്ച പദ്ധതിയാണ് തൊഴിലുറപ്പ് പദ്ധതി. ഇന്ത്യയിലെ തൊഴിലുറപ്പ് പദ്ധതികളിലെ സ്ത്രീകളുടെ സാന്നിധ്യം 45% മാണ്. 2006 മുതൽ 2012 വരെ 561 കോടി സ്ത്രീകൾ ഈ പദ്ധതി പ്രകാരം ജോലി ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിച്ച ഘട്ടത്തിൽ അതായത് 2006 ൽ 36 കോടി സ്ത്രീകൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി, തൊഴിലാളികളുടെ മൂന്നിൽ ഒന്ന് സ്ത്രീകളായിരിക്കണം എന്ന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ടെങ്കിലും കേരളം, തമിഴ്നാട്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ഭൂരിഭാഗവും സ്ത്രീകളാണ് ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ.



സ്ത്രീകളെ പ്രധാനമായും ഈ പദ്ധതിയിലേക്ക് ആകർഷിച്ചത് വേതന തുല്യതയായിരുന്നു. രാജ്യത്തെ ഭരണഘടന പൗരന്മാർ തമ്മിൽ വേതന കാര്യത്തിൽ വിവേചനം പാടില്ല എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം പറയുന്നുണ്ടെങ്കിലും പുരുഷന്മാരോടൊപ്പം ഒരേ സ്വഭാവത്തിലുള്ള ജോലി ചെയ്യുന്നവർക്ക് വ്യത്യസ്ത



രീതിയിലാണ് കൂലി നൽകി വരുന്നത്. സാമ്പ്രദായികമായി പുരുഷ മേധാവിതത്തിന്റെ ബഹിർസ്ഫുരണം എല്ലാ മേഖലയിലും ദൃശ്യമാണ്. ഈ വിവേചനത്തിന് അറുതി വരുത്തി കൊണ്ട് വേതന തുല്യം എന്ന ചരിത്രപ്രസിദ്ധമായ നിയമ നിർദ്ദേശം സ്ത്രീകൾ സർവ്വാത്മന സ്വീകരിക്കുന്ന കാഴ്ചയാണ് ഈ പദ്ധതിയിലൂടെ കണ്ടത്. കൂടാതെ സഹവസിക്കുന്ന പ്രദേശങ്ങളിൽ 5 കിലോ മീറ്റർ പരിധിക്കുള്ളിൽ ജോലി ലഭിക്കുന്നു എന്നത് കൂടുതൽ യാത്ര ചെയ്യാതെ സ്ത്രീകളുടെ ദൈനംദിന കടമകൾ പൂർത്തീകരിച്ച് ജോലി ചെയ്യുവാൻ അവരെ പ്രചോതിദരാക്കുന്നു. തൊഴിലിടങ്ങളിലെ മാന്യമായ പരിഗണന, നാട്ടിലെ ആസ്ഥി സൃഷ്ടിപ്പ്, സംരംക്ഷണം, സ്ത്രീകൾക്ക് കൂടി ഉപകാരപ്രദമായ പ്രവർത്തനം, കുട്ടികളെ നോക്കാനുള്ള പ്രത്യേക ആയമാരുടെ സംരക്ഷണം, തൊഴിൽ സമയങ്ങളിലെ ഇടവേള, പ്രായമായവർക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഉപേക്ഷിക്കപ്പെട്ട വനിതകൾക്കും പ്രത്യേക പരിഗണന എന്നിവ തൊഴിലുറപ്പ് പദ്ധതിയെ സ്ത്രീകളുടേതാക്കി മാറ്റി. കൂടാതെ ആസൂത്രണ പ്രക്രിയയിലും നിർവ്വഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങളിലും സ്ത്രീകളുടെ സാന്നിധ്യം ഒഴിച്ചു കൂടാനാവാത്തതും സോഷ്യൽ ഓഡിറ്റും ഇടനിലക്കാരുടെ പൂർണ്ണമായ അദൃശ്യതയും ഓരോ പ്രവർത്തനവും കണ്ണാടി പോലെ സുതാര്യമായി മാറി, ബാങ്കിലൂടെ ലഭിക്കുന്ന തുക ആത്മസംതൃപ്തിയോടെ സ്വീകരിച്ച് നെടുവീർപ്പിട്ട് ആരുടെയും സഹായവുമില്ലാതെ സ്വന്തം കാര്യങ്ങൾ നോക്കാൻ സ്ത്രീകൾ പര്യാപ്തരായി. പുരുഷന്മാർക്ക് കൂടുതൽ മെച്ചപ്പെട്ട ജോലി ലഭിക്കുമ്പോൾ, തൊഴിലില്ലാത്തവരായി ബഹുഭൂരിഭാഗം വരുന്ന സ്ത്രീകളും കുടുംബനാഥ എന്ന പരിഗണന ലഭിച്ച് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കാൻ ഈ പദ്ധതി കൊണ്ട് കാരണമായി. പൊതുസ്ഥലങ്ങളിൽ ജോലി ചെയ്യാനുള്ള സ്ത്രീകളുടെ ശേഷിക്ക് ഈ പദ്ധതി ഊർജ്ജസ്വലത സമ്മാനിച്ചു.

**കുടുംബശ്രീയുടെ നിറസാന്നിദ്ധ്യം**

ഇന്ത്യയിലെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ തീർത്തും വേറിട്ട് നിൽക്കുന്ന കാഴ്ചയാണ് കേരളത്തിലെ പദ്ധതി പ്രവർത്തനങ്ങളിൽ കണ്ടത്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയുടെ നടത്തിപ്പും മേൽനോട്ടവും കൈവന്നതും, മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളത് പോലെ എൻ ജി ഒ കൾക്ക് കേരളത്തിൽ സ്ഥാനം ലഭിക്കാത്തതും ഈ പദ്ധതിയുടെ കേരളമോഡലാണ്. 2011-12 വർഷം 93% സ്ത്രീകളായിരുന്നു കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്തത് ഇത് സർവ്വകാല റിക്കാർഡാണ്. ഇന്ത്യയിലെ ഒരു പക്ഷേ ഏഷ്യയിലെ ഏറ്റവും വലിയ സ്ത്രീകളുടെ ചാലകശക്തിയായ, സാമൂഹ്യാധിഷ്ഠിത പ്രസ്ഥാനമായ കുടുംബശ്രീ പ്രവർത്തകരുടെ വിയർപ്പിന്റെയും കഠിനാദ്ധ്വാനത്തിന്റെയും പരിണിതഫലമാണ് ഈ നേട്ടം. ഈ പദ്ധതിയിലേക്ക് സ്ത്രീകൾ ഒഴുകിയെത്തുന്നതിന് കുടുംബശ്രീ കാരണമായി. സ്ത്രീകളുടെ പുരോഗതി ലക്ഷ്യമാക്കി ഏത് പദ്ധതി നിലവിൽവന്നാലും പ്രസ്തുത പദ്ധതിയെ കേരളത്തിലെ സ്ത്രീകൾക്കനുകൂലമാക്കി മാറ്റി അവരുടെ ജീവിതോപാദി പ്രക്രിയയ്ക്ക് പൂർണ്ണത നൽകി സകല ചൂഷണങ്ങളിൽ നിന്നും

**രാജ്യത്തെ ഭരണഘടന പൗരന്മാർ തമ്മിൽ വേതന കാര്യത്തിൽവിവേചനം പാടില്ല എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം പറയുന്നുണ്ടെങ്കിലും പുരുഷന്മാരോടൊപ്പം ഒരേ സ്വഭാവത്തിലുള്ള ജോലി ചെയ്യുന്നവർക്ക് വ്യത്യസ്ത രീതിയിലാണ് കൂലി നൽകി വരുന്നത്. സാമ്പ്രദായികമായി പുരുഷ മേധാവിതത്തിന്റെ ബഹിർസ്ഫുരണം എല്ലാ മേഖലയിലും ദൃശ്യമാണ്. ഈ വിവേചനത്തിന് അറുതി വരുത്തി കൊണ്ട് വേതന തുല്യം എന്ന ചരിത്രപ്രസിദ്ധമായ നിയമ നിർദ്ദേശം സ്ത്രീകൾ സർവ്വാത്മന സ്വീകരിക്കുന്ന കാഴ്ചയാണ് ഈ പദ്ധതിയിലൂടെ കണ്ടത്.**



അവർക്ക് മോചിതരാകാൻ കഴിയുന്ന ഒറ്റമൂലിയായി കുടുംബശ്രീയെ കേരളത്തിലെ സ്ത്രീകൾ നെഞ്ചിലേറ്റിയതിന്റെ പ്രകടമായ ഉദാഹരണമാണ് ഈ വലിയനേട്ടം. കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവിയിൽ സമൂലമായ മാറ്റം ഉണ്ടാക്കുവാൻ ഈ പദ്ധതി കൊണ്ട് സാധിച്ചു. കേരളത്തെ പോലെ മറ്റൊരു സംസ്ഥാനത്തും ഇത്ര വലിയ രീതിയിൽ സ്ത്രീകൾ ആകർഷിക്കപ്പെട്ടില്ല. കുടുംബശ്രീ സംഘടനാസംവിധാനത്തിന്റെ ചലനാത്മകതയും കണ്ണിൽ എണ്ണയൊഴിച്ചുള്ള നിതാന്തമായ ജാഗ്രതയും പഞ്ചായത്തുകളുമായുള്ള ആത്മബന്ധവും തൊഴിലുറപ്പ് പദ്ധതിയെ സ്ത്രീകളുടേതും കുടുംബശ്രീയുടേതുമാക്കി മാറ്റി. ജോലി ഏറ്റെടുക്കൽ, തൊഴിൽ കാർഡ് നൽകൽ, മസ്റ്റർ റോൾ പ്രകാരം ജോലി ചെയ്യൽ, തൊഴിൽ മൂല്യം അളക്കൽ, വേതന വിതരണം, മേറ്റ്മാരുടെ തെരഞ്ഞെടുപ്പ്, സോഷ്യൽ ഓഡിറ്റ്, പ്രത്യേക ഗ്രാമസഭകൾ എന്നീ പ്രവർത്തനങ്ങളിൽ കുടുംബശ്രീ പ്രവർത്തകർ നിറസാന്നിധ്യമായിരുന്നു. ജോലി ചെയ്യാനുള്ള ഉത്സാഹം, തീരുമാനം എടുക്കുവാനുള്ള കഴിവ് എന്നിവ കേരളത്തിലെ സ്ത്രീകൾക്ക് സമ്മാനിച്ചത് കുടുംബശ്രീയുടെ കഴിഞ്ഞ കാല പ്രവർത്തനങ്ങളായിരുന്നു. പൊതു ഇടങ്ങളിൽ ജോലി ചെയ്യുവാനും, തനിക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ തലനാരിഴ കീറി വാങ്ങിക്കുവാനും പൊതുവിടം തന്റേതാക്കി മാറ്റി, വലിയ എഞ്ചിനീയർമാർ ചെയ്യുന്ന അളവ്, മസ്റ്റർ റോൾ, ജോലി കണ്ടെത്തൽ എന്നിവ സ്വായത്തമാക്കുവാനും കുടുംബശ്രീ സ്ത്രീകളെ പഠിപ്പിച്ചു. കുടുംബശ്രീ കേരളത്തിലെ വിധവകളായ സ്ത്രീകളുടെ പ്രധാന വരുമാനമാർഗമായി തൊഴിലുറപ്പ് പദ്ധതി മാറി ഇത് അവർക്ക് സമൂഹത്തിൽ മാന്യതയും മതിപ്പും ഉണ്ടാക്കി. രാജ്യത്തിലെ സ്ത്രീകളുടെ പട്ടിണിക്ക് അറുതി വരുത്തുവാൻ ഈ പദ്ധതി കൊണ്ട് സാധിച്ചിട്ടുണ്ടെങ്കിൽ കേരളത്തിൽ അത് പൂർണ്ണതയുള്ള ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനമായി മാറ്റുവാൻകുടുംബശ്രീക്ക് സാധിച്ചു. ബാങ്കുകളുമായി സ്ത്രീകളെ ബന്ധിപ്പിച്ച് മിതവ്യയശീലം ജീവിതത്തിൽ പകർത്തുവാനും, ആവശ്യത്തിനനുസരിച്ച് പണം പിൻവലിക്കുവാനും ശീലിപ്പിച്ചു.

പ്രകൃതിയുമായി ഇടപഴകി ജീവിക്കുന്ന സ്ത്രീകളെ നീർത്തടസംരക്ഷണം, പ്രകൃതി സംരക്ഷണം, മണ്ണ് സംരക്ഷണം, കാർഷിക സൗകര്യങ്ങൾ എന്നിവയുമായി കൂടുതൽ ബന്ധം ഉണ്ടാക്കി കൊടുക്കുവാൻ ഈ പദ്ധതി കൊണ്ട് സാധിച്ചു. സ്ത്രീപുരുഷ സമത്വം ഉദ്ഘോഷണം ചെയ്യുന്ന പദ്ധതി, സാമൂഹിക നീതിയിലധിഷ്ഠിതവുമായ കാഴ്ചപ്പാടും, തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ അവകാശങ്ങൾ പൂർണ്ണമായും നിറവേറ്റുകയും ചെയ്യുന്നു. തൊഴിലുറപ്പ് പദ്ധതിക്കും കുടുംബശ്രീക്കും പൊക്കിൾക്കൊടി ബന്ധമാണ് കേരളത്തിൽ ഉള്ളത്. വേർപെടുത്താനോ, അടർത്തി മാറ്റുവാനോ കഴിയാത്ത വിധം സയാമീസ് ഇരട്ടകളെ പോലെ പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു കുടുംബശ്രീയും തൊഴിലുറപ്പ് പദ്ധതിയും.



**ലോകരാഷ്ട്രങ്ങൾ ഉറ്റുനോക്കുകയും പലരും പകർത്താൻ ശ്രമിക്കുകയും തുല്യതയില്ലാത്ത വേറിട്ട സമീപനവുമായി 07/09/2005 ന് തുടക്കമിടുകയും 01/04/2008 മുതൽ രാജ്യത്താകമാനം വ്യാപരിക്കുകയും ചെയ്ത തൊഴിലുറപ്പ് പദ്ധതി ഇന്ത്യയിലെ ഏറ്റവും വലിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണ്.**

### നാൾവഴികൾ

തൊഴിലുറപ്പ് പദ്ധതിയിലേക്ക് കേരളത്തിലെ സ്ത്രീകളെ ആകർഷിക്കുവാൻ വൈവിധ്യങ്ങളായ പദ്ധതികളാണ് കുടുംബശ്രീ അണിയിച്ചൊരുക്കിയത്. തൊഴിൽ കാർഡ് എടുക്കുവാനും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെയും, ആദിവാസികളെയും പ്രത്യേക ഗ്രൂപ്പായി കണ്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് കൂടുതൽ പേരെ തൊഴിൽ കാർഡ് എടുപ്പിച്ച് ബി പി എൽ ലിസ്റ്റിലെ മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ കാർഡ് ലഭിച്ചു എന്ന് കുടുംബശ്രീ സംവിധാനം ഉറപ്പ് വരുത്തി ലേബർ ബഡ്ജറ്റ് ഉണ്ടാക്കുവാനും പദ്ധതികൾ തയ്യാറാക്കുവാനും ഏറ്റെടുക്കുവാനും സൂപ്പർവൈസ് ചെയ്യുവാനും സോഷ്യൽ ഓഡിറ്റ് നടത്തുവാനും മോണിറ്ററിംഗ് നടത്തുവാനും സി ഡി എസ്സ് സംവിധാനം കർമ്മനിരതരായി പഞ്ചായത്തുകളെയും ഗുണഭോക്താക്കളെയും ബന്ധിപ്പിക്കുന്ന കണ്ണികളായി കോരളത്തിലെ കുടുംബശ്രീ മാറി. എ ഡി എസ്സുകളുടെ പ്രധാന ഉത്തരവാദിത്തം തൊഴിലുറപ്പ് പദ്ധതിയായി മാറി. വ്യത്യസ്ത പരിശീലനങ്ങൾ നൽകി തൊഴിലുറപ്പ് പദ്ധതിയിലെ മേറ്റ്മാരുമായി കുടുംബശ്രീ പ്രവർത്തകർ മാറി. ഈ കാര്യങ്ങൾ പൂർണ്ണമായി നോക്കി നടത്തുവാൻ സി ഡി എസ്സിൽ ഒരു പ്രത്യേക വളണ്ടിയറെ കുടുംബശ്രീ ചുമതലപ്പെടുത്തി. തൊഴിലുപ്പ് പദ്ധതിയിലെ കൂലി ലഭിക്കാൻ താമസിച്ച പ്പോഴൊക്കെ കുടുംബശ്രീ ത്രിഫ്റ്റ് സംഖ്യ അവരുടെ രക്ഷയ്ക്കെത്തി. ഏതൊരു പ്രശ്നവും ഈ പദ്ധതിയുമായി ഉണ്ടായപ്പോൾ കുടുംബശ്രീ ഒരു തെളിനീർ ചോല പോലെ ഒഴുകിയെത്തി. സമാധാനത്തിന്റെ കൈത്താങ്ങ് തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ സമ്മാനിച്ചു. കേരളത്തിലെ കൃഷിയിടങ്ങളിൽ നിന്ന് സ്ത്രീകളുടെ കൊഴിഞ്ഞ് പോക്ക് പൂർണ്ണമായി ഇല്ലാത്തതാക്കി കൃഷിയിടങ്ങളിലേക്ക്, മണ്ണിലേക്ക് സ്ത്രീകളെ ഈ പദ്ധതി കൈപിടിച്ച് ഉയർത്തിയപ്പോൾ അതിന് പൂർണ്ണമായ പിന്തുണ കുടുംബശ്രീ കാലാകാലങ്ങളിൽ നൽകി. പ്ലാനിംഗ് കമ്മീഷൻ അംഗം മിഹിർഷായുടെ പഠന റിപ്പോർട്ടിൽ കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ സ്ത്രീസാന്നിധ്യത്തിന് പിറകിൽ കുടുംബശ്രീയാണെന്ന് കലർപ്പില്ലാതെ പറഞ്ഞിട്ടുണ്ട്.

2012 വരെ 53000/- കോടി രൂപ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരളത്തിലെ സ്ത്രീകൾക്ക് കൂലിയായി നൽകി 2006 – 07 ൽ 66% മാണ് കേരളത്തിൽ സ്ത്രീകൾ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത് എങ്കിൽ വർഷം തോറും ക്രമാതീതമായി വളർച്ച രേഖപ്പെടുത്തി ഇപ്പോൾ 93% ത്തിൽ എത്തി നിൽക്കുന്നതിന്റെ പിറകിലെവിജയതന്ത്രം കുടുംബശ്രീയാണ്. ഈ വർഷത്തെ ഓണക്കാലത്ത് ഓണക്കോടി ലഭിച്ച ബഹുഭൂരിഭാഗവും കുടുംബശ്രീ പ്രവർത്തകരാണ്. ആത്മഹർഷത്തിന്റെ നിറവിൽ ഒരു വലിയ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി വിജയത്തിലെത്തിച്ച ചാരിതാർത്ഥ്യത്തിലാണ് കേരളത്തിലെ കുടുംബശ്രീ പ്രവർത്തകരും ഭരണാധികാരികളും. ■

*(ലേഖകൻ കുടുംബശ്രീ കണ്ണൂർ ജില്ലാമിഷനിൽ അസി: കോ-ഓർഡിനേറ്ററാണ്)*

ഫീച്ചർ

# റിയൽ എസ്റ്റേറ്റ് ബിൽ 2013 സുതാര്യതയും ധാർമ്മികതയും ഉറപ്പുവരുത്തുന്നു

കേന്ദ്രസർക്കാരിന്റെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ 2013 നിർമ്മാണ മേഖലയിൽ സുതാര്യത ഉറപ്പുവരുത്തുവാനും, ധാർമ്മിക മൂല്യങ്ങളിലൂന്നിയുള്ള കച്ചവടശീലങ്ങൾ വളർത്താനും ലക്ഷ്യമിട്ടുള്ളതാണ്. പദ്ധതിയുടെ വിശദാംശങ്ങൾ നേരത്തേ തന്നെ വെളിപ്പെടുത്തുന്നതുവഴി നിർമ്മാണമേഖലയിലെ ചൂഷണവും അസന്തുലിതത്വവും ഇല്ലാതാക്കാനാവും.

നിലവിൽ രാജ്യത്തെ റിയൽ എസ്റ്റേറ്റ്, ഭവനമേഖലകൾക്ക് യാതൊരു നിയന്ത്രണവുമില്ല. ഉപഭോക്താക്കൾക്ക് പദ്ധതിയെക്കുറിച്ച് പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കാനോ നിർമ്മാതാക്കളുടെ കൊള്ളരുതായ്മകൾക്കെതിരെ പരാതി നൽകാനോ വ്യവസ്ഥാപിതമായ നിയമത്തിന്റെ അഭാവത്തിൽ സാധിച്ചിരുന്നില്ല. ഉപഭോക്താക്കൾക്ക് കൂടുതൽ അധികാരം ലഭ്യമാകുന്നവിധത്തിലാണ് ബിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

**ബില്ലിലെ പ്രധാന വ്യവസ്ഥകൾ**

പുതുതായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന ഓരോ പ്രൊമോട്ടറും പദ്ധതിയുടെ പൂർണ്ണവിശദാംശങ്ങളടങ്ങിയ അപേക്ഷ നിർദ്ദിഷ്ട സർക്കാർ അധികാരികൾക്ക് സമർപ്പിക്കണം. സ്ഥാപനത്തിന്റെ പേര്, രജിസ്റ്റേർഡ് അഡ്രസ്സ്, പാർട്ട്ണർമാരുടെ പേര്, രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവയെല്ലാം അപേക്ഷയിൽ വ്യക്തമാക്കിയിരിക്കണം. എവിടെയാണോ പദ്ധതി പ്രാവർത്തികമാക്കുന്നത്, ആ പ്രദേശത്ത് നിർമ്മാണത്തിന് തടസ്സമില്ലെന്ന സാക്ഷ്യപത്രം, എത്ര ഘട്ടങ്ങളിലായാണ് പദ്ധതി പൂർത്തിയാക്കുക, പദ്ധതിയുടെ പൂർണ്ണ രൂപരേഖ എന്നിവയും അപേക്ഷയുടെ കൂടെ സമർപ്പിക്കണം. എത്ര സ്ക്വയർ ഫീറ്റ് ഏരിയയിലാണ് പദ്ധതി, ഉപഭോക്താക്കളുമായി ഉണ്ടാക്കിയ ധാരണകൾ, റിയൽ എസ്റ്റേറ്റ് ഏജന്റുമാരുടെയും പദ്ധതി കോൺട്രാക്ടർമാരുടെയും പൂർണ്ണവിവരങ്ങൾ എന്നിവയും വ്യക്തമാക്കണം.



നിർമ്മാണപ്രവർത്തനം നടക്കുന്ന ഭൂമി സ്വന്തം പേരിലാണെന്ന് വ്യക്തമാക്കി പ്രൊമോട്ടർമാരോ അവർ നിയോഗിക്കുന്ന ആളുകളോ സത്യവാങ്മൂലം സമർപ്പിക്കണം. ഭൂമിയിൽ മറ്റാർക്കെങ്കിലും അവകാശമുണ്ടോ, ബാധ്യതകളുണ്ടോ തുടങ്ങിയ വിവരങ്ങളും വ്യക്തമാക്കണം. എത്ര കാലപരിധിക്കുള്ളിൽ പദ്ധതി പൂർത്തി



യാവുമെന്ന് പ്രൊമോട്ടർമാർ വ്യക്തമാക്കണം. ഇതെല്ലാം ഉപഭോക്താക്കളുടെ താൽപ്പര്യം സംരക്ഷിക്കാനുദ്ദേശിച്ചുള്ള നടപടികളാണ്.

റിയൽ എസ്റ്റേറ്റ് റെഗുലേറ്റിംഗ് അതോറിറ്റി പ്രൊമോട്ടർമാർക്ക് നൽകുന്ന ലോഗിൻ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് അതോറിറ്റി വെബ്ബ്സൈറ്റിൽ പ്രവേശിച്ച ശേഷം പദ്ധതിയുടെ പൂർണ്ണവിശദാംശങ്ങൾ പ്രൊമോട്ടർമാർ അവിടെ രജിസ്റ്റർ ചെയ്യണം. ബന്ധപ്പെട്ട അതോറിറ്റി നൽകുന്ന രജിസ്ട്രേഷന്റെ വിശദവിവരങ്ങൾ, മൂന്നുമാസത്തിലൊരിക്കൽ പദ്ധതിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച റിപ്പോർട്ട്; ബുക്ക് ചെയ്യപ്പെട്ട പ്ലോട്ടുകൾ/അപ്പാർട്ടുമെന്റുകൾ തുടങ്ങിയവയുടെ വിവരങ്ങൾ, അതോറിറ്റി നിർദ്ദേശിക്കുന്ന മറ്റ് വിവരങ്ങൾ തുടങ്ങിയവ അതോറിറ്റിയുടെ വെബ്ബ്സൈറ്റിലെ സ്വന്തം വെബ്ബ്പേജിൽ പ്രൊമോട്ടർ സമർപ്പിക്കണം.

പ്രൊമോട്ടർമാർ പദ്ധതിയുമായി ബന്ധപ്പെട്ട് നൽകുന്ന പരസ്യങ്ങളിൽ ബന്ധപ്പെട്ട അതോറിറ്റി നൽകിയ രജിസ്ട്രേഷൻ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ വെളിപ്പെടുത്തിയിരിക്കണം. അതോറിറ്റിയുടെ വെബ്ബ്സൈറ്റ് അഡ്രസ്സ്, രജിസ്ട്രേഷൻ നമ്പർ തുടങ്ങിയവയും വിൽപ്പന കരാറിൽ കക്ഷിക്ക് സ്ഥലത്തിന്റെ/അപ്പാർട്ട്മെന്റിന്റെ സൈറ്റ്, ലേഔട്ട് പ്ലാനുകളും അതോറിറ്റി അംഗീകരിച്ച വിശദാംശങ്ങളും വ്യക്തമാക്കിയിരിക്കണം. പദ്ധതിയുടെ ഘട്ടംഘട്ടമായ പൂർത്തീകരണ വിവരം (വെള്ളം, വൈദ്യുതി, സാനിട്ടേഷൻ) തുടങ്ങിയവ കക്ഷിയെ സമയാസമയങ്ങളിൽ അറിയിച്ചിരിക്കണം.

ഇതുകൂടാതെ പദ്ധതിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് നിശ്ചിത അതോറിറ്റിയിൽ നിന്ന് വാങ്ങുന്ന കക്ഷിക്കോ/കക്ഷികൾക്കോ നൽകേണ്ട ചുമതല, പദ്ധതിയുമായി ബന്ധപ്പെട്ട അവശ്യസേവനങ്ങൾ കക്ഷികൾക്ക് നൽകേണ്ട ചുമതല, വാങ്ങുന്ന കക്ഷികളുടെ നിയമവിധേയമായുള്ള അസോസിയേഷൻ രൂപീകരണച്ചുമതല എന്നിവ നിർവ്വഹിക്കേണ്ടത് പ്രൊമോട്ടർമാരാണ്.

വിൽപ്പന കരാറിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ പ്രൊമോട്ടർക്ക് അലോട്ട്മെന്റ് അസാധുവാക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ വിൽപ്പന കരാർ അസാധുവാക്കപ്പെടുന്ന സാഹചര്യത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണെങ്കിൽ മറുകക്ഷിക്ക് പരാതിയുമായി ബന്ധപ്പെട്ട അതോറിറ്റിയെ സമീപിക്കാവുന്നതാണ്.

അതോറിറ്റിയുടെ നിയന്ത്രണങ്ങൾ പ്രകാരം കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്ന വ്യവസ്ഥകളും, രേഖകൾ സംബന്ധിച്ച വിശദാംശങ്ങളും സൂക്ഷിക്കാൻ പ്രൊമോട്ടർമാർ ചുമതലപ്പെട്ടവരാണ്. ■

*(പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം)*

**നിലവിൽ രാജ്യത്തെ റിയൽ എസ്റ്റേറ്റ്, ഭവനമേഖലകൾക്ക് യാതൊരു നിയന്ത്രണവുമില്ല. ഉപഭോക്താക്കൾക്ക് പദ്ധതിയെക്കുറിച്ച് പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കാനോ നിർമ്മാതാക്കളുടെ കൊള്ളരുതായ്മകൾക്കെതിരെ പരാതി നൽകാനോ വ്യവസ്ഥാപിതമായ നിയമത്തിന്റെ അഭാവത്തിൽ സാധിച്ചിരുന്നില്ല. ഉപഭോക്താക്കൾക്ക് കൂടുതൽ അധികാരം ലഭ്യമാകുന്നവിധത്തിലാണ് ബിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്.**





*കേന്ദ്രാവിഷ്കൃതപദ്ധതികളെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാറിൽ സംസ്ഥാന പഞ്ചായത്ത്-സാമൂഹ്യനീതിവകുപ്പുമന്ത്രി ഡോ.എം.കെ.മുനീർ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു.*

# കേന്ദ്രാവിഷ്കൃതപദ്ധതികളും പഞ്ചായത്തുകളും

# കിലയിൽ ദ്വിദിന ദേശീയ സെമിനാർ

**കേ**ന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് മുളംകുന്നത്തുകാവ് കിലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാർ പങ്കാളിത്തം കൊണ്ടും വിഷയാവതരണം കൊണ്ടും ഏറെ ശ്രദ്ധേയമായി. കേന്ദ്ര ഗ്രാമവികസനമന്ത്രാലയവും കിലയും സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്. കേന്ദ്രാവിഷ്കൃതപദ്ധതികളും പഞ്ചായത്തുകളും എന്നതായിരുന്നു സെമിനാറിന്റെ വിഷയം. സമഗ്ര പഞ്ചായത്ത്രാജിനുള്ള പ്രതിബന്ധങ്ങൾ തരണംചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കലും സെമിനാറിന്റെ ലക്ഷ്യമായിരുന്നു. പഞ്ചായത്ത് ശാക്തീകരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയുക്തമായ വിദഗ്ദ്ധസമിതിയുടെ ചെയർമാനും കേന്ദ്രപഞ്ചായത്ത് രാജ് വകുപ്പ് മുൻമന്ത്രിയുമായ മണി ശങ്കർ അയ്യരാണ് സെമിനാർ ഉദ്ഘാടനം ചെയ്തത്.സംസ്ഥാന പഞ്ചായത്ത്-സാമൂഹ്യനീതിവകുപ്പുമന്ത്രി ഡോ. എം. കെ.മുനീർ അദ്ധ്യക്ഷനായിരുന്നു. ഗ്രാമവികസനവകുപ്പുമന്ത്രി കെ.സി. ജോസഫ് മുഖ്യപ്രഭാഷണം നടത്തി. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗ്ഗീസ്, ഇന്ത്യയിലെ യൂണിസെഫ് ചീഫ് ജെ.ജി. അലിമാൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡണ്ട് അഡ്വ. എം. മണികണ്ഠൻ, നിലമ്പൂർ മുനിസിപ്പൽ ചെയർമാൻ ആര്യാടൻ ഷൗക്കത്ത്, മുൻമന്ത്രി. ഡോ. തോമസ്ഐസക്, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പ്രൊഫ. കെ. സരള, കില ഡയറക്ടർ ഡോ. പി.പി. ബാലൻ എന്നിവർ സംസാരിച്ചു.



കേന്ദ്രാവിഷ്കൃത പദ്ധതികളും പഞ്ചായത്തുകളും എന്ന വിഷയ ത്തെക്കുറിച്ചു കിലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാർ മുൻ കേന്ദ്രമന്ത്രി മണിശങ്കർ അയ്യർ ഉദ്ഘാടനം ചെയ്യുന്നു.




കേന്ദ്രാവിഷ്കൃതപദ്ധതികളെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാറിൽ സംസ്ഥാന ഗ്രാമവികസനവകുപ്പു മന്ത്രി കെ.സി.ജോസഫ് മുഖ്യപ്രഭാഷണം നടത്തുന്നു

**ഗ്രാമീണമേഖലയുടെ സാമ്പത്തിക വികസനത്തിനും നാടിന്റെ പുരോഗതിക്കും ആവശ്യമായ പദ്ധതികളാണ് നമുക്ക് വേണ്ടതെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ.എം.കെ. മുനീർ പറഞ്ഞു. നിലവിലുള്ള പദ്ധതികളിൽ ദാരിദ്ര്യനിർമ്മാർജനത്തിനുള്ളവയ്ക്കാണ് കേരളം കൂടുതൽ പ്രാധാന്യം നൽകുന്നത്. പദ്ധതികളുടെ നടത്തിപ്പിൽ ഇപ്പോഴുള്ള പോരായ്മകൾ പരിഹരിക്കേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.**

അധികാരവികേന്ദ്രീകരണത്തിനായുള്ള ഭരണഘടനാഭേദഗതി വന്നിട്ട് 20 വർഷം പൂർത്തിയായെങ്കിലും ഭേദഗതിയുടെ അന്തസത്ത ഉൾക്കൊള്ളാൻ ഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും ഇനിയും കഴിഞ്ഞിട്ടില്ലെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മണിശങ്കർ അയ്യർ കുറ്റപ്പെടുത്തി. അധികാരവികേന്ദ്രീകരണത്തോട് കേന്ദ്രീകൃത അധികാരം കൈയാളുന്നവരുടെ മനോഭാവത്തെയാണ് ഇതുസൂചിപ്പിക്കുന്നത്. അധികാരവികേന്ദ്രീകരണത്തിനുവേണ്ടി രാഷ്ട്രീയ നേതൃത്വം ഇച്ഛാശക്തി പ്രകടിപ്പിച്ചുവെങ്കിലും പല സംസ്ഥാനങ്ങളും മുഖംതിരിഞ്ഞു നിൽക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണസ്ഥാപനനങ്ങളുടെ ചുമതലകൾ, അവരുടെ ഉത്തരവാദിത്വങ്ങൾ, വിഭവങ്ങൾ, കൈമാറേണ്ട ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവയുടെ പട്ടികപോലും തയ്യാറാക്കാൻ പല സംസ്ഥാനങ്ങൾക്കുമായിട്ടില്ല. ദേശീയതലത്തിൽ വിവിധ ഡിപ്പാർട്ടുമെന്റുകൾ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതികളിൽ ഭൂരിഭാഗവും പ്രാദേശിക സർക്കാരുകളുടെ ചുമതലകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പെടുന്നവയാണ്. അതുകൊണ്ടു പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും പ്രാദേശികസർക്കാരുകളുടെ അധികാരപരിധിക്ക് വിധേയമായികൊണ്ടാണ് തയ്യാറാക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അതേ ചുമതലകൾ നിർവ്വഹിക്കുന്നു. കേന്ദ്രങ്ങളുടെയും സമാന്തരസംഘടനകളുടേയും പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടു പോകുന്നത് അവസാനിപ്പിക്കണമെന്നും മണിശങ്കർ അയ്യർ പറഞ്ഞു.

ഉദ്പ്പാദനമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തിയ സംസ്ഥാന ഗ്രാമവികസനവകുപ്പുമന്ത്രി കെ.സി.ജോസഫ് ആവശ്യപ്പെട്ടു. ജോലി നൽകുന്ന പദ്ധതിമാത്രമായി ഇതിനെ മാറ്ററുത്. പുല്ലും റോഡും വെട്ടുന്ന പണി മാത്രമായി ഇതു മാററുത്. ഇതുമൂലം കാർഷികമേഖലയ്ക്കുപോലും ഇപ്പോൾ പണിക്കാളെ കിട്ടുന്നില്ല. ക്ഷീരമേഖലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ ഒരു വർഷംകൊണ്ട് സംസ്ഥാനത്തിന് പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനാകുമെന്നും മന്ത്രി പറഞ്ഞു.

കയർ, കൈത്തറി, മുള തുടങ്ങിയ പരമ്പരാഗത മേഖലകളെ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് യു.ഡി.എഫ്-എൽ.ഡി.എഫ് സർക്കാരുകൾ കേന്ദ്രത്തോട് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഗ്രാമീണമേഖലയുടെ സാമ്പത്തിക വികസനത്തിനും നാടിന്റെ പുരോഗതിക്കും ആവശ്യമായ പദ്ധതികളാണ് നമുക്ക് വേണ്ടതെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ.എം.കെ. മുനീർ പറഞ്ഞു. നിലവിലുള്ള പദ്ധതികളിൽ ദാരിദ്ര്യനിർമ്മാർജനത്തിനുള്ളവയ്ക്കാണ് കേരളം കൂടുതൽ പ്രാധാന്യം നൽകുന്നത്. പദ്ധതികളുടെ നടത്തിപ്പിൽ ഇപ്പോഴുള്ള പോരായ്മകൾ പരിഹരിക്കേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഉദ്ഘാടനത്തിനുശേഷം പഞ്ചായത്ത്ശാക്തീകരണത്തെക്കുറിച്ച് പഠിക്കുന്നതിനുള്ള വിദഗ്ധ സമിതി അംഗങ്ങളുടെ റിപ്പോർട്ടിനെ കുറിച്ചുള്ള അവതരണമായിരുന്നു. എം.എൻ. റോയി, ഡോ.തോമസ്ഐസക്, നിർമ്മല ബുച്ച്, ഫിലിപ്പോസ് തോമസ്, ജോ മടിയൻ, എം.വി. റാവു എന്നിവരാണ്

**അധികാരവികേന്ദ്രീകരണത്തിനായുള്ള ഭരണഘടനാഭേദഗതി വന്നിട്ട് 20 വർഷം പൂർത്തിയായെങ്കിലും ഭേദഗതിയുടെ അന്തസത്ത ഉൾക്കൊള്ളാൻ ഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും ഇനിയും കഴിഞ്ഞിട്ടില്ലെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മണിശങ്കർ അയ്യർ കുറ്റപ്പെടുത്തി. അധികാരവികേന്ദ്രീകരണത്തോട് കേന്ദ്രീകൃത അധികാരം കൈയാളുന്നവരുടെ മനോഭാവത്തെയാണ് ഇതുസൂചിപ്പിക്കുന്നത്. അധികാരവികേന്ദ്രീകരണത്തിനുവേണ്ടി രാഷ്ട്രീയ നേതൃത്വം ഇച്ഛാശക്തി പ്രകടിപ്പിച്ചുവെങ്കിലും പല സംസ്ഥാനങ്ങളും മുഖംതിരിഞ്ഞു നിൽക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.**




*കേന്ദ്രാവിഷ്കൃതപദ്ധതികളെക്കുറിച്ചു കിലയിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിന്റെ സമാപനച്ചടങ്ങിൽ ചണ്ഡീഗഢിലെ കേന്ദ്ര ഗ്രാമീണ-വ്യവസായ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർ ജനറൽ പ്രൊഫ.എസ്.എസ്. ഗിൽ മുഖ്യപ്രഭാഷണം നടത്തുന്നു.*

അവതരണങ്ങൾ നടത്തിയത്. മുൻമന്ത്രി മണിശങ്കർ അയ്യരാണ് വിദഗ്ധസമിതിയുടെ ചെയർമാൻ. ഉച്ചതിരിഞ്ഞ് ഗ്രാമവികസനത്തിൽ പഞ്ചായത്തുകളുടെ പങ്കിനെക്കുറിച്ച് കേന്ദ്ര ഗ്രാമവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് സംസാരിച്ചു. തുടർന്ന് കർണാടക, പശ്ചിമബംഗാൾ, കേരള എന്നീ സംസ്ഥാനങ്ങളിലെ മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പുപദ്ധതിയെക്കുറിച്ചുള്ള പാനൽ ചർച്ചയായിരുന്നു. കെ.രാജു, ഡോ.എസ്.എസ്. മീനാക്ഷിസുന്ദരം, അശോക് കുമാർ എന്നിവർ പങ്കെടുത്തു.ഇന്ദിരാ ആവാസ് യോജനയുടെ അനുഭവങ്ങൾ കേരള, മധ്യപ്രദേശ്, ഒഡീഷ, ഛത്തീസ്ഗഡ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കുവച്ചു.

സെമിനാറിന്റെ രണ്ടാം ദിവസം തുടർനടപടികളെക്കുറിച്ച് കേന്ദ്രഗ്രാമവികസനവകുപ്പ് അഡീഷ്ണൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് സംസാരിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുന്നതിന് ഇതര സംസ്ഥാനങ്ങൾക്ക് വിദഗ്ദ്ധസഹായം നൽകുന്നതിനുള്ള സ്ഥാപനമായി കിലയെ പരിഗണിക്കണമെന്ന് സെമിനാർ ശുപാർശ ചെയ്ത വിവരം അദ്ദേഹമാണ് അറിയിച്ചത്. മൈസൂരിലെ അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനേയും ഇതിനായി പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. ടി.ആർ. രഘുനന്ദനൻ സംസാരിച്ചു. തുടർന്ന് ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പാനൽ ചർച്ചയായിരുന്നു. കേരളം, മധ്യപ്രദേശ്, തമിഴ്നാട് എന്നിവടങ്ങളിൽനിന്നുള്ള വിദഗ്ദ്ധർ സംബന്ധിച്ചു. ദേശീയഗ്രാമീണ ഉപജീവനമിഷൻ (എൻ.ആർ.എൽ.എം) ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ശാരദാമുരളീധരൻ, ഡോ.ജെ.ബി.രാജൻ, വേദ ആര്യ, ഡോ.മനോഹർജി.ഡോ. ജോയ് ഇലമോൻ, പ്രൊഫ. ടി.രഘവൻ, കുടുംബശ്രീയിലെ ടാനി തോമസ് എന്നിവർ സംസാരിച്ചു.

സമാപനച്ചടങ്ങിൽ ചണ്ഡീഗഢിലെ കേന്ദ്ര ഗ്രാമീണ-വ്യവസായ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർ ജനറൽ പ്രൊഫ.എസ്.എസ്. ഗിൽ മുഖ്യപ്രഭാഷണം നടത്തി. ഗ്രാമീണമേഖലയുടെ അവികസിതാവസ്ഥയ്ക്ക് മുഖ്യകാരണം ശക്തമായ പ്രാദേശികഭരണകൂടങ്ങൾ ഇല്ലാത്തതുകൊണ്ടാണെന്ന് ഗിൽ പറഞ്ഞു.വികസനത്തിന്റെ നേട്ടങ്ങൾ ഗ്രാമീണജനതയുടെ കൈകളിൽ എത്തിയാൽ മാത്രമേ സാമ്പത്തിക അസന്തുലാതാവസ്ഥയ്ക്ക് ചെറിയ അളവിലെങ്കിലും പരിഹാരം കാണാൻ കഴിയൂ. ഇതിനു രാഷ്ട്രീയ ഇച്ഛാശക്തിയുള്ള നേതൃത്വവും ഭരണാധികാരികളും ജനങ്ങളോട് പ്രതിബദ്ധതയുള്ള ഉദ്യോഗസ്ഥവൃന്ദവും അനിവാര്യമാണെന്നും ഗിൽ അഭിപ്രായപ്പെട്ടു. ഡോ.ജോർജ് മാത്യു അദ്ധ്യക്ഷനായിരുന്നു. ഡോ.സണ്ണി ജോർജ്, ഡോ. പീറ്റർ എം. രാജ് എന്നിവർ സംസാരിച്ചു. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള പഞ്ചായത്ത് - ഗ്രാമവികസന വകുപ്പ്സെക്രട്ടറിമാർ, പരിശീലനകേന്ദ്രങ്ങളിലെ പ്രതിനിധികൾ, സന്നദ്ധ സംഘടനകളിലെ പ്രതിനിധികൾ, ഈ മേഖലയിലെ വിദഗ്ധർ എന്നിവരാണ് സെമിനാറിൽ പങ്കെടുത്തത്.

*റിപ്പോർട്ട് - വി. സുരേന്ദ്രൻ, 'കില'*

പേജ് 9-ന്റെ തുടർച്ച

**ശ്രീലങ്കയിൽ നഗര ഭരണത്തിൽ മുനിസിപ്പൽ, അർബൻ കൗൺസിലുകൾ നിലനില്ക്കുമ്പോൾ ഗ്രാമങ്ങളിൽ ഗ്രാമ കൗൺസിലുകൾ പ്രവർത്തിക്കുന്നു. കൂടാതെ പ്രാദേശിക സഭകളുണ്ട്. പ്രാദേശിക ഭരണകൂടത്തിന് ലീഗൽ അധികാരങ്ങൾ നൽകിയിട്ടുണ്ടെന്നതാണ് മറ്റൊരു പ്രത്യേകത. കാലാവധി നാലു വർഷമാണ്. 1981 വരെ വാർഡ് അടിസ്ഥാനത്തിൽ മത്സരിച്ച് സ്ഥാനം നേടുന്ന രീതിയായിരുന്നു നിലനിന്നിരുന്നത്.**

പഞ്ചായത്തുകളിലെ പരിശോധനാധികാരമാണിത്. ഇതിനെ പ്രതിപക്ഷ കക്ഷികൾക്കുള്ള വലിയ അംഗീകാരമായി വിലയിരുത്തപ്പെടുന്നു. വർഷങ്ങളുടെ പാരമ്പര്യമുള്ള രാജസ്ഥാനിലെ പഞ്ചായത്തുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അധികാരമൊഴിച്ച് മറ്റ് അധികാരമൊന്നും നൽകിയിട്ടില്ല. ഉത്തരാഞ്ചലിലെ ഗ്രാമപഞ്ചായത്തിനുമേലുള്ള ന്യായപഞ്ചായത്തുകൾക്ക് സിവിൽ തർക്കങ്ങൾ പരിഹരിക്കാനുള്ള അധികാരമുണ്ട്.

## പ്രാദേശിക ഭരണം ഇതര രാജ്യങ്ങളിൽ

ഇന്ത്യയുടെ അയൽരാജ്യങ്ങളിലെല്ലാം വളരെ മുമ്പുതന്നെ പ്രാദേശിക ഭരണമെന്ന ആശയത്തിന് തുടക്കമിട്ടിരുന്നെങ്കിലും ഭരണരംഗത്ത് അസ്ഥിരതയും താഴെത്തട്ടിൽ അധികാരമെത്തിക്കുന്നതിന് വിഘാതമായി. എന്നാൽ പാക്കിസ്ഥാനിലെ സൈനീക ഭരണകൂടം നേരത്തെ നിലനിന്നിരുന്ന സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിച്ചതായി കാണാം. പോലീസ് അധികാരങ്ങൾ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് നല്കിയതാണ് അതിൽ പ്രധാനം. 33 ശതമാനം സീറ്റ് വനിതകൾക്കായി പ്രത്യേകം സംവരണം ചെയ്യാനും മറന്നില്ല. ഉയർന്ന സ്ഥാനങ്ങളിലേക്ക് അവർക്ക് മത്സരിക്കാനുള്ള അധികാരവും നൽകുകയുണ്ടായി. അവിടെ ത്രിതല സംവിധാനം കൗൺസിലുകൾ എന്ന പേരിലറിയപ്പെടുന്നു. ജില്ല, ഉപജില്ല, യൂണിയൻ എന്നിങ്ങനെയാണ് വിഭജനം. ജില്ലാ കൗൺസിൽ അദ്ധ്യക്ഷനെ നാസിം എന്നു വിളിക്കുന്നു. അദ്ദേഹമാണ് ജില്ലാ ഭരണാധികാരി. ഉദ്യോഗസ്ഥനായ ജില്ലാ കോ-ഓർഡിനേഷൻ ഓഫീസർ ഭരണകാര്യങ്ങളിൽ സഹായിക്കുന്നു. ജില്ലാ പോലീസ് ഉദ്യോഗസ്ഥന് നിർദ്ദേശങ്ങൾ നല്കാനുള്ള അധികാരവും നാസിമിൽ നിക്ഷിപ്തമാണ്. നഗര, ഗ്രാമ ഭരണത്തിന്റെ ഏകോപനമാണ് മുഖ്യമായും മദ്ധ്യ തലമായ ഉപജില്ലാ കൗൺസിലുകൾ ചെയ്യുന്നത്. പ്രാദേശിക വികസന കാര്യങ്ങളിൽ യൂണിയൻ കൗൺസിലും ശ്രദ്ധ ചെലുത്തുന്നു. ഓരോ ജില്ലയിലും ഓംബുഡ്സ്മാന്റെ സാന്നിദ്ധ്യം പ്രശ്നങ്ങളിൽ എളുപ്പം തീർപ്പു കല്പിക്കാൻ സഹായകമാണ്. ആകെ 21പേർ യൂണിയൻ കൗൺസിലിനെ പ്രതിനിധീകരിക്കുന്നു. ഏറ്റവും കൂടുതൽ വോട്ടുകിട്ടുന്ന എട്ടുപേർ മുസ്ലീം ജനറൽ വിഭാഗത്തിലും നാലു പേർ സ്ത്രീ സംവരണത്തിലും കൗൺസിൽ അംഗങ്ങളാകുന്നു. കൂടാതെ തൊഴിലാളികളിൽ നാല് പുരുഷൻ, രണ്ട് വനിതാ പ്രതിനിധികൾക്കുകൂടി പ്രാതിനിധ്യമുണ്ട്. ഒരു ഭരണാധികാരിയും (നാസിം) ഉപഭരണാധികാരിയും (നായിബ് നാസിം) കൂടി യൂണിയിൻ കൗൺസിലുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നു.എന്നാൽ, ഇന്ന് ഈ സംവിധാനം മരവിപ്പിച്ചിരിക്കയാണ്. തെരഞ്ഞെടുക്കപ്പെട്ട ദേശീയ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ പ്രാദേശിക ഭരണം ദുർബ്ബലമാകുന്നു.

ബംഗ്ലാദേശിലെ സ്വയംസഹായ സംഘങ്ങൾ പ്രാദേശിക സാമ്പത്തിക വികസനത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. ത്രിതല ഭരണ സംവിധാനങ്ങളായ ജില്ലാ പരിഷത്ത്, ഉപജില്ലാ പരിഷത്ത്, യൂണിയിൽ കൗൺസിൽ എന്നിവ ഈ പ്രവർത്തനങ്ങളെ സഹായിക്കുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾ വഴി വനിതകളുടെ തൊഴിലവസരങ്ങൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അടുത്ത നാളിൽ രൂപം കൊണ്ട 10,392 ഗ്രാമ സർക്കാരുകൾ വികേന്ദ്രീകരണത്തിന് നാലാമതൊരു തട്ടുകൂടി നൽകിയിരിക്കുന്നു. കോർപ്പറേഷന്റെയും മുനിസിപ്പാലിറ്റിയുടേയും കീഴിലാണ് നഗരഭരണം.

ശ്രീലങ്കയിൽ നഗര ഭരണത്തിൽ മുനിസിപ്പൽ, അർബൻ കൗൺസിലുകൾ നിലനില്ക്കുമ്പോൾ ഗ്രാമങ്ങളിൽ ഗ്രാമ കൗൺസിലുകൾ പ്രവർത്തിക്കുന്നു. കൂടാതെ പ്രാദേശിക സഭകളുണ്ട്. പ്രാദേശിക ഭരണകൂടത്തിന് ലീഗൽ അധികാരങ്ങൾ നൽകിയിട്ടുണ്ടെന്നതാണ് മറ്റൊരു പ്രത്യേകത. കാലാവധി നാലു വർഷമാണ്. 1981 വരെ വാർഡ് അടിസ്ഥാനത്തിൽ മത്സരിച്ച് സ്ഥാനം നേടുന്ന രീതിയായിരുന്നു നിലനിന്നിരുന്നത്. എന്നാൽ 1989-ലെ ആക്ട് പ്രകാരം പ്രാദേശികാംഗങ്ങളെ നേരിട്ട് തെരഞ്ഞെടുക്കുന്നതിനുപകരം മുൻഗണനാവോട്ടിന്റെ അടിസ്ഥാനത്തിൽ വിജയം പ്രഖ്യാപിക്കുന്ന രീതി നടപ്പിലായി. സ്ത്രീകൾക്ക് പ്രത്യേക സംവരണമൊന്നും നല്കിയിട്ടില്ല.

നേപ്പാളിൽ വാർഡു കമ്മിറ്റികളാണ് അടിസ്ഥാന ഘടകം. ഇവിടെ അഞ്ചു ജനപ്രതിനിധികളുണ്ട്.അതിലൊന്ന് വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു.വാർഡുകളിലെ ജനപ്രതിനിധികൾ ചേർന്നാണ് ഗ്രാമകൗൺസിൽ രൂപീകരിക്കുന്നത്. ഗ്രാമകൗൺസിൽ കൂടാതെ ഗ്രാമവികസന സമിതികളുമുണ്ട്. ജില്ലാതലത്തിൽ ജില്ലാ കൗൺസിലുകൾ നിലനില്ക്കുന്നു. കൂടാതെ ജില്ലാ വികസന സമിതികളും പ്രവർത്തിക്കുന്നു. യൂണിറ്റി ഭരണസമ്പ്രദായം നിലവിലുള്ള നേപ്പാളിൽ കേന്ദ്ര ഗവണ്മെന്റിൽ നിന്നും ജില്ലാ ഗ്രാമവികസന കമ്മിറ്റികൾക്ക് നേരിട്ട് വിഹിതം ലഭിക്കുന്നു. അവയ്ക്ക് ചില റവന്യൂ, നീതിന്യായ അധികാരങ്ങളും നൽകിയിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിലേയും ചില രാജ്യങ്ങളിലേയും അനുഭവങ്ങളാണ് മേൽക്കുറിച്ചിട്ടുള്ളത്. രാജ്യാന്തര സമ്മേളനം പ്രദാനം ചെയ്യുന്നത് ഇത്തരം അനുഭവങ്ങളുടെ പങ്കുവെക്കലാണ്. ഇതിനു വേണ്ടിവിവിധ ടെക്നിക്കൽ സെഷനുകൾ സമാന്തരമായി നടക്കും. പൊതുവേദിയിൽ വിദഗ്ധരുടെ നേതൃത്വത്തിൽ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് പാനൽ ചർച്ചകൾ ഉണ്ടാകും. നയരൂപീകരണത്തിനുതകുന്ന തരത്തിലുള്ള സംവാദങ്ങൾ സമ്മേളനത്തിന് മാറ്റു കൂട്ടും. കൂടാതെ പഠനപര്യടനങ്ങളും മാതൃകാ പ്രോജക്ട് വിശദീകരണവും, പ്രദർശനങ്ങളും സജ്ജമാക്കും. ചുരുക്കത്തിൽ അധികാര വികേന്ദ്രീകരണം കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകാനുള്ള കൂടുതലായ നിർദ്ദേശങ്ങൾ സമ്മേളനം മുന്നോട്ട് വെക്കും. ■

*ലേഖകൻ 'കില' ഡയറക്ടറാണ്.*



ഡോ. ജെ.ബി. രാജൻ

# ടൗൺ ഓഫ് കേരി



## ജനകേന്ദ്രീകൃത പ്രാദേശിക ഭരണത്തിനുദാഹരണം

അമേരിക്കയിലെ ഡ്യൂക്ക് യൂണിവേഴ്സിറ്റി സംഘടിപ്പിച്ച പ്രാദേശിക സർക്കാരുകളുടെ ധനമാനേജ്മെന്റ് എന്ന അന്താരാഷ്ട്ര കോഴ്സിന്റെ ഭാഗമായാണ് ലേഖകൻ ടൗൺ ഓഫ് കേരി (Town of Cary) സന്ദർശിച്ചത്. ഒരു പ്രാദേശിക സർക്കാരെന്ന നിലയിൽ ടൗൺ ഓഫ് കേരിയുടെ ജനകേന്ദ്രീകൃത കാഴ്ച്ചപ്പാടും ഗുണനിലവാരമുള്ള സേവനവും ഒറ്റപ്പെട്ട ഉദാഹരണമല്ല. ഇന്ത്യയിലെ പോലെതന്നെ അമേരിക്കയിലെയും പ്രാദേശിക സർക്കാരുകളുടെ അധികാരവും ചുമതലകളും വിവിധ സംസ്ഥാനങ്ങൾ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ സേവന ഗുണമേന്മയുടെ കാര്യത്തിൽ ഇവിടത്തെ പ്രാദേശിക സർക്കാർ പൊതുവേ വളരെ മെച്ചപ്പെട്ട നിലവാരമാണ് പുലർത്തുന്നത്. ജനസംതൃപ്തിയോടുകൂടിയ സേവന പ്രദാന സംവിധാനവും പ്രൊഫഷണലിസത്തോടെയുള്ള ഓഫീസ് മാനേജ്മെന്റും അമേരിക്കയിലെ പ്രാദേശിക സർക്കാരുകളിൽ പൊതുവെ പ്രകടമാണ്. ടൗൺ ഓഫ് കേരിയുടെ പ്രവർത്തനങ്ങളുടെ വിശദീകരണത്തിലൂടെ അമേരിക്കയിലെ പ്രാദേശിക സർക്കാരുകളുടെ സവിശേഷതകളിലേയ്ക്ക് വെളിച്ചം വീശുകയാണ് ലേഖനം.

**കൗൺസിൽ തെരഞ്ഞടുപ്പിൽ മത്സരിക്കുന്നവർക്ക് വ്യക്തിപരമായി രാഷ്ട്രീയമുണ്ടാകും. പക്ഷെ തെരഞ്ഞെടുപ്പുമായി രാഷ്ട്രീയം കൂട്ടികുഴക്കാറില്ല. വിവിധ പാനലുകളിൽ നിന്നും ഏറ്റവും കൂടുതൽ വോട്ടു നേടുന്നവർ തെരഞ്ഞടുക്കപ്പെടുക്കപ്പെടും.**



ടൗൺ ഓഫ് കേരി ഉൾക്കൊള്ളുന്ന നോർത്ത് കരോലിന സംസ്ഥാനത്തെ പ്രാദേശിക ഭരണ സംവിധാനത്തെ മൂന്നായി തരംതിരിക്കാം - കൗണ്ടി (County), മുനിസിപ്പാലിറ്റി/ടൗൺ (Municipality/ Town), സ്കൂൾ ഡിസ്ട്രിക്റ്റ് (School District). അമേരിക്കയിലെ ഉപ-സംസ്ഥാനങ്ങൾ എന്നറിയപ്പെടുന്ന കൗൺണ്ടി കേരളത്തിന്റെ ജില്ലാ പഞ്ചായത്തുകൾക്ക് സമാനമാണെന്ന് പറയാം. മുനിസിപ്പാലിറ്റി/ടൗൺ കേരളത്തിലെ മുനിസിപ്പാലിറ്റിക്ക് തുല്യമാണ്. അമേരിക്കയിലെ സംസ്ഥാന സർക്കാരുകളുടെ നിയമപ്രകാരം വിദ്യാഭ്യാസ കാര്യങ്ങളുടെ നിർവ്വഹണത്തിനായി മാത്രം തെരഞ്ഞെടുക്കപ്പെടുന്ന പ്രാദേശികഭരണ സംവിധാനമാണ് സ്കൂൾ ഡിസ്ട്രിക്റ്റ്.

ടൗൺ ഓഫ് കേരിയുടെ വിഷൻ സ്റ്റേറ്റ്മെന്റിൽ നിന്നും ജനകേന്ദ്രീകൃത കാഴ്ച്ചപ്പാട് വ്യക്തമാണ്. ഞങ്ങളുടെ ജനതയുടെ ജീവിതം സമ്പന്നമാക്കുന്നതിന് വേണ്ടിയുള്ള വിശേഷാൽ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും മികച്ച സേവനങ്ങൾ നൽകുന്നതിലൂടെയും അഭിവൃദ്ധിയും ഉന്നതിയും ഉള്ള ഒരു സമൂഹത്തെ പ്രാപ്തരാക്കുകയെന്നതാണ് ഓരോ ദിവസവും ഞങ്ങൾ ഊന്നൽ കൊടുക്കുന്നത്. വൃത്തിയും വെടിപ്പും കമ്പ്യൂട്ടർവൽകൃതവും ആയ ഓഫീസ് സമുച്ചയവും, മെച്ചപ്പട്ട പശ്ചാത്തല സൗകര്യങ്ങളും ടൗൺ ഓഫ് കോരിയുടെ സേവന പ്രദാന സംവിധാനത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നു.

ശ്മശാനങ്ങൾ, കേബിൾ ടെലിവിഷൻ, വൈദ്യുതി സംവിധാനം, ഗ്യാസ് സംവിധാനം, നടപ്പാതകൾ, തെരുവ് വിളക്കുകൾ, തെരുവുകൾ, ഗതാഗത സംവിധാനം എന്നിവയാണ് ടൗൺ ഓഫ് കേരിയുടെ പ്രധാന ചുമതലകൾ. ഈ ചുമതലകൾ നിറവേറ്റുന്നതിനായി അഡ്മിനിസ്ട്രേഷൻ, എഞ്ചിനീയറിംഗ്, ഫിനാൻസ്, ഫയർ, ഹ്യൂമൻ റിസോഴ്സ്, ഇൻസ്പെക്ഷൻസ്, പെർമിറ്റ്സ്, പാർക്ക്, കൾച്ചറൽ റിസോഴ്സ്, പ്ലാനിംഗ്, പോലീസ്, പബ്ലിക് വർക്ക്സ്, ടെക്നോളജി സർവ്വീസസ്, ടൗൺ ക്ലർക്ക് ഓഫീസ് എന്നീ വകുപ്പുകൾ




ലേഖകൻ കൗൺസിൽ അംഗങ്ങളോടൊപ്പം

പ്രവർത്തിക്കുന്നു. പൗരസേവനത്തിൽ കാര്യക്ഷമത, ഫലപ്രാപ്തി, തൊഴിൽ പരമായ ഉത്തരവാദിത്തം എന്നിവയാണ് ടൗൺ ഓഫ് കേരിയുടെ ഓഫീസ് പ്രവർത്തനത്തിന്റെ മുഖമുദ്ര.

ഏഴ് അംഗങ്ങളുള്ള ടൗൺ ഓഫ് കേരിയുടെ കൗൺസിൽ യോഗം 2 മാസത്തിലൊരിക്കൽ കൂടും. എന്നാൽ ടൗൺ മാനേജറുടെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ മാനേജ്മെന്റ് മീറ്റിംഗ് എല്ലാ തിങ്കളാഴ്ചയിലും കൂടി പ്രവർത്തനങ്ങൾ വിലയിരുത്തും. ദൈനംദിന കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നത് ടൗൺ മാനേജരാണ്. സ്ഥാപന മാനേജ്മെന്റ് രംഗത്ത് പ്രാവീണ്യമുള്ള വിദഗ്ധരെ ടൗൺ മാനേജരായി കൗൺസിൽ നിയമിക്കും. ടൗൺ മാനേജരുടെ നിയമനത്തിൽ രാഷ്ട്രീയ പരിഗണനയില്ല, യോഗ്യതയും പ്രാവീണ്യവുമാണ് മാനദണ്ഡം.

**ടൗൺ ഓഫ് കേരി ഉൾക്കൊള്ളുന്ന നോർത്ത് കരോലിന സംസ്ഥാനത്തെ പ്രാദേശിക ഭരണ സംവിധാനത്തെ മൂന്നായി തരംതിരിക്കാം – കൗണ്ടി (County), മുനിസിപ്പാലിറ്റി/ടൗൺ (Municipality/ Town), സ്കൂൾ ഡിസ്ട്രിക്റ്റ് (School District). അമേരിക്കയിലെ ഉപ–സംസ്ഥാനങ്ങൾ എന്നറിയപ്പെടുന്ന കൗണ്ടി കേരളത്തിന്റെ ജില്ലാ പഞ്ചായത്തുകൾക്ക് സമാനമാണെന്ന് പറയാം. മുനിസിപ്പാലിറ്റി/ടൗൺ കേരളത്തിലെ മുനിസിപ്പാലിറ്റിക്ക് തുല്യമാണ്.**




**ഏഴ് അംഗങ്ങളുള്ള ടൗൺ ഓഫ് കേരിയുടെ കൗൺസിൽ യോഗം 2 മാസത്തിലൊരിക്കൽ കൂടും.**



**പ്രോപ്പർട്ടി ടാക്സ്, സാനിറ്റേഷൻ ഫീസ്, യൂട്ടിലിറ്റി റേറ്റ്സ്, ബിൽഡിംഗ് പെർമിറ്റ് ഫീസ് എന്നീ തനത് വരുമാനങ്ങളാണ് പ്രധാന വരുമാന സ്രോതസ്സുകൾ.**

**സേവനപ്രദാനം സംബന്ധിച്ച് ജനങ്ങൾക്ക് പരാതിയോ നിർദ്ദേശമൊ നൽകാനുള്ള സംവിധാനവുമുണ്ട്. വിവിധ വിഭാഗം വകുപ്പ് ഉദ്യോഗസ്ഥരോട് നേരിട്ടോ, ഇ–മെയിൽ വഴിയോ രണ്ട് മാസത്തിലൊരിക്കൽ കൂടുന്ന കൗൺസിൽ യോഗത്തിൽ പങ്കെടുത്ത് കൊണ്ടോ പരാതികളും നിർദ്ദേശങ്ങളും നൽകാനുള്ള സംവിധാനമുണ്ട്. ന്യൂസ് ബുള്ളറ്റിൻ, കേരി ടിവി, വെബ്സൈറ്റ്, പരിപാടികൾ സംബന്ധിച്ച വാർഷിക കലണ്ടർ, സോഷ്യൽ മീഡിയ, പൊതുനോട്ടീസുകൾ, ബ്രോഷറുകൾ എന്നീ മാധ്യമങ്ങളിലൂടെ ടൗൺ ഓഫ് കേരിയുടെ പ്രവർത്തന വിവരങ്ങൾ ജനങ്ങളെ അറിയിക്കാറുണ്ട്.**

കൗൺസിൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നവർക്ക് വ്യക്തിപരമായി രാഷ്ട്രീയമുണ്ടാകും. പക്ഷെ തെരഞ്ഞെടുപ്പുമായി രാഷ്ട്രീയം കൂട്ടികുഴക്കാറില്ല. വിവിധ പാനലുകളിൽ നിന്നും ഏറ്റവും കൂടുതൽ വോട്ടു നേടുന്നവർ തെരഞ്ഞെടുക്കപ്പെടും. ജനസേവന വിഷയങ്ങളിൽ ഭരണ–പ്രതിപക്ഷ ഭേദമില്ലാതെയുള്ള കൂട്ടായ തീരുമാനം ശ്രദ്ധേയമാണ്. അഭിപ്രായ ഭിന്നതകൾ ഉള്ള വിഷയങ്ങളിൽ പോലും ജനനന്മ മാനിച്ച് പ്രതിപക്ഷം സഹകരിക്കാറുമുണ്ട്. ടൗൺ ഓഫ് കേരിയുടെ ബജറ്റ് പാസ്സാക്കുന്നതിന് മുമ്പ് അത് പൊതുജനങ്ങൾക്ക് മുമ്പ് അവതരിപ്പിക്കും. ബജറ്റ് സെഷനിൽ പങ്കെടുക്കുന്നതിന് പൊതുജനങ്ങൾക്ക് വേണ്ടി കൗൺസിൽ ഹാളിൽ പ്രത്യേക ഇരിപ്പിടം സജ്ജീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് അഭിപ്രായം പറയുവാൻ പ്രത്യേക വേദിയും ഒരുക്കിയിട്ടുണ്ട്. ജനങ്ങളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാണ് ബജറ്റ് അന്തിമമാക്കുന്നത്.

സേവനപ്രദാനം സംബന്ധിച്ച് ജനങ്ങൾക്ക് പരാതിയോ നിർദ്ദേശമൊ നൽകാനുള്ള സംവിധാനവുമുണ്ട്. വിവിധ വിഭാഗം വകുപ്പ് ഉദ്യോഗസ്ഥരോട് നേരിട്ടോ, ഇ–മെയിൽ വഴിയോ രണ്ട് മാസത്തിലൊരിക്കൽ കൂടുന്ന കൗൺസിൽ യോഗത്തിൽ പങ്കെടുത്ത് കൊണ്ടോ പരാതികളും നിർദ്ദേശങ്ങളും നൽകാനുള്ള സംവിധാനമുണ്ട്. ന്യൂസ് ബുള്ളറ്റിൻ, കേരി ടിവി, വെബ്സൈറ്റ്, പരിപാടികൾ സംബന്ധിച്ച വാർഷിക കലണ്ടർ, സോഷ്യൽ മീഡിയ, പൊതുനോട്ടീസുകൾ, ബ്രോഷറുകൾ എന്നീ മാധ്യമങ്ങളിലൂടെ ടൗൺ ഓഫ് കേരിയുടെ പ്രവർത്തന വിവരങ്ങൾ ജനങ്ങളെ അറിയിക്കാറുണ്ട്. കൗൺസിൽ യോഗം വെബ്സൈറ്റിലൂടെയോ കേരി ടിവിയിലൂടെയൊ തത്സമയം വീക്ഷിക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇവയിലൂടെ ഭരണ സുതാര്യത ഉറപ്പുവരുത്തുകയാണ് ലക്ഷ്യം.

ഭരണ ഫലവത്തത ഉറപ്പുവരുത്തുന്നതിന് ടൗൺ ഓഫ് കേരിയുടെ പ്രവർത്തനങ്ങളിൽ പൗരസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. പൗരസമൂഹത്തിൽ നിന്നും വോളണ്ടിയർമാരെ കണ്ടെത്തി (Citizens Volunteer) അവരുടെ വൈദഗ്ധ്യം വിവിധ വികസന പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നു. കുടിവെള്ളം, ഖരമാലിന്യ സംസ്ക്കരണം, പോലീസും അഗ്നിശമനവും, കെട്ടിട പരിശോധന, ആസൂത്രണം എന്നീ മേഖലകളിലേക്കാണ് പ്രധാനമായും വോളണ്ടിയർമാരുടെ സേവനം പ്രയോജനപ്പെടുന്നത്.

പ്രോപ്പർട്ടി ടാക്സ്, സാനിറ്റേഷൻ ഫീസ്, യൂട്ടിലിറ്റി റേറ്റ്സ്, ബിൽഡിംഗ് പെർമിറ്റ് ഫീസ് എന്നീ തനത് വരുമാനങ്ങളാണ് പ്രധാന വരുമാന സ്രോതസ്സുകൾ. സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി വിഹിതം തുലോം കുറവാണ് ഏകദേശം 10%. എന്നാൽ തനത് വരുമാനം പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണ്. തനത് വരുമാനം 100 ശതമാനവും പിരിച്ചെടുക്കുന്നുണ്ട്. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിലൂടെയാണ് ഇത് സാധ്യമാകുന്നത്. കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിലൂടെയും മൂലധനം സമാഹരിക്കാറുണ്ട്. ചെലവിന്റെ ഏറിയ പങ്കും പൊതു സേവന മേഖലകളിലാണ് വിനിയോഗിക്കുന്നത്. കുടിവെള്ളം, മാലിന്യ സംസ്ക്കരണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ സ്തുത്യർഹമായ സേവനം കാഴ്ച വെക്കുവാൻ ടൗൺ ഓഫ് കേരിക്ക് കഴിയുന്നുണ്ട്. ഈ മേഖലയിൽ സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കാനും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ■

*ലേഖകൻ "കില"യിലെ അസി: പ്രൊഫസറാണ്.*

# വാർത്തകളും വിശേഷങ്ങളും

## അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ കാർഷിക വിളകൾ സംരക്ഷിക്കുന്നതിന് ഇലക്ട്രിക് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് അനുമതി

അട്ടപ്പാടി മേഖലയിലെ അഗളി, പുതൂർ, ഷോളയൂർ ഗ്രാമപഞ്ചായത്തുകളിലെ കർഷകരായ ആദിവാസികളുടെ കാർഷിക വിളകളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് മെക്ര (ഇലക്ട്രിക് ഫെൻസിംഗ്) സ്ഥാപിക്കാനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ(സാധാ)നം. 2395/2013/തസ്വഭവ തീയതി: 27.09.2013

## പദ്ധതി രൂപീകരണം സംസ്ഥാനതല അപ്പീൽ കമ്മിറ്റിയുടെ പ്രവർത്തനം – നിർദ്ദേശം പുറപ്പെടുവിച്ചു.

ജില്ലാ പഞ്ചായത്തിന്റെയും കോർപ്പറേഷന്റേയും വെറ്റിംഗ് ഓഫീസർമാർ നിരസിക്കുന്ന പ്രോജക്ടുകളും ജില്ലാതല അപ്പീൽ കമ്മിറ്റികൾ നിരസിക്കുന്ന പ്രോജക്ടുകളുമാണ് 14.05.2013ലെ 174/13/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പദ്ധതി രൂപീകരണ നടപടികളുമായി ബന്ധപ്പെട്ട സംസ്ഥാനതല അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ടത്. പ്രോജക്ട് നിരസിക്കുന്ന ഉദ്യോഗസ്ഥന്മാരും കമ്മിറ്റികളും അതിനുള്ള കൃത്യമായ കാരണം പ്രോജക്ടിൽ നിർദ്ദിഷ്ട സ്ഥാനത്ത് ചുരുക്കത്തിൽ രേഖപ്പെടുത്തേണ്ടതാണെന്നും, മാർഗ്ഗരേഖയ്ക്ക് വിരുദ്ധം, അപ്രായോഗികം, എന്നിങ്ങനെ പൊതുവായ കാരണങ്ങൾ രേഖപ്പെടുത്താൻ പാടില്ലായെന്നും ഇത്തരം പ്രോജക്ടുകൾ സമർപ്പിക്കുന്നതിനുള്ള കാരണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വ്യക്തമാക്കേണ്ടതാണെന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. നം. 57233/ഡിഎ1/2013/തസ്വഭവ തീയതി: 30.09.2013

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് കാർഷിക യന്ത്രങ്ങളും സാമഗ്രികളും കെയ്കോവിൽ നിന്നും വാങ്ങാം

കെയ്കോ സർക്കാർ സ്ഥാപനമായതിനാൽ 30.03.13 ലെ സ.ഉ(എം.എസ്)133/13/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം മേൽ സ്ഥാപനത്തിന്റെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. സർക്കാർ കത്ത് നം. 5032/ഡി എ1/12/തസ്വഭവ തീയതി: 01.10.2013

## കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിക്കണം

കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സങ്കേതം സോഫ്റ്റ് വെയർ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും വിന്യസിച്ച് നടപ്പാക്കണമെന്ന നിർദ്ദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ട പരിശീലനം ഇൻഫർമേഷൻ കേരള മിഷൻ നൽകണമെന്നു ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ (സാധാ)നം. 2465/2013/തസ്വഭവ തീയതി 04.02.2013

## സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണം മിനിമം ഗ്യാരന്റി ഉറപ്പു വരുത്തൽ– നിർദ്ദേശം പുറപ്പെടുവിച്ചു.

സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവൃത്തി കഴിഞ്ഞ് റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ അതേ കരാറുകാരന്റെ ചെലവിൽ തന്നെ കേടുപാടുകൾ തീർക്കുന്നതിനുള്ള പണികൾ ചെയ്യേണ്ടതാണ്. കരാറുകാരൻ വിസമ്മതം പ്രകടിപ്പിക്കുകയാണെങ്കിൽ ടിയാനെ കരിംപട്ടികയിൽ ഉൾപ്പെടുത്തി ഭാവിയിൽ കരാറുപണിയിൽ നിന്നും മാറ്റി നിർത്തണം. ഇത്തരത്തിലുള്ള നിർമ്മാണ വൈകല്യത്തിന് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യവും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും കർശന നടപടികൾ അവർക്കെതിരെ സ്വീകരിക്കണം. ഭാവിയിൽ റോഡു പണികളുമായി ബന്ധപ്പെട്ട എല്ലാ കരാറുകളിലും പെർഫോർമൻസ് ഗ്യാരന്റി ഉറപ്പ് വരുത്തുവാൻ ആവശ്യമായ നിബന്ധനകൾ കരാറുകളിൽ തന്നെ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 54044/ഡിസി3/2013/തസ്വഭവ തീയതി: 09.09.2013

## പഞ്ചായത്ത് ഡയറക്ടറേറ്റിലെ വിവരാവകാശ സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ അപ്പലേറ്റ് അതോറിറ്റി എന്നിവ സംബന്ധിച്ച വിവരങ്ങൾ


| ക്രമനം | സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ | പേര് | ഔദ്യോഗിക പേര് | ഫോൺ നം |
|---|---|---|---|---|
| 1 | SPIO I | സി.എൻ ബാബു | ജോയിന്റ് ഡയറക്ടർ (ഭരണം) | 9496040602 |
| 2 | SPIO II | എ.സെയിദ് | ജോയിന്റ് ഡയറക്ടർ (വികസനം) | 9496040603 |
| 3. | SPIO III | ഇ.എം.നജീബ് | സ്റ്റേറ്റ് ഫിനാൻസ് ഓഫീസർ | 9496040606 |
| 4. | SPIO IV | എസ്.നൂഹു | ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ (ജനന മരണ രജിസ്ട്രേഷൻ) | 9496040605 |
| 5. | SPIO V | എം.എഫ്. അബ്ദുൾ ജവാദ് | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 9496040608 |
| 6. | SPIO VI | ബി. സുദർശനൻ | അക്കൗണ്ട്സ് ഓഫീസർ | 9496040604 |


**അപ്പലേറ്റ് അതോറിറ്റി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ** **ഫോൺ നം: 0471 2321350**

വിവരാവകാശ അപേക്ഷകർക്ക് മറുപടി നൽകുമ്പോൾ വിവരാവകാശ നിയമത്തിൽ നിഷ്ക്കർഷിച്ചിരിക്കുന്നതുപോലെ അപ്പീൽ അധികാരിയുടെ വിശദമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by Mithra.T. IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.




ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**

**PANCHAYATRAJ** (Monthly) October 2013
Annual Subscription ₹120/-, Published on October 20th 2013
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14


www.ammini.com

ammini
partnering with tomorrow

ഊർജ്ജസംരക്ഷണത്തിന്റെ വിജയഗാഥയുമായി

BIS CERTIFIED

ലൈട്രോൺ
CFL വഴിവിളക്കുകൾ



11W | 22W | 36W | 72W

LEDtron

LED വഴിവിളക്കുകൾ



12W | 18W | 24W | 36W | 48W | 72W | 96W

അമ്മിണി എനർജി സിസ്റ്റംസ്

*Special packages for*
*LOCAL BODY PROJECTS*

കൂടുതൽ വിവരങ്ങൾക്ക്:

*1800 300 00600 (Toll Free)*
*0471-3060200 (Call Centre)*

The brightest range of
Solar & Energy Conservation
Lighting Products

- സോളാർ ഹോം ലൈററിംഗ് സിസ്ററം
- സോളാർ സ്ട്രീററ് ലൈററിംഗ് സിസ്ററം
- സോളാർ ലാന്റേൺ (MNRE Approved)
- സോളാർ പവർ പ്ലാന്റുകൾ (With 30% MNRE Subsidy)

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
18 വർഷത്തെ
സേവന പാരമ്പര്യം

അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം – 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com

STQC Certification QMS
MGMT. SYS. RvA C 286
ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE1B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

SIDCO
REGISTERED

CONTACT : 1800 300 00 600 (TOLL FREE)

Printed & Published by Mithra.T. IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS